ദീപനാളം
സത്യപ്രകാശമേ നയിച്ചാലും
ESTD-1968
കലാസാംസ്കാരിക ദേശീയവാരിക
2021 മാർച്ച് 25 | ദീപം 54 | നാളം 4 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# വടം വലിക്കുന്ന മുന്നണികൾ

# കേരളം തിരയുന്നതാരെ?



ജോർജ് കള്ളിവയലിൽ

നിയമസഭാതിരഞ്ഞെടുപ്പിനു കളം മുറുകി. പോളിങ് ബൂത്തിലേക്കു പോകാൻ മൂന്നാഴ്ച മാത്രം. മൂന്നു മുന്നണികളുടെയും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതോടെ കേരളത്തിൽ പതിവില്ലാത്ത വീറും വാശിയും പ്രകടമാണ്. പതിവുപോലെ വൈകിയെത്തിയ കോൺഗ്രസ് സ്ഥാനാർത്ഥിപ്പട്ടികയിൽ സ്ഥാനം കിട്ടാത്തവർ പലയിടത്തും പരസ്യപ്രതിഷേധങ്ങളിലാണ്.

എൽഡിഎഫിലും ഇക്കുറി മുമ്പു കാണാത്ത പരസ്യപ്രതിഷേധങ്ങൾ പലയിടത്തും ഉണ്ടായി. ബിജെപിയിലാകട്ടെ ഒന്നിലേറെ സ്ഥാനാർത്ഥികളാണു മൽസരത്തിൽനിന്നുതന്നെ പിന്മാറി പാർട്ടിക്കു നാണക്കേടു സൃഷ്ടിച്ചത്. ചുരുക്കത്തിൽ സിപിഎം, കോൺഗ്രസ്, ബിജെപി അടക്കമുള്ള പ്രധാന പാർട്ടികളിലും ചെറുകക്ഷികളിലും തർക്കങ്ങൾക്കും ആരോപണ, പ്രത്യാരോപണങ്ങൾക്കും കുറവില്ല. മുന്നണികളിലും പാർട്ടികളിലും മണ്ഡലങ്ങളിലുമെല്ലാം പലവിധ തർക്കങ്ങളും വടംവലികളും പുതുമയല്ലെങ്കിലും ഇക്കുറി കൂടുതലാണ്.

സംസ്ഥാനത്തിന്റെ വികസനം, സാമ്പത്തികവളർച്ച, പാവപ്പെട്ടവരും തൊഴിലാളികളും അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ, തൊഴിലില്ലായ്മ, കാർഷികമേഖല നേരിടുന്ന കടുത്ത പ്രതിസന്ധി, ചെറുകിട - ഇടത്തരം - പരമ്പരാഗത ബിസിനസുകാർ, വ്യവസായികൾ തുടങ്ങിയവരുടെ പ്രശ്നങ്ങൾ, പെട്രോൾ - ഡീസൽ - പാചകവാതക വില അടക്കമുള്ള വിലവർധന, പൊതുമേഖലകളെ വിറ്റുതുലയ്ക്കൽ തുടങ്ങിയവയും സംസ്ഥാനത്തു വളർന്നുവരുന്ന തീവ്രവാദം, വർഗീയത തുടങ്ങി ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പക്ഷേ, വേണ്ടത്ര ചർച്ചയാകുന്നില്ല. നിയമസഭാതിരഞ്ഞെടുപ്പിൽ അതുതന്നെയാണു വോട്ടർമാരെ കൂടുതൽ അലട്ടുക.

## ശ്രദ്ധേയമായി പാലാ, നേമം...

പാലാ, നേമം, ഏറ്റുമാനൂർ തുടങ്ങിയ മണ്ഡലങ്ങളിലേക്കാണു സംസ്ഥാനമാകെ ഉറ്റുനോക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാന പ്രസ്റ്റീജ് പോരാട്ടം നടക്കുന്ന മണ്ഡലങ്ങളിൽ പാലാ ഉണ്ടെന്നതിൽ പാലാക്കാർക്ക് അഭിമാനിക്കാം. എൽഡിഎഫ് സ്ഥാനാർത്ഥിയായി ജോസ് കെ. മാണിയും യുഡിഎഫ് സ്ഥാനാർത്ഥിയായി മാണി സി. കാപ്പനും പത്രിക നൽകി പ്രചാരണത്തിൽ സജീവമായി. ജയസാധ്യത കുറവെങ്കിലും പാലായിലെ ബിജെപി സ്ഥാനാർത്ഥിയെക്കൂടി പ്രഖ്യാപിച്ചതോടെ മത്സരത്തിന്റെ ചൂടു കൂടും.

അഞ്ചു പതിറ്റാണ്ടിലേറെ പാലായുടെ ജനപ്രതിനിധിയും കേരളം കണ്ട ഏറ്റവും പ്രഗല്ഭനായ മന്ത്രിയുമായിരുന്ന കെ.എം. മാണിയുടെ മണ്ഡലമെന്ന നിലയിൽ എക്കാലവും പാലാ സംസ്ഥാനത്തെ സ്റ്റാർ പദവിയിലായിരുന്നു. മാണിസാറിന്റെ വേർപാടിലും പാലായുടെ താരപദവിക്കു മങ്ങലില്ല. ഇതേവരെ എൽഡിഎഫിലായിരുന്ന മാണി സി. കാപ്പൻ യുഡിഎഫിലും യുഡിഎഫിലായിരുന്ന ജോസ് കെ. മാണി എൽഡിഎഫിലുമാണു മൽസരിക്കുകയെന്നതാണ് ഇക്കുറി പാലായെ വ്യത്യസ്തമാക്കുന്നത്.

കേരള കോൺഗ്രസ് - എമ്മിലെ പിളർപ്പും എൻസിപിയിലെ പിളർപ്പും ഇതിനിടെ നാം കണ്ടു. എൻസിപി ദേശീയ, സംസ്ഥാനനേതൃത്വത്തെ കൂടെനിർത്താൻ കഴിഞ്ഞില്ലെങ്കിലും എൻസികെ എന്ന സ്വന്തം പാർട്ടിയെ യുഡിഎഫിൽ അംഗീകരിപ്പിക്കാൻ കാപ്പനു കഴിഞ്ഞു. കേരള കോൺഗ്രസ് -എം എന്ന പേരും രണ്ടില ചിഹ്നവും സ്വന്തമാക്കിയതു ജോസ് കെ. മാണിക്കു നേട്ടമായി.

## ആരാകും പാലായുടെ മന്ത്രി?

രണ്ടില ചിഹ്നം ജോസ് കെ. മാണി നേതൃത്വം നൽകുന്ന വിഭാഗത്തിന് അനുവദിച്ച കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷന്റെ തീർപ്പു ശരിവച്ച കേരള ഹൈക്കോടതിയുടെ വിധിയെ ചോദ്യം ചെയ്തു പി.ജെ. ജോസഫ് വിഭാഗം നൽകിയ ഹർജിയിൽ നോട്ടീസ് അയയ്ക്കാൻപോലും തയ്യാറാകാതെ സുപ്രീംകോടതിയും തള്ളിയതോടെ ഇക്കാര്യത്തിൽ ഇനി കാര്യമായ നിയമപോരാട്ടത്തിനു സാധ്യതകൾ അടയുകയാണ്.

സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എസ്.എ. ബോബ്ഡെയുടെ അധ്യക്ഷതയിലുള്ള ഡിവിഷൻ ബെഞ്ചാണ് ജോസഫ് വിഭാഗത്തിന്റെ ഹർജി തള്ളിയത്. നേരത്തേ കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും ശരിവച്ച തീരുമാനം തിരഞ്ഞെടുപ്പിനായി പത്രിക നൽകിയ ദിവസം സുപ്രീംകോടതിയും അംഗീകരിച്ചത് ജോസ് കെ. മാണിക്കും കേരള കോൺഗ്രസ് - എമ്മിനും ശുഭവാർത്തയായി.

കേരള കോൺഗ്രസ്-എം പാർട്ടിയും രണ്ടില ചിഹ്നവും സ്വന്തമാക്കിയതിനു പുറമേ എൽഡിഎഫിൽ 13 സീറ്റുകൾ നേടിയെടുക്കാനായതും ജോസിന് ഇരട്ടിമധുരമായി. സിപിഎമ്മിനു മേധാവിത്വമുള്ള കുറ്റ്യാടി സീറ്റ് ജോസ് കെ. മാണി വിട്ടുകൊടുത്തത് എൽഡിഎഫിന്റെ കെട്ടുറപ്പിനു സഹായകമാകും.

മറ്റു പല മണ്ഡലങ്ങളെയും അപേക്ഷിച്ചു വികസനപ്രവർത്തനങ്ങളും കാർഷികപ്രശ്നങ്ങളും പാലായിൽ ചർച്ചാവിഷയമാകുന്നുവെന്നതു ശുഭകരമാണ്. ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ, കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തിയും മികവുമുള്ള നേതാവിനെയും മുന്നണിയെയും ജനം തിരഞ്ഞെടുക്കുമെന്നതിലും സംശയമില്ല. പാലായുടെ ദീപംപോലെ തിളങ്ങി നിന്നിരുന്ന മാണിസാറിന്റെ മാതൃകയാകട്ടെ അടുത്ത ജനപ്രതിനിധിയെയും നയിക്കുകയെന്ന് ആശിക്കാം.

അഞ്ചു പതിറ്റാണ്ടിലേറെ പാലായുടെ മാണിക്യമായിരുന്ന കേരള കോൺഗ്രസ് നേതാവ് കെ.എം. മാണിയുടെ മണ്ഡലം തിരിച്ചുപിടിക്കാൻ ജോസ് കെ. മാണിക്കു കഴിയുമെങ്കിൽ അതു ചരിത്രമാകും. മാണിസാറിന്റെ മരണത്തെത്തുടർന്നു നടന്ന ഉപതിരഞ്ഞെടുപ്പിലെ നാലാം അങ്കത്തിൽ വിജയിച്ചു പാലാ പിടിച്ച മാണി സി. കാപ്പനും ജയത്തിൽ കുറഞ്ഞതൊന്നും ചിന്തിക്കാനാകില്ല. പ്രബുദ്ധരായ പാലായിലെ വോട്ടർമാരുടെ മനമറിയാൻ മേയ് രണ്ടുവരെ കാത്തിരിക്കേണ്ടിവരും. അടുത്ത മന്ത്രിസഭ ആരുടെതായാലും പാലായുടെ എംഎൽഎ മന്ത്രിയാകുമെന്ന് ഏതാണ്ടുറപ്പിക്കാം.

## പ്രശ്നമണ്ഡലങ്ങളേറെ

മുതിർന്ന കോൺഗ്രസ് നേതാവും വടകര എംപിയുമായ കെ. മുരളീധരൻ യുഡിഎഫ് സ്ഥാനാർത്ഥിയായി പോർക്കളത്തിലിറങ്ങിയതോടെ നേമം കൂടുതൽ ശ്രദ്ധ നേടി. എൽഡിഎഫിന്റെ വി. ശിവൻകുട്ടിയും എൻഡിഎയുടെ കുമ്മനം രാജശേഖരനും ശക്തരായതിനാൽ സംസ്ഥാനത്തെ ബിജെപിയുടെ ഏക സിറ്റിംഗ് സീറ്റിൽ തീപാറുന്ന മത്സരമാകും നടക്കുക. മുഖ്യമന്ത്രി പിണറായി വിജയൻ മത്സരിക്കുന്ന ധർമടവും മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പുതുപ്പള്ളിയും പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ ഹരിപ്പാടും പോലും നേടാത്ത വാർത്താപ്രാധാന്യമാണ് നേമവും ഏറ്റുമാനൂരും ഇരിക്കൂറും നേടിയത്.

ഏറ്റുമാനൂരിൽ ലതിക സുഭാഷ് ഉയർത്തിയ വെല്ലുവിളിക്കു പുറമേ ഇരിക്കൂറിലും കെപിസിസി ജനറൽ സെക്രട്ടറി സോണി സെബാസ്റ്റ്യനും കൂട്ടരും കോൺഗ്രസിലെ പദവികൾ രാജിവച്ചു വിമതനീക്കത്തിലാണ്. കല്പറ്റ, കളമശേരി, കുറ്റ്യാടി, തൃപ്പൂണിത്തുറ, പിറവം, നിലമ്പൂർ, പട്ടാമ്പി, കുണ്ടറ, തവനൂർ, വട്ടിയൂർക്കാവ് അടക്കം രണ്ടു ഡസനിലേറെ മണ്ഡലങ്ങളും പലവിധ തർക്കങ്ങൾകൊണ്ടു ശ്രദ്ധേയമാണ്.

▶ 12



# മുറിവേറ്റവരുടെ മനമറിഞ്ഞ് മഹായിടയൻ



തോമസ് കുഴിഞ്ഞാലിൽ

“നിങ്ങളെ ദ്രോഹിച്ചവരോട് ഹൃദയപൂർവം ക്ഷമിക്കുക. ക്ഷമയാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ മുഖമുദ്ര. പഴയ കാലത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് എളുപ്പമല്ലെന്നറിയാം. എങ്കിലും, നിരാശരാകേണ്ടതില്ല, പ്രത്യാശയോടെ കാത്തിരുന്നാൽ മാത്രം മതി. ധൈര്യമായിരിക്കുക, സർവശക്തനായ ദൈവം നിങ്ങളെ സംരക്ഷിക്കും.”

ആഭ്യന്തരകലഹങ്ങളും വൈദേശികാധിനിവേശവും ന്യൂനപക്ഷവംശഹത്യയും തകർത്തുകളഞ്ഞ ഇറാക്കിലെ വിവിധ ക്രൈസ്തവവിഭാഗങ്ങൾക്ക് ആഗോളകത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് മാർപാപ്പാ സമാശ്വാസവും ധൈര്യവും പകർന്നുനല്കുകയായിരുന്നു. രാജ്യത്തിന്റെ തെക്കുള്ള അൽനജഫ് മുതൽ വടക്കേയറ്റത്തുള്ള നിനവേവരെ സഞ്ചരിക്കുന്നതിനിടയിൽ, ഐ.എസ്. ഭീകരരുടെ ആക്രമണങ്ങൾക്കിരയായ ക്രൈസ്തവസഹോദരങ്ങളുടെ കദനകഥകൾ നേരിട്ടു ശ്രവിക്കുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനും പരിശുദ്ധ ഫ്രാൻസിസ് പാപ്പാ സമയം കണ്ടെത്തി.

“സംസ്കാരങ്ങളുടെ പിള്ളത്തൊട്ടിലായ ഈ രാജ്യത്ത് കഴിഞ്ഞ നാളുകളിൽ അരങ്ങേറിയ കാടത്തം അങ്ങേയറ്റം അപലപനീയമാണ്. ക്രൈസ്തവമതം ആദ്യമെത്തിയ രാജ്യങ്ങളിലൊന്നാണിത്. ഇവിടത്തെ പുരാതന ദൈവാലയങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു. മുസ്ലീങ്ങളും യസീദികളും ക്രൈസ്തവരും ക്രൂരമായി പീഡിപ്പിക്കപ്പെടുകയോ വധിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്തു. മറ്റു മതങ്ങളിലുള്ളവരെ വേറിട്ടുകാണുന്നത് സമാധാനത്തിനു വിരുദ്ധമാണ്. മതത്തിന്റെ പേരിൽ നടക്കുന്ന അതിക്രമങ്ങൾ ഏറ്റവും വലിയ ദൈവനിഷേധമാണ്. ദൈവത്തെ പൂർണഹൃദയത്തോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടി സ്നേഹിക്കുകയും അയൽക്കാരനെ ചേർത്തുപിടിക്കുകയുമാണ് പ്രധാനം. അബ്രാഹത്തിന്റെ മക്കളായ നാമെല്ലാവരും ലോകസമാധാനത്തിനായി ഐക്യത്തോടെ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്.” ഇറാക്ക് സന്ദർശനത്തിന്റെ രണ്ടാം ദിവസം, പൂർവപിതാവായ അബ്രാഹത്തിന്റെ ജന്മനാടായ ഊർ പട്ടണത്തിൽ വിളിച്ചുചേർത്ത സർവമതസമ്മേളനത്തിൽ ഫ്രാൻസിസ് മാർപാപ്പാ നൽകിയ ആഹ്വാനമാണിത്.

“വിദ്വേഷം, തീവ്രവാദം, അക്രമം എന്നിവ ഒരു യഥാർത്ഥ വിശ്വാസിയുടെ ഹൃദയത്തിൽ ജനിക്കുകയില്ല. വിദ്വേഷവും വിഭാഗീയതയും മാറ്റിവച്ച് സമാധാനത്തിനായി നിലകൊള്ളേണ്ട സമയമാണിത്. സഹോദരഹത്യയെക്കാൾ സഹോദരസ്നേഹവും വിദ്വേഷത്തെക്കാൾ പ്രത്യാശയും യുദ്ധത്തെക്കാൾ സമാധാനവുമാണ് ശ്രേഷ്ഠവും മഹത്തരവും. ക്രൈസ്തവർക്കൊപ്പം ഇസ്ലാമികഭീകരരുടെ പിടിയിലകപ്പെട്ട യസീദികൾക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു.” മാർപാപ്പാ കൂട്ടിച്ചേർത്തു. മതാന്തര സംവാദങ്ങൾക്കു തുടക്കമിടുന്നതിനും സഹോദരസ്നേഹം ഊട്ടിയുറപ്പിക്കുന്നതിനും മധ്യപൂർവേഷ്യയിൽ സമാധാനവും ശാന്തിയും കൈവരുത്തുന്നതിനും ഫ്രാൻസീസ് മാർപാപ്പായുടെ അപ്പസ്തോലികസന്ദർശനം ഉപകരിക്കുമെന്നാണ് രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തിയത്.

**സംസ്കാരങ്ങളുടെ പിള്ളത്തൊട്ടിൽ.**

സഹസ്രാബ്ദങ്ങളുടെ പാരമ്പര്യം പേറുന്ന മണ്ണിൽനിന്നാണ് താൻ സംസാരിക്കുന്നതെന്ന് ഫ്രാൻസീസ് മാർപാപ്പായ്ക്കും നല്ല ബോധ്യമുണ്ടായിരുന്നു. മനുഷ്യകുലത്തോളം പഴക്കമുള്ള സാംസ്കാരികപൈതൃകം ഇറാക്കിനു മാത്രം സ്വന്തമാണെന്നതാണ് യാഥാർത്ഥ്യം. തുർക്കിയിലെ അറാറത്ത് പർവതത്തിൽനിന്നുദ്ഭവിച്ച് സിറിയയിലൂടെ ഇറാക്കിൽ പ്രവേശിക്കുന്ന യൂഫ്രട്ടീസ് നദിയും സിറിയയുടെ അതിർത്തിയിലൂടെ ഒഴുകിയെത്തുന്ന ടൈഗ്രീസ് നദിയും ഏതാണ്ടു സമാന്തരമായി തെക്കോട്ടൊഴുകി പേർഷ്യൻ ഉൾക്കടലിലാണു പതിക്കുന്നത്. ഈ മഹാനദികളുടെ ഇടയിലുള്ള ഫലഭുയിഷ്ഠമായ സമതലപ്രദേശത്തു രൂപപ്പെട്ട മെസപ്പൊട്ടോമിയയിലാണ് ആദ്യസംസ്കൃതി ഉദയം ചെയ്തത്.

അബ്രാഹത്തിന്റെ ജന്മനാടായ ഊർ പട്ടണം ആദ്യജനവാസമേഖലയായി കണക്കാക്കപ്പെടുന്നുണ്ട്. ചെടികളുടെ കമ്പുമുറിച്ച് കളിമണ്ണിൽ ആദ്യാക്ഷരങ്ങൾക്കു രൂപംകൊടുത്തതും സുമേറിയൻ വംശജരാണ്, ബി.സി. 3100 ൽ. ബി.സി. 2000 ൽ ബാബിലോൺസൈന്യം കീഴടക്കുന്നതുവരെ സുമേറിയക്കാർ മെസപ്പൊട്ടോമിയ ഭരിച്ചു. പേർഷ്യൻ ഉൾക്കടൽമുതൽ പടിഞ്ഞാറ് മെഡിറ്ററേനിയൻ കടൽവരെയുള്ള ഭൂപ്രദേശങ്ങൾ ബാബിലോൺ സാമ്രാജ്യത്തിന്റെ കീഴിലായിരുന്നു. ചെറിയ ഇടവേളകളൊഴിച്ചാൽ ബി.സി. 500 വരെയായിരുന്നു അവരുടെ ഭരണം. ബി.സി. 605 മുതൽ 562 വരെ രാജ്യം ഭരിച്ച നെബുക്കദ്നാസർ രാജാവ് ബി.സി. 596 ൽ യൂദയാരാജ്യം കീഴടക്കിയശേഷം തുടർന്നുള്ള വർഷങ്ങളിൽ യഹൂദരെ അടിമകളായി ബാബിലോണിലേക്കു കൊണ്ടുപോയതും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളാണ്.

ഇസ്ലാമിന്റെയും ജൂതമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും ഉദ്ഭവസ്ഥാനമെന്ന നിലയിലുള്ള പ്രാധാന്യം കണക്കിലെടുത്താണ് സർവമതസമ്മേളനത്തിനുള്ള വേദിയായി ഊർ നഗരത്തെ തിരഞ്ഞെടുത്തത്.



ഇസ്ലാംമതത്തിലെ ഷിയാവിഭാഗത്തിന്റെ പരമോന്നത ആധ്യാത്മികനേതാവായ അയത്തൊള്ള അലി അൽ സിസ്താനിയുമായി ഫ്രാൻസീസ് മാർപാപ്പാ നടത്തിയ കൂടിക്കാഴ്ചയും ചരിത്രമായി. മെക്കയും മദീനയും കഴിഞ്ഞാൽ ഷിയാ മുസ്ലീംകളുടെ മൂന്നാമത്തെ വിശുദ്ധനഗരമായ അൽനജഫിലെ വാടകവീട്ടിൽ വിശ്രമജീവിതം നയിക്കുന്ന 90 കാരനായ സിസ്താനി ക്രൈസ്തവർക്കുനേരേയുള്ള അക്രമങ്ങൾക്കെതിരേ ശബ്ദമുയർത്തിയ വ്യക്തിയാണ്. പ്രവാചകൻ മുഹമ്മദിന്റെ അർദ്ധസഹോദരനും മരുമകനും ഷിയാകളുടെ ആദ്യഇമാമുമായ അലിയുടെ കബറിടത്തിനടുത്താണ് സിസ്താനിയുടെ വസതി. അദ്ദേഹത്തിന്റെ വീട്ടിലെത്തി മുക്കാൽ മണിക്കൂർ നീണ്ടുനിന്ന കൂടിക്കാഴ്ചയിൽ യുദ്ധവും ഭീകരതയും നാശം വിതച്ച ഇറാക്കിലെ ക്രൈസ്തവരുടെ സുരക്ഷയിലുള്ള ആശങ്ക ഫ്രാൻസീസ് മാർപാപ്പാ പങ്കുവച്ചു. ക്രൈസ്തവരെ സംരക്ഷിക്കുന്നതിൽ തന്റെ രാജ്യത്തെ മതനേതാക്കൾക്ക് പ്രധാന പങ്കുണ്ടെന്നും മറ്റെല്ലാ പൗരന്മാരെയും പോലെ സമാധാനത്തിലും സുരക്ഷിതത്വത്തിലും ജീവിക്കാനുള്ള അവകാശം ക്രൈസ്തവർക്കുണ്ടെന്നും സിസ്താനി അഭിപ്രായപ്പെട്ടു. ദരിദ്രർക്കും പീഡിതർക്കുംവേണ്ടി ശബ്ദമുയർത്തുന്ന സിസ്താനിയുടെ സന്ദേശം മനുഷ്യജീവന്റെ വിശുദ്ധിയും ഇറാക്കിജനതയുടെ ഐക്യത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നതാണെന്നും ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞു.

ഇറാക്കിന്റെ വടക്കൻപ്രദേശങ്ങളും സിറിയയുടെ തെക്കുഭാഗങ്ങളും പിടിച്ചെടുത്ത് ഇസ്ലാമിക സ്റ്റേറ്റ് തീവ്രവാദികൾ സ്ഥാപിച്ചെടുത്ത ഇസ്ലാമികസാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്ന മൊസൂൾ നഗരത്തിലെത്തിയ വലിയ ഇടയൻ അവിടത്തെ തകർക്കപ്പെട്ട ദൈവാലയങ്ങളെ നോക്കി പ്രാർത്ഥനാനിരതനായി നിന്നു. നഗരചത്വരത്തിനു ചുറ്റുമുള്ള സിറിയൻ കത്തോലിക്കാ, സിറിയൻ ഓർത്തഡോക്സ്, അർമേനിയൻ ഓർത്തഡോക്സ്, കൽദായ ദൈവാലയങ്ങൾ പാടേ നശിപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. 2014 ൽ ഐ.എസ്. ഭീകരർ പിടിച്ചെടുത്ത ചത്വരത്തിൽ തടിച്ചുകൂടിയ ആയിരങ്ങളുടെ കദനകഥകൾ കേട്ട് മാർപാപ്പാ വികാരാധീനനായി. തങ്ങളുടെ ആത്മീയാചാര്യൻ തങ്ങളെ മറന്നുകളഞ്ഞില്ലല്ലോയെന്ന വികാരം ഓരോ വിശ്വാസിയുടെയും മുഖത്തുനിന്നു വായിച്ചെടുക്കാനാകുമായിരുന്നു. അവരെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

“നിങ്ങളോടുള്ള അതിരറ്റ സ്നേഹവും അനുകമ്പയുമാണ് എന്നെ ഇവിടെയെത്തിച്ചത്. നിങ്ങളുടെ നൊമ്പരങ്ങളിൽ ഞാൻ ആത്മാർത്ഥമായി പങ്കുചേരുന്നു. നോക്കൂ, തീവ്രവാദം ഒന്നിന്റെയും അവസാനവാക്കല്ല. ദൈവാലയങ്ങളും ഭവനങ്ങളും പുനർനിർമിക്കുമ്പോൾ സമൂഹങ്ങളും പുനരുദ്ധരിക്കപ്പെടേണ്ടതുണ്ട്.” മാർപാപ്പായുടെ വരവറിയിച്ചുകൊണ്ട് ചത്വരത്തിനു ചുറ്റുമുള്ള എല്ലാ ദൈവാലയങ്ങളിൽനിന്നും പള്ളിമണികൾ നിറുത്താതെ മുഴക്കിക്കൊണ്ടിരുന്നതും നവ്യാനുഭവമായി.

മൊസൂളിൽനിന്ന് അധികം അകലെയല്ലാത്ത ഖറാക്കൂഷ് പട്ടണത്തിലെത്തിയ മാർപാപ്പാ പുനരുദ്ധരിക്കപ്പെട്ട അമലോദ്ഭവമാതാവിന്റെ ദൈവാലയത്തിലെത്തി ദിവ്യബലിയർപ്പിക്കുകയും വിശ്വാസികളുമായി സംവദിക്കുകയും ചെയ്തു. മൊസൂളിനൊപ്പം ഖറാക്കൂഷിലുമെത്തിയ തീവ്രവാദികൾ ഈ ദൈവാലയം തകർക്കുകയും ചുറ്റുമുള്ള പരിസരം വിശ്വാസികളെ വെടിവച്ചും തലവെട്ടിയും കൊന്നുകളയുന്നതിനുള്ള പൊതുസ്ഥലമായി ഉപയോഗിക്കുകയുമായിരുന്നു. ക്രിസ്ത്യൻ ഭൂരിപക്ഷമേഖലയായിരുന്ന ഇവിടെനിന്നു പലായനം ചെയ്തവർ തിരികെ വന്നുതുടങ്ങിയെന്നത് ആശ്വാസവാർത്തയാണ്. ഖറാക്കൂഷിൽനിന്ന് എർബിലിൽ എത്തിയ മാർപാപ്പാ അവിടത്തെ ഫ്രാൻസോ ഹരീരി ഫുട്ബോൾ സ്റ്റേഡിയത്തിൽ പതിനായിരക്കണക്കിനു വിശ്വാസികളെ സാക്ഷിനിർത്തിയാണ് ദിവ്യബലിയർപ്പിച്ചത്.

ഫ്രാൻസീസ് മാർപാപ്പായുടെ ഇറാക്ക് സന്ദർശനത്തിന്റെ തലേന്ന് സിറിയൻ അതിർത്തിയിലുള്ള ഒരു ഭീകരതാവളത്തിൽ അമേരിക്കൻ യുദ്ധവിമാനങ്ങളിൽനിന്നുള്ള മിസൈൽ ആക്രമണത്തിൽ 22 ഭീകരർ വധിക്കപ്പെട്ടിരുന്നു. മാരകായുധങ്ങളുമായി പോയിരുന്ന മൂന്ന് ഇറാനിയൻ ട്രക്കുകളാണ് ആക്രമണത്തിൽ തകർന്നത്. ഈ സംഭവങ്ങളെപ്പറ്റി സൂചിപ്പിച്ചപ്പോൾ മാർപാപ്പായുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

‘മുറിവേറ്റ ഒരു ജനതയുടെ വേദനയിൽ പങ്കുചേരാനാണ് എന്റെ യാത്ര. മാസങ്ങളായി എനിക്കുവേണ്ടി കാത്തിരിക്കുന്ന ജനങ്ങളെ നിരാശരാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അക്രമത്തിനും ഭീകരവാദത്തിനും അന്ത്യംകുറിക്കാൻ ഈ യാത്ര ഉപകരിക്കട്ടെയെന്നാണ് എന്റെ പ്രാർത്ഥന. എനിക്കുവേണ്ടിയും ഇറാക്കിനുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണം.”

1988 ൽ ഇറാക്ക് സന്ദർശനത്തിനു പദ്ധതിയിട്ടിരുന്ന വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ സ്വപ്നസാക്ഷാത്കാരം കൂടിയായി ഇറാക്ക് സന്ദർശനത്തെ താൻ കാണുന്നതായും ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞു. 2013 ൽ മാർപാപ്പായായി സ്ഥാനമേറ്റശേഷമുള്ള ഏറ്റവും അപകടകരമായ വിദേശയാത്രയായിരുന്നു ഇറാക്കിലേക്കു നടത്തിയതെന്നു നിസംശയം പറയാം. മാർപാപ്പായുടെ സുരക്ഷയ്ക്കായി 10,000 സുരക്ഷാഭടന്മാരെയാണ് അധികമായി നിയോഗിച്ചിരുന്നത്.

“തന്റെ കുഞ്ഞാടുകളെ അന്വേഷിച്ചെത്തിയ ഒരു യഥാർത്ഥ ആട്ടിടയനാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ. സ്വജീവൻ പണയപ്പെടുത്തിയാണ് 84-ാം വയസ്സിലും അദ്ദേഹം ഞങ്ങളെ തേടിയെത്തിയത്. അദ്ദേഹം ഞങ്ങളോടൊപ്പം ചെലവഴിച്ച നാലു ദിനങ്ങൾ അവിസ്മരണീയങ്ങളായ അനുഭവങ്ങളാണ് ഞങ്ങൾക്കു സമ്മാനിച്ചത്. ഒരുമയോടെ ജീവിക്കാനും വിശ്വാസത്തിൽ അടിയുറച്ചു നില്ക്കാനുമുള്ള ആത്മധൈര്യം പകർന്നുനല്കിയിട്ടാണ് അദ്ദേഹം മടങ്ങിപ്പോയത്.” ബാഗ്ദാദ് യൂണിവേഴ്സിറ്റിയിലെ പ്രഫസർ. അനൻ അലക്കാസ് യൂസിഫ് ഫ്രാൻസീസ് മാർപാപ്പായുടെ അപ്പസ്തോലികസന്ദർശനത്തെ വിലയിരുത്തിയതങ്ങനെയാണ്.

■

# നോമ്പിനെക്കാൾ വലുതാണ് നോവിന്റെ മക്കൾ



റ്റോം ജോസ് തഴുവംകുന്ന്

**താ**പസവഴി ഒരു മരുഭൂമിസഞ്ചാരമാണ്! ഇല്ലായ്മകളുടെയും ഒപ്പം പ്രലോഭനങ്ങളുടെയും മരുഭൂമിയിലെ ഞെരുക്കങ്ങൾ തിരിച്ചറിയുന്ന ഇടങ്ങൾ! സകലവിധ ഭൗമികതകളെയും മുന്നിലെത്തിക്കുകയും അവയെ അഭൗമികമായി നേരിടുകയും ചെയ്യുന്ന വിശുദ്ധിയുടെ വിചാരങ്ങൾ ഉള്ളിൽ ഉറഞ്ഞുകൂടുന്ന അപൂർവതയുടെ ദിനങ്ങളാണ് നോമ്പുകാലം!

നമുക്കെല്ലാം ഒരു വന്ന വഴിയുണ്ട്. പുറപ്പെട്ടുപോന്ന താന്താങ്ങളുടെ 'ദേശ'ത്തേക്കുള്ള ഒരു മടങ്ങിപ്പോക്ക് അത്യാവശ്യമായിരിക്കുന്നു. പലതിനും പുനരാലോചന വേണമെന്നു സാരം. കുരിശു താങ്ങുന്ന ഒരു ശിമയോനാകുന്നതിലേക്ക് നമ്മുടെ നോമ്പെടുപ്പ് വിശാലമാകുമ്പോഴാണ് നമ്മുടെ മനസ്സിന്റെ ഉള്ളറകളിൽ ദൈവം ഉപവിഷ്ടനാകുന്നതും ദൈവത്തോടു ചേർന്ന് നമ്മുടെ ജീവിതം പച്ചപിടിക്കുന്നതും. പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റുന്ന നൊമ്പരമുണ്ടല്ലോ - അതാണു നാം ഏറ്റെടുക്കേണ്ടത്.

ആധുനികജീവിതസാഹചര്യത്തിൽ നോമ്പുകാലം ചോദ്യചിഹ്നമുയർത്തുന്നുണ്ടാവാം. എന്തിനീ ഉപേക്ഷകൾ? എവിടെയാണ് ദൈവമിരിക്കുന്നത്? ആർക്കുവേണ്ടിയാണ് സ്വയം ശൂന്യമാകുന്നത്? ഇങ്ങനെ നോമ്പിനും ഉപവാസത്തിനുമെതിരേ 'കാലം' സംസാരിച്ചുതുടങ്ങിയിരിക്കുന്നു. നിശ്ചിതകാലം ചില ഭക്ഷണപദാർത്ഥങ്ങളുടെ ഉപേക്ഷയും അതിനുശേഷം ഇതേ ഭക്ഷണങ്ങളുടെ ആഴക്കടലിൽ മുങ്ങുന്നതുമാണ് നോമ്പെന്ന ധാരണയാണു പലർക്കും. ഉപേക്ഷിക്കുന്നതൊക്കെ അപേക്ഷകളുടെ ഉത്തരമായി അപരനിലോ ആവശ്യക്കാരനിലോ എത്തുന്നതിലാണ് നോമ്പിന്റെ കനം അടങ്ങുന്നത്. മാറ്റി വയ്ക്കുന്നതൊക്കെ മാറ്റമില്ലാതെ മടങ്ങിയെത്തുമ്പോൾ നമ്മിലെ ആത്മാവിന്റെ സഞ്ചാരം ഇടുങ്ങിയ വഴിയിൽത്തന്നെയോ? സമൂഹത്തിന്റെ ചില വീക്ഷണങ്ങളോടു സമരസപ്പെടുന്ന അവസരവാദമായി നോമ്പെടുപ്പു മാറിയാൽ പിന്നെന്തു താപസസഞ്ചാരം?

ആത്മാർത്ഥത ആത്മാവിന്റെ മുഖമാണെന്നാണു പറയുക. അതു ശരിയുമാണ്. ഇന്ന് നാം കണ്ടുമുട്ടാനാഗ്രഹിക്കുന്നതും ഇത്തരം മുഖങ്ങളെയാണ്. പൊയ്മുഖങ്ങളെക്കണ്ട് പൊറുതിമുട്ടുമ്പോഴും നമ്മുടെ മുഖം യേശുവിന്റെ മുഖത്തോടു ചേർത്തുനിർത്തുന്ന 'കുരിശെടുപ്പ്' സ്വന്തമാക്കണം. കുരിശു തരുന്നവരോടുള്ള മനോഭാവങ്ങൾ ക്രൂശിതന്റേതാകുമ്പോഴാണ് നമ്മിലെ മനുഷ്യൻ ദൈവികതയുടെ ഇടം തേടുന്നവരാകുന്നത്! സന്മാർഗ്ഗത്തിൽ ചരിക്കുമ്പോഴാണ് സദ്ഗുണസമ്പന്നരാകാനും നല്ല മനസ്സിന്റെ ഉടമകളാകാനും സാധിക്കുക; അതിനുപക്ഷേ, ചുറ്റുവട്ട സമ്മർദങ്ങളെ അതിജീവിക്കേണ്ടതുണ്ട്. ഈ അതിജീവനത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണ് തപസ്സിലൂടെ നാം സാധിക്കുന്നത്. സകലവിധ വൈരുധ്യങ്ങൾക്കും നടുവിൽ ദൈവാത്മാവിന്റെ നിറവിൽ ജീവിക്കാനുള്ള ആർജവം നേടുക, അത്രതന്നെ.

സ്വാതന്ത്ര്യം നല്കിയാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. ജീവനും മരണവും നമുക്കു മുമ്പിൽ വച്ചിരിക്കുന്നു. ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാം. പക്ഷേ, ഈ ഇഷ്ടത്തിന്റെ തിരഞ്ഞെടുപ്പ് ദൈവേഷ്ടത്തിലേക്കു ചേർന്നുനില്ക്കണമെന്നു മാത്രം. മാറ്റുകൂട്ടുന്നത് അഗ്നികൊണ്ടാണെന്നതു നിശ്ചയം. എന്നു പറഞ്ഞാൽ ഒരു അഗ്നിയാത്രയ്ക്കൊടുവിലാണ് ജീവന്റെ സൂക്ഷിപ്പിരിക്കുന്നത്. ശിശുവിനെപ്പോലെ ചെറുതാകാനും സമ്പത്തു വിറ്റ് ദരിദ്രർക്കു പങ്കുവച്ച് പൂർണരാകുവാനും ശ്രമിക്കുന്നതിൽ ഒരു അഗ്നിയുടെ ചൂടു തിരിച്ചറിയാം. 'വിധി'യെന്ന വെറും വാക്ക് പറഞ്ഞ് ആധുനികമനുഷ്യർ ജീവന്റെ വിലയിൽനിന്നു മാറിനിന്ന് നിസ്സംഗരാകുന്നതിലെ 'അഗ്നി'യും തിരിച്ചറിയണം. മാറ്റമാകാനും മാറ്റുകൂട്ടാനുമാകുന്ന അഗ്നിയും മരണം പതിയിരിക്കുന്ന അഗ്നിയും തിരിച്ചറിയാനുള്ള കാലംകൂടിയാണ് നോമ്പുകാലം. നമ്മുടെ തിരഞ്ഞെടുപ്പുകൾ ഏതു ദിശയിലേക്കു നമ്മുടെ ജീവിതത്തെ വഴിമാറ്റുന്നുവെന്നു ശ്രദ്ധിക്കണം. ജീവന്റെ കൂട്ടിരിപ്പും ജാഗ്രതയുടെ പ്രാർത്ഥനയും വിശ്വാസത്തിന്റെ ദൃഢതയും നമുക്കൊപ്പമുണ്ടാകണം; അതിനായി ദൈവത്തോടു ചേർന്നിരിക്കണം, ഉപാസകരാകണം.

തന്നിഷ്ടങ്ങളുടെ സൈബർ യുഗത്തിൽ നന്മയുടെ തിരഞ്ഞെടുപ്പ് അഗ്നിയിലൂടെ സഞ്ചരിക്കുന്നതിനു സമാനമാണ്. അഹിംസയും അടിമത്തവും തിരിച്ചറിഞ്ഞു ജീവിക്കണം. ആത്മീയതയുടെ അന്തസ്സത്തയെ ഉൾക്കൊണ്ട് ആത്മധൈര്യവും ആത്മവിശ്വാസവും സ്വന്തമാക്കണം. ജീവനും മരണവും മുന്നിലുള്ളപ്പോൾ ജീവന്റെ തിരഞ്ഞെടുപ്പിനായി, അഗ്നിശുദ്ധിക്കായി നോമ്പിനെ പിന്തുടരണം. വിധിയെന്നു പറഞ്ഞ് എന്തിനെയും മാറ്റിനിർത്താതെ ദൈവത്തിന്റെ പദ്ധതിയെന്തെന്ന് അന്വേഷിക്കാനുള്ള മൗനത്തിന്റെ നാളുകളുംകൂടിയാണു തപസ്സുകാലം. പ്രാർത്ഥനയിൽ ദൈവവുമായി സംഭാഷണത്തിലാകാനുള്ള ഒരു കാൽവരിയാത്ര!

എല്ലാമായവൻ ഒന്നുമല്ലാത്തവനെപ്പോലെ ശൂന്യവത്കരിക്കുന്നുവെന്നും നമ്മെക്കാളും വലിയവരാണ് മുന്നിലെത്തുന്ന സകലരുമെന്നും തിരിച്ചറിവുണ്ടാകണം. 'മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ" (മർക്കോ. 10:45).

നിത്യജീവനിലേക്കും നിത്യശിക്ഷയിലേക്കുമുള്ള പ്രവേശനകവാടത്തിലെ ചോദ്യവും ഉത്തരവും ആശങ്കയുമൊക്കെ നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാക്കുന്നതാകണം. മനുഷ്യപുത്രൻ മഹത്ത്വത്തിന്റെ സിംഹാസനത്തിലിരുന്ന് പറയുന്നത് നോമ്പുകാലത്ത് പ്രത്യേകം ചിന്തനീയമാണ്. .."എനിക്കു വിശന്നപ്പോൾ ... എനിക്കു ദാഹിച്ചപ്പോൾ... ഞാൻ പരദേശിയായിരുന്നപ്പോൾ... ഞാൻ നഗ്നനായിരുന്നപ്പോൾ... രോഗിയായിരുന്നപ്പോൾ... കാരാഗൃഹത്തിലായിരുന്നപ്പോൾ... എന്നിങ്ങനെ 'ഞാൻ' നിങ്ങൾക്കു മുന്നിലെത്തിയപ്പോൾ എന്നാണ് മനുഷ്യപുത്രൻ വിധിവാചകത്തിൽ പറഞ്ഞുതുടങ്ങുന്നത്. പക്ഷേ, കേട്ടുനിന്നവരെല്ലാം ചോദിക്കുന്നു: 'നീ എപ്പോൾ എന്റെ മുന്നിൽ വന്നു കർത്താവേ...?' എപ്പോൾ എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. കർത്താവു മുന്നിലെത്തുന്ന സമയം തിരിച്ചറിയുമ്പോഴാണ് സ്വർഗത്തിന്റെ പുസ്തകത്തിൽ നമ്മുടെ അടയാളങ്ങൾ പതിയുന്നത്. ഇല്ലാത്തവർക്കു നല്കുമ്പോൾ കർത്താവിനാണു നല്കുന്നത്. ഇല്ലാത്തവനിലും ഇല്ലായ്മയിലുമാണ് കർത്താവിന്റെ സാന്നിധ്യമെന്നത് നോമ്പുകാലപ്രബോധനമാകണം. നോമ്പിന്റെ പൂർണതയിലും അശരണരുടെ ആലംബമാകുന്നതിലാണ് താപസരുടെ സഞ്ചാരം സാർത്ഥകമാകുന്നതെന്ന് സാരം! അപരനെ തിരിച്ചറിയാനുള്ള ഹൃദയപരമാർത്ഥതയ്ക്കായി ഒരുങ്ങണം, പ്രാർത്ഥിക്കണം. നൊമ്പരമറിയുന്നവർക്ക് നോവിന്റെ മക്കളെ തിരിച്ചറിയാനും കഴിയണം. നമ്മിൽ ദൈവം വസിക്കുന്നെങ്കിൽ അപരനിലെ ദൈവപരിപാലന തിരിച്ചറിയാനാകും! ■



കവിത — പാപ്പച്ചൻ കടമക്കുടി

## പൊന്നെഴുത്തുകൾ

കരുണ കരുണയെന്നെഴുതുന്നവൻ, നില-
ത്തരുണവർണ്ണമായ് കത്തുന്നു രേഖകൾ.

ഞെട്ടടർന്നൊരീ പാവമാം പച്ചില
മണ്ണിലേക്കമർന്നാഴുന്നു നിശ്ചലം,
മുള്ളിൽ വീണതോ മുള്ളിലയിൽ വീണതോ
മുള്ളുകാട്ടിലീ ജീവിതം മുറിയുന്നു.
ആരവച്ചുഴിക്കുള്ളിൽ ഗുരുവിന്റെ
സാരഗർഭമാം മൗനം തിളയ്ക്കുന്നു.
മൗനമോ നറുംവെണ്മയായ് മാറുന്നു
ധ്യാനപുണ്യഗുരുത്വവുമാകുന്നു.

'പാപമെന്തിവൾ ചെയ്തെ'ന്ന ചോദ്യത്തിൻ
ചാപഞാണൊലി മാറ്റൊലിക്കൊള്ളവേ
ക്രൂരദംഷ്ട്രകൾ സൂക്ഷിക്കുമാസക്തി
വന്യമായ് കൂർത്തൊരായിരം കണ്ണുകൾ.
കല്ലുചെത്തിമിനുക്കയാണിക്കൊച്ചു
ചില്ലുമേടയുടച്ചു തകർക്കുവാൻ.

'നിങ്ങളിൽ പാപമില്ലാത്തവരാദ്യ-
കല്ലെറിയട്ടെ' കുഞ്ഞിളം തൂവൽപോൽ
പാറിവന്ന കൊടുംകാറ്റിലൂരിപ്പോയ്
മേലുടുപ്പുകൾ, നഗ്നരായ്ത്തീർന്നവർ.

കാറ്റും കോളുമടങ്ങിയ സാഗരം
തോറ്റമായ് കരമുത്തുന്നിളംതിര.
ഊർന്നുവീഴുന്നു കല്ലുകൾ, ശൂന്യമായ്
ചോർന്നുപോവുന്നഹംഭാവജാടകൾ...!
ഹാ, മുതിർന്നോർ മുതിർന്നവരങ്ങനെ
ശാന്തമൂകരായ് പിൻവാങ്ങി മന്ദമായ്.

ഉള്ളുപൊള്ളും മിഴിമുകിൽ പെയ്യുന്നു
തുള്ളിക്കു കുടമെന്നപോൽ സങ്കടം.
നീറ്റലോടകം വെന്തു ഗുരുമുമ്പിൽ
വീണുതേങ്ങി വണങ്ങുന്നു പെണ്ണവൾ.
സ്നേഹമായ് ചുട്ടെടുക്കുന്നു വാക്കുകൾ
മോഹഗന്ധം പരക്കുന്നു ചുറ്റിലും.
'ശാന്തമായ് പോക, ഞാനും വിധിക്കുന്ന-
തില്ല നിന്നെ' മൊഴിഞ്ഞു മഹാഗുരു.

പിന്നെയാ കരുണ കുനിയുന്നു മണ്ണിലായ്
പൊന്നെഴുത്തുകൾ വിരിയുന്നു ലോലമായ്,
കരുണ ലക്ഷ്മണരേഖയായ്, ജീവിത
സരണി രണ്ടായ്പ്പിളർന്നു നീങ്ങുന്നിതാ.

*അവലംബം: യോഹ. 8:3-6*

# ഒറ്റപ്പുത്രനെ ഓമനിക്കുമ്പോൾ



മിനി സുരേഷ്

**വ**ളരെ സങ്കീർണമായ ഘടനയാണ് ഇന്നത്തെ അണുകുടുംബങ്ങൾക്കുള്ളത്. അച്ഛനും അമ്മയും രണ്ടു കുഞ്ഞുങ്ങളുമെന്ന സങ്കല്പത്തിൽനിന്ന് ആണായാലും പെണ്ണായാലും ഒരു കുട്ടി മാത്രം മതിയെന്ന തീരുമാനത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുകയാണ് യുവതലമുറയിലെ മാതാപിതാക്കളിൽ പലരും. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ്, അച്ഛനുമമ്മയും ഉദ്യോഗസ്ഥരാകുമ്പോൾ വളർത്തുവാനുള്ള പ്രയാസം എന്നിങ്ങനെ ഒരുപാടു കാരണങ്ങളിവർക്കു നിരത്താനുമുണ്ട്. ഏറെനാളത്തെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായുണ്ടാകുന്ന കുഞ്ഞാണെങ്കിൽ അച്ഛനമ്മമാരുടെ ആധിയും ഉത്കണ്ഠയും കൂടുതലായിരിക്കും. അതുപോലെതന്നെ കുട്ടി ഒറ്റപ്പെട്ടുപോകാതെ ശ്രദ്ധിക്കേണ്ടതും ആവശ്യമാണ്. സൂര്യനെ ചുറ്റി ഭൂമി തിരിയുന്നതുപോലെയുള്ള അവസ്ഥയാണ് ഏറെ അപകടകരം.

കുട്ടിയിൽ സ്വാർത്ഥത വേരുപിടിക്കാതെ ശ്രദ്ധിക്കേണ്ടത് പരമപ്രധാനമായ കാര്യമാണ്. താൻ ആഗ്രഹിക്കുന്നതെന്തും ലഭിക്കണം, തന്റെ ഇഷ്ടങ്ങൾ മാത്രമേ നടക്കാവൂ എന്ന് കുട്ടിയെക്കൊണ്ടു ചിന്തിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങാതിരിക്കാൻ മാതാപിതാക്കൾ ചെറുപ്പം മുതലേ ശ്രദ്ധിക്കണം. വീട്ടിലെ സാമ്പത്തികസ്ഥിതി മനസ്സിലാക്കിക്കൊടുത്തുവേണം കുഞ്ഞുവാശികൾ സാധിച്ചുകൊടുക്കുവാൻ. ഇല്ലെങ്കിൽ അവയും കുട്ടിയോടൊപ്പം വളർന്ന് കുടുംബത്തിനു താങ്ങാൻ പറ്റാത്ത വലിയ പിടിവാശികളായി മാറും.

മാതാപിതാക്കളും കുട്ടിക്ക് ആവശ്യമുള്ള കരുതലൊരുക്കാൻ വേണ്ടിമാത്രം ജീവിക്കുന്നവരാകരുത്. തന്റെ സുഖത്തിനുവേണ്ടി മാത്രം ലോകം ചലിക്കണം എന്ന അന്ധമായ ചിന്ത കുട്ടിയിൽ വളരാതിരിക്കാൻ ശ്രദ്ധിക്കണം. സ്വാർത്ഥതയുടെ വിത്തുകൾമാത്രം പാകി ഒടുവിൽ കൂടുതൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടി അച്ഛനെയും അമ്മയെയും വൃദ്ധസദനങ്ങളിലേക്കെത്തിക്കുന്ന അവസ്ഥ വരാതെ നോക്കേണ്ടതും മാതാപിതാക്കളുടെ കടമയാണ്.

മുതിർന്നവരെപ്പോലെതന്നെ കുട്ടികളും പലവിധ ആകുലതകളും പ്രശ്നങ്ങളും നേരിടുന്നുണ്ട്. ചില അധ്യാപകരുടെ പെരുമാറ്റവൈകല്യങ്ങളോ കൂട്ടുകാരുടെ പരിഹാസങ്ങളോ എന്തുതന്നെ ആയാലും അവയൊക്കെ മനസ്സിലാക്കാനും പരിഹാരം പറഞ്ഞുകൊടുക്കാനും കഴിയുന്ന കൂട്ടുകാരായി മാറാൻ അച്ഛനും അമ്മയ്ക്കും കഴിയണം.

ദിവസവും കുറച്ചു സമയം കുട്ടിയുമായി സംസാരിക്കാൻ സമയം കണ്ടെത്തണം.അവരുടെ പ്രശ്നങ്ങൾ പറയുമ്പോൾ വെറുതെ പരിഹസിക്കുകയോ ശകാരിക്കുകയോ ചെയ്താൽ അവർക്ക് തുറന്നുപറയാനുള്ള വിശ്വാസം നഷ്ടപ്പെടും. അവർ പറയുന്ന കാര്യങ്ങളിൽ തെറ്റുണ്ടെങ്കിൽ സ്നേഹപൂർവ്വം പറഞ്ഞു മനസ്സിലാക്കാം. ഇക്കാര്യത്തിൽ അമ്മയായും സഹോദരിയായും അധ്യാപികയായും മാറാൻ കുട്ടിയുടെ അമ്മയ്ക്കു കഴിയണം. നല്ല കാര്യങ്ങൾ ചെയ്താൽ അഭിനന്ദിക്കാൻ മടിക്കരുത്. നേട്ടങ്ങളുടെ മാത്രം പിറകേ പോകുന്ന ഒരു മനസ്സ് ഒരിക്കലും വളർത്തരുത്. കോട്ടങ്ങളെയും സമചിത്തതയോടെ നേരിടാൻ പഠിപ്പിക്കണം. മറ്റുള്ളവരുടെ മുമ്പിൽ വച്ച് കുട്ടിയെ ഒരുപാടു പുകഴ്ത്താതിരിക്കുക എന്നതുപോലെ പ്രധാനമാണ് മോശം ഭാഷയിൽ ശകാരിക്കാതിരിക്കുക എന്നതും. രണ്ടും കുട്ടിയുടെ വ്യക്തിത്വത്തെ വികലമായി ബാധിക്കുകയേയുള്ളൂ. തന്റെ കുട്ടി അയൽക്കാരുടെയോ ബന്ധുക്കളുടെയോ കുട്ടികളെക്കാൾ കേമനായി മാറണം എന്ന രീതിയിൽ സമ്മർദം കൊടുക്കുന്നത് കുട്ടിയുടെ ആത്മവിശ്വാസം തകർക്കുവാൻ മാത്രമേ ഉതകൂ.

'ആണായും പെണ്ണായും ഇതൊന്നേ ഉള്ളൂ' എന്നു പറഞ്ഞ് എപ്പോഴും കുട്ടികളുടെ പിറകേ നടക്കുന്നതും നല്ലതല്ല. പ്രായപൂർത്തിയായാലും കുട്ടിയെ വാഹനങ്ങളോടിക്കാൻ അനുവദിക്കാത്ത മാതാപിതാക്കളെ കണ്ടിട്ടുണ്ട്. ഇതെല്ലാം വിപരീതഫലങ്ങളാണ് സൃഷ്ടിക്കുന്നത്. ഇന്നത്തെ മാറിയ സാഹചര്യങ്ങളിൽ കുട്ടിക്ക് മൊബൈൽ ഫോൺ കൊടുക്കാതെ തരമില്ല. ആപ്പ് ലോക്കിന്റെ സഹായത്താൽ കുട്ടികൾ ഫോൺ ദുരുപയോഗം നടത്തുന്നത് തടയാനാവും.

പ്രകൃതിയെ അറിഞ്ഞു വളരാനും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു ചെയ്യാനും വീട്ടുജോലികളിൽ സഹായിക്കാനുമൊക്കെ കുട്ടിക്ക് അവസരം നൽകണം. കുടുംബത്തിന്റെ ചുമതല ഏറ്റെടുത്തു നടത്താനും അവനെ പ്രാപ്തനാക്കണം.

സ്ത്രീകളെ ബഹുമാനിക്കുന്ന നല്ല വ്യക്തിയാക്കി ആൺകുട്ടിയെ വളർത്തുന്നതിന് അമ്മമാർ ശ്രദ്ധിക്കണം. പെൺകുട്ടിയെ പ്രതികരണശേഷിയുള്ളവളാക്കി മാറ്റുന്നതോടൊപ്പം, പ്രതികൂലസാഹചര്യങ്ങളോടു പൊരുത്തപ്പെട്ടുപോകാനും പരിശീലിപ്പിക്കണം.

കുട്ടിക്ക് ഇഷ്ടമുള്ള കരിയറും



പങ്കാളിയെ പക്വതയോടെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകണം. മാതാപിതാക്കളുടെ സ്വപ്നങ്ങളെക്കാൾ കുട്ടിയുടെ ഇഷ്ടങ്ങൾക്കാണു പ്രാധാന്യം നൽകേണ്ടത്.

കുട്ടിയുടെ ഭാവനയ്ക്കും ഇഷ്ടങ്ങൾക്കും മുൻതൂക്കം കൊടുത്ത് സമൂഹത്തിനു നന്മ പകരുന്ന നല്ല പൗരന്മാരാക്കി മാറ്റുകയാണു വേണ്ടത്. കുട്ടിക്കും അവന്റേതായ ഒരു വ്യക്തിത്വമുണ്ടെന്ന സത്യം മാതാപിതാക്കളൊരിക്കലും കാണാതെ പോകരുത്.

■

---

കവിത

ഡോ. ചെറിയാൻ കുനിയന്തോടത്ത്

## വചനവിത്തുകൾ

വിതയ്ക്കുവാൻ വിത്തുമെടുത്തൊരാളതാ
പുറത്തുപോയ് പാടമടുത്തുതന്നെയാം
വിതയ്ക്കവേ വിത്തു പതിച്ചുപാറമേൽ,
കരിഞ്ഞുപോയ് സൂര്യനുരുക്കവേ വെയിൽ!

പതിച്ചു, താൻ വാരിവിതയ്ക്കവേ വെറും
ചതുപ്പിലായ്, വിത്തു മുളച്ചുവെങ്കിലും
പിടിച്ചു ഹാ! മുള്ളു ഞെരുക്കിയാകയാൽ
പിടിച്ചതേയില്ല മുളച്ചതൊന്നുമേ!

വിതച്ചയാൾ വീണ്ടുമെടുത്തു വിത്തുകൾ
പതിച്ചു നല്മണ്ണിൽ, പറന്നുവന്നതാ!
കൊറിച്ചു വിത്തുകൾ മറഞ്ഞുപോയ് ദൂരെ,
കൊതിച്ചതൊന്നുമേ തെളിഞ്ഞതില്ലല്ലോ.

കിളിർന്നു നല്മാരി ലഭിക്കവേ, താനേ
വിളഞ്ഞു നല്മണ്ണിലെറിഞ്ഞ വിത്തുകൾ...
കിളിർക്കയായ് ഹൃത്തു മുഴുക്കെ സദ്ഫലം
കിടയ്ക്കവേ നൂറുമടങ്ങുമവ്വിധം!

മൊഴിഞ്ഞതാണേശുവൊരിക്കലിക്കഥ
മനസ്സിലായില്ല വിരവിൽ ശിഷ്യർക്കും!
വദിച്ചു: ഞങ്ങൾക്കു മനസ്സിലായില്ല
പറഞ്ഞുതന്നാലുമതിന്നുള്ളർത്ഥങ്ങൾ

അറിഞ്ഞുകൊള്ളുവിൻ, ഗ്രഹിക്കുന്നൂ നിങ്ങൾ
അമോഘം സ്വർഗ്ഗത്തിൻ രഹസ്യങ്ങൾ മന്നിൽ!
വചനങ്ങൾ തന്നെ വിതയ്ക്കും വിത്തുകൾ
വിതയ്ക്കവേ ദുഷ്ടനപഹരിച്ചിടാം.

വഴിയരികത്തു വിതച്ച വിത്തുകൾ
മുളച്ചു വേഗത്തിൽ കരിഞ്ഞുപോകുന്നു!
വചനം കേട്ടിട്ടു ത്യജിച്ചിടുന്നവർ
വിതയ്ക്കവേ പാറപ്പുറത്തു വീണവ!

ഞെരുങ്ങുന്നൂ താനേ പതിച്ചു, മുള്ളുകൾ-
ക്കിടയ്ക്കു വീണൊരാവചസ്സു സർവ്വവും
വചനം കേട്ടിട്ടു ഗ്രഹിച്ചിടുന്നവർ
വിതയ്ക്കവേ നല്ല നിലത്തു വീണവ!
തരുന്നു നൂറുമറുപതും മേനി
പുറപ്പെടുന്നു മനസ്സിൽ സദ്ഫലം!
വചസ്സുകൾ തന്നെ വിതച്ച വിത്തുകൾ
വളർന്നു നല്ഫലം തരുന്നെങ്കിൽ ഭാഗ്യം!

---

# ശബ്ദതാരാവലി ഡിജിറ്റലായി

മലയാളഭാഷയുടെ ആധികാരികനിഘണ്ടുവായ ശബ്ദതാരാവലി ഇനി വിരൽത്തുമ്പിൽ. ശ്രീകണ്ഠേശ്വരം പദ്മനാഭപ്പിള്ള രചിച്ച രണ്ടായിരത്തിലധികം പേജുകളുള്ള ശബ്ദതാരാവലിയുടെ വെബ്സൈറ്റ് പ്രവർത്തനസജ്ജമായി.

മലയാളഭാഷാനിഘണ്ടുക്കളിൽ ഏറ്റവും ആധികാരികമായ ഈ ഗ്രന്ഥം മലയാളവാക്കുകളുടെ അർത്ഥാന്വേഷണത്തിലെ അവസാനവാക്കാണ്. ശബ്ദതാരാവലിയുടെ ആദ്യഭാഗം പൂർത്തിയാക്കാൻ പദ്മനാഭപിള്ള 20 വർഷമാണ് പരിശ്രമിച്ചത്. അഞ്ചുവർഷം നീണ്ട പ്രയത്നങ്ങൾക്കൊടുലാണ് നിഘണ്ടുവിന്റെ ഡിജിറ്റൽ പതിപ്പ് പുറത്തിറക്കിയത്.




സി.വി. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന 'സായാഹ്ന ഫൗണ്ടേഷ'നാണ് ഇതിനു നേതൃത്വം കൊടുത്തത്. മലയാളത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് രൂപവത്കരിച്ച കൂട്ടായ്മയാണ് സായാഹ്ന. കൃതികളുടെ ഡിജിറ്റൽ രൂപങ്ങളൊരുക്കുന്ന ആഗോളകൂട്ടായ്മയാണിത്. ഡിജിറ്റൽ പതിപ്പിനൊപ്പം മൂലഗ്രന്ഥത്തിന്റെ സ്കാൻ ചെയ്ത പി.ഡി.എഫ്. പേജുകളും ലഭ്യമാണ്. 'ലെക്സോണമി' സെർവറിലും ശബ്ദതാരാവലി ലഭ്യമാക്കിയിട്ടുണ്ട്.

2015 ൽ ശബ്ദതാരാവലിയുടെ മൂലഗ്രന്ഥം ബെംഗളൂരുവിലെ സെമിനാരിയിൽ കണ്ടെത്തിയതോടെയാണ് ഡിജിറ്റൽ പതിപ്പിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയത്.

കാലടി ശങ്കരാചാര്യ സർവകലാശാല ഭാഷാധ്യാപിക പ്രഫ. ലിസി മാത്യുവിന്റെ നേതൃത്വത്തിൽ ഒരു പറ്റം ഭാഷാസ്നേഹികൾ പ്രൂഫ് റീഡിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

വിവിധ രാജ്യങ്ങളിലെ പ്രൊഫഷണലുകളും വീട്ടമ്മമാരും ഗവേഷകരും വിദ്യാർത്ഥികളും ഈ പ്രവർത്തനത്തിൽ ആവേശത്തോടെ പങ്കുകൊണ്ടു. https:stv.sayahna.org എന്ന ലിങ്കുവഴി ശബ്ദതാരാവലിയുടെ ഡിജിറ്റൽ പതിപ്പിൽ പ്രവേശിക്കാം.

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**മറ്റുള്ളവരെ എളുപ്പം വിശ്വസിക്കുന്നവന്റെ മനസ്സിന് ആഴമില്ല; പാപം ചെയ്യുന്നവൻ തനിക്കുതന്നെ തിന്മ വരുത്തുന്നു.**
പ്രഭാഷകൻ 19:4

## എഡിറ്റോറിയൽ

# മഹിതഭാരതം മലിനരാജ്യമാക്കരുത്

അന്തരീക്ഷമലിനീകരണം ഏറ്റവുമധികമുള്ള ലോകത്തെ 30 നഗരങ്ങളിൽ 22 എണ്ണവും ഇന്ത്യയിലാണെന്ന ഞെട്ടിക്കുന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. സ്വിസ് സംഘടനയായ ഐക്യു എയർ നടത്തിയ പഠനത്തിലാണ് ഇന്ത്യൻനഗരങ്ങളിലെ മലിനീകരണം സംബന്ധിച്ച നിജസ്ഥിതി തുറന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നത്.

ലോകത്ത് ഏറ്റവും മലിനമായ തലസ്ഥാനനഗരമെന്ന ‘ക്രെഡിറ്റും’ ഏറ്റവും അന്തരീക്ഷമലിനീകരണമുള്ള പത്താമത്തെ നഗരമെന്ന ‘സ്ഥാനവും’ ഡൽഹി കരസ്ഥമാക്കിയിരിക്കുന്നുവെന്നതാണ് ഏറെ ലജ്ജാകരം. എന്നാൽ 2019 മുതൽ 2020 വരെ ഡൽഹിയിലെ വായുവിന്റെ ഗുണമേന്മ 15 ശതമാനം മെച്ചപ്പെട്ടുവെന്ന റിപ്പോർട്ട് തെല്ലൊരാശ്വാസം പകരുന്നുണ്ടുതാനും.

അന്തരീക്ഷമലിനീകരണം ഏറ്റവും കൂടുതലുള്ള നഗരം ചൈനയിലെ സിൻജിയാങ് ആണ്. ഉത്തർപ്രദേശിലെ ഗാസിയാബാദ് രണ്ടാം സ്ഥാനത്താണ്. യു.പി.യിലെ ബുലന്ദ് ശഹർ, ബിസരഖ് ജലാൽപൂർ, നോയ്ഡ, ഗ്രേറ്റർ നോയ്ഡ, കാൺപൂർ, ലഖ്നൗ, രാജസ്ഥാനിലെ ഭിവാരി എന്നിവയാണ് പട്ടികയിലെ ആദ്യപത്തിലുള്ളത്. ഇതിൽ ഒന്നാംസ്ഥാനത്തുള്ള സിൻജിയാങ് ഒഴികെയുള്ള ഒൻപതും ഇന്ത്യൻ നഗരങ്ങളാണെന്ന റിപ്പോർട്ട് ലജ്ജയോടും ഞെട്ടലോടും കൂടി മാത്രമേ ആത്മാഭിമാനമുള്ള ഏതൊരിന്ത്യക്കാരനും കേൾക്കാനാവൂ.

2.5 മൈക്രോണിൽ താഴെയുള്ള വിനാശകരമായ പാർട്ടിക്യുലേറ്റ് മാറ്റർ സംബന്ധിച്ച് 106 രാജ്യങ്ങളിൽനിന്നു ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആഗോളതലത്തിൽ മരണങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട പരിസ്ഥിതി അപകടഘടകമായി പി.എം. 2.5 എക്സ്പോഷർ കണക്കാക്കപ്പെടുന്നു. പി.എം. 2.5 ദീർഘനേരം എക്സ്പോഷർ ചെയ്യുന്നത് ക്യാൻസർ, ഹൃദയപ്രശ്നങ്ങൾ, ശ്വാസകോശരോഗങ്ങൾ എന്നിവയുൾപ്പെടെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകും. 2015 ൽ 4.2 ദശലക്ഷം അകാലമരണങ്ങൾക്ക് ഇതു കാരണമായെന്നാണ് പഠനം പറയുന്നത്.

കഴിഞ്ഞ വർഷം ഡൽഹിയിൽ 50,000 ത്തിലധികം ആളുകളാണ് അന്തരീക്ഷമലിനീകരണംമൂലം മരിച്ചത്. മറ്റ് ഇന്ത്യൻ നഗരങ്ങളിലും മരണനിരക്കുകൾ ആശങ്കാജനകമാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 2020 ൽ മുംബൈയിൽ 25000 മരണങ്ങളാണ് വായുമലിനീകരണംമൂലം സംഭവിച്ചത്. ബംഗളൂരു, ചെന്നൈ, ഹൈദരാബാദ്, ലഖ്നൗ എന്നീ നഗരങ്ങളിൽ യഥാക്രമം 12000, 11000, 11000, 6700 എന്ന തോതിലാണ് മരണനിരക്ക് കണക്കാക്കിയത്.

ഗതാഗതമേഖലയാണ് ഇന്ത്യയിൽ അന്തരീക്ഷമലിനീകരണത്തിന് ഏറ്റവും വലിയ കാരണമെന്ന് റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. കർശനമായ ലോക്ഡൗൺമൂലം കഴിഞ്ഞ വർഷം താരതമ്യേന മെച്ചപ്പെട്ട വായുവിന്റെ ഗുണനിലവാരം രേഖപ്പെടുത്തിയിരുന്നുവെങ്കിലും അന്തരീക്ഷമലിനീകരണം ഗുരുതരമായ പൊതുജനാരോഗ്യപ്രശ്നമായി തുടരുകയാണുണ്ടായത്. ഇത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെയും പൊതുജനാരോഗ്യസംവിധാനക്രമങ്ങളെയും സാരമായി ബാധിക്കുന്നുണ്ട്. ലോക്ഡൗൺ നിയന്ത്രണങ്ങൾ മൂലം പി.എം. 2.5 ലെവലിന്റെ വാർഷികശരാശരിയിൽ 11 ശതമാനം കുറവുണ്ടായിട്ടും ബംഗ്ലാദേശും പാക്കിസ്ഥാനും കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും മലിനമായ മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറിയെന്നതും കഴിഞ്ഞവർഷത്തെ നാണംകെട്ട വാർത്തയായിരുന്നു.

അന്തരീക്ഷമലിനീകരണസ്രോതസ്സുകൾ ഇല്ലാതാക്കുന്നതിനും നമ്മുടെ നഗരങ്ങളെ മികച്ച താമസസ്ഥലങ്ങളാക്കുന്നതിനും സർക്കാരുകളും കോർപ്പറേഷനുകളും വ്യക്തികളും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കണം. വാഹനപ്പെരുപ്പവും ഫാക്ടറികളിൽ നിന്നുയരുന്ന വിഷപ്പുകയുമൊക്കെ അന്തരീക്ഷവായുവിനെ മലിനമാക്കുന്നുവെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അവിടെ നിയന്ത്രണങ്ങളും വിലക്കുകളുമേർപ്പെടുത്താൻ ഭരണകൂടങ്ങൾ സത്വരശ്രദ്ധ പതിപ്പിക്കണം. ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ രാജ്യമൊട്ടാകെ ഗതാഗതമേഖലയ്ക്കു സ്തംഭനമേർപ്പെടുത്താൻ സർക്കാരിനു കഴിഞ്ഞാൽ വായുമലിനീകരണത്തെ പിടിച്ചുകെട്ടാനുള്ള ഒരു വിശുദ്ധ ദൗത്യമായോ അതിനു പ്രാരംഭമായോ എങ്കിലും അതു പരിണമിച്ചേക്കാം. കൊവിഡ്കാലത്തെ ലോക്ഡൗണിൽ അതിന്റെ നന്മ നാം കണ്ടറിഞ്ഞതുമാണല്ലോ. അത്യാവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കാനും, ഉല്ലാസയാത്രകൾ ഈ കൊവിഡ്കാലം പരിഗണിച്ചെങ്കിലും വേണ്ടെന്നുവയ്ക്കാനുമൊക്കെ നാമോരോരുത്തരും ഉറച്ച തീരുമാനമെടുക്കുന്ന പക്ഷം അതു നമ്മുടെ അന്തരീക്ഷത്തെ പുനഃസൃഷ്ടിക്കുന്ന പുണ്യകർമ്മമായിത്തീരും. അതു സമൂഹത്തോടുള്ള നമ്മുടെ കൂട്ടുത്തരവാദിത്വവുമാണല്ലോ.

# കഥകളിയാചാര്യൻ ഗുരു ചേമഞ്ചേരി ഇനി ഓർമകളിൽ

■ ഡാലിയ

മുതിർന്ന കഥകളിയാചാര്യനും നൃത്താധ്യാപകനും ആയിരുന്ന ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻനായർ അരങ്ങൊഴിഞ്ഞു. കഥകളിയുടെ വടക്കൻ ചിട്ടയുടെ പ്രചാരകരിൽ പ്രമുഖനായിരുന്നു.

1916 ജൂൺ 26 ന് കൊയിലാണ്ടി ചേലിയ കിണറ്റിൻകര വീട്ടിൽ ചാത്തുക്കുട്ടിനായരുടെയും അമ്മുക്കുട്ടിയുടെയും മകനായാണ് ചേമഞ്ചേരി കുഞ്ഞിരാമൻനായരുടെ ജനനം.

ബാല്യത്തിൽത്തന്നെ മാതാപിതാക്കന്മാർ നഷ്ടപ്പെട്ട കുഞ്ഞിരാമൻനായർ അമ്മാവന്മാരുടെ സംരക്ഷണത്തിലാണ് വളർന്നത്. നാട്ടിലെ പ്രധാന കോൽക്കളി ആശാന്മാരായിരുന്നു അവർ. കുഞ്ഞിരാമൻനായരുടെ കലാരംഗത്തേക്കുള്ള പ്രവേശനത്തിന് ഇത് സഹായകമായി.

വാര്യംവീട് തറവാട്ടിലെ നാടകസംഘം അവതരിപ്പിച്ച വള്ളിത്തിരുമണം നാടകത്തിലെ തോഴിയെ അവതരിപ്പിച്ചാണ് കലാരംഗത്തു തുടക്കം കുറിച്ചത്. ആ നാടകത്തിന്റെ മുഖ്യസംഘാടകനായിരുന്ന പള്ളിക്കര ഗോവിന്ദമേനോനാണ് കുഞ്ഞിരാമൻനായരെ കഥകളിയിലേക്കു കൈപിടിച്ചു നടത്തിയത്.

കഥകളി അഭ്യസിക്കുന്നതിൽനിന്നു കാരണവന്മാർ വിലക്കിയിട്ടും സഹോദരിയുടെ പക്കൽനിന്നു കടംവാങ്ങിയ നാലണയുമായി നാടുവിട്ട കുഞ്ഞിരാമൻനായർ മേപ്പയൂരിലെ രാധാകൃഷ്ണ കഥകളിയോഗത്തിൽ ചേർന്നു. പാലക്കാട് കരുണാകരമേനോനായിരുന്നു ആദ്യഗുരു. കിരാതത്തിലെ പാഞ്ചാലിയായിരുന്നു അരങ്ങത്തെ ആദ്യവേഷം. കുചേലനും ദുര്യോധനനും കീചകനുമായെല്ലാം വേഷങ്ങൾ കെട്ടിയാടിയെങ്കിലും കൃഷ്ണവേഷത്തിലാണ് ശോഭിച്ചത്.



ഗുരു കരുണാകരമേനോന്റെ മരണശേഷം, ഗാന്ധിശിഷ്യയായിരുന്ന കൗമുദിറ്റീച്ചറായിരുന്നു കുഞ്ഞിരാമൻനായരുടെ കലായാത്രയിൽ വഴികാട്ടിയായത്. കടത്തനാട്ട് രാമവർമ്മത്തമ്പുരാന്റെ മകളായിരുന്ന കൗമുദിറ്റീച്ചർ തന്റെ വിദ്യാലയത്തിലെ കുട്ടികളെ നൃത്തം പഠിപ്പിക്കാൻ ആവശ്യപ്പെട്ടു. കഥകളിയല്ലാതെ മറ്റൊരു നൃത്തരൂപവും അറിയില്ലായിരുന്ന ചേമഞ്ചേരി, കൗമുദിറ്റീച്ചറിന്റെ പ്രോത്സാഹനഫലമായാണ് പ്രശസ്തനർത്തകിയായിരുന്ന ബാലചന്ദ്രഭായിയിൽനിന്നു ഭരതനാട്യം അഭ്യസിച്ചത്.

കഥകളിയും മോഹിനിയാട്ടവും സമന്വയിപ്പിച്ച് ചിട്ടപ്പെടുത്തിയ കേരളനടനം എന്ന കലാരൂപത്തിന്റെ രൂപകല്പനയിലും പ്രചാരണത്തിലും ഗുരു ഗോപിനാഥിനോടൊപ്പം കുഞ്ഞിരാമൻ നായർ അക്ഷീണം പ്രവർത്തിച്ചു.

1977 ൽ മലബാർ സുകുമാരൻ ഭാഗവതർക്കൊപ്പം പൂക്കാട് കലാലയവും 1983 ൽ ചേലിയ കഥകളി വിദ്യാലയവും ചേമഞ്ചേരി കുഞ്ഞിരാമൻ നായർ സ്ഥാപിച്ചു. കൃഷ്ണലീലയെന്ന കലാരൂപവും കണ്ണൂരിലെ ഭാരതീയ നൃത്തകലാലയവും കുഞ്ഞിരാമൻനായരുടെ പ്രയത്നഫലമായി പിറവികൊണ്ടവയാണ്.

തലശ്ശേരി ഫെയറി സർക്കസിനുവേണ്ടി ചേമഞ്ചേരി ചിട്ടപ്പെടുത്തിയ കൃഷ്ണഗോപികാനൃത്തം പുതുമ നിറഞ്ഞ ഒരു നൃത്താവിഷ്കാരമായിരുന്നു. അറുപതോളം നൃത്തനാടകങ്ങൾ ചിട്ടപ്പെടുത്തി രംഗത്തവതരിപ്പിച്ചിട്ടുണ്ട്. ഇവയിൽ മിക്കതിലും പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്തു.

2017 ൽ രാജ്യം പത്മശ്രീ ബഹുമതി നൽകി കുഞ്ഞിരാമൻനായരെ ആദരിച്ചു. 1979 ൽ നൃത്തത്തിനു സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു. 1999 ൽ കഥകളിക്കും നൃത്തത്തിനും കേരള സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ്, 2001 ൽ കേരള കലാമണ്ഡലത്തിന്റെ വിശിഷ്ടസേവന പുരസ്കാരം, കലാമണ്ഡലം ഏർപ്പെടുത്തിയ കലാരത്നം അവാർഡ്, കേന്ദ്ര സാമൂഹ്യനീതിവകുപ്പിന്റെ വയോശ്രേഷ്ഠപുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചു. 2002 ൽ കൊച്ചി കേരളദർപ്പണം നാട്യകുലപതിയായി പ്രഖ്യാപിച്ചു. പത്തുവർഷം കേരള ഗവൺമെന്റ് നടനഭൂഷണം എക്സാമിനറായും ഒരു വർഷം കേരള കലാമണ്ഡലം എക്സാമിനറായും മൂന്നു വർഷം തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം നൃത്തവിഭാഗം ഓഡീഷൻ കമ്മിറ്റി അംഗമായും ഒരു വർഷം സംഗീതനാടക അക്കാദമി ജനറൽ കൗൺസിൽ അംഗമായും സേവനമനുഷ്ഠിച്ചു.

■

# ആർച്ചുബിഷപ് ലിയോപോൾഡോ ജിറെല്ലി

## ഭാരതത്തിന്റെ പുതിയ അപ്പസ്തോലിക് നുൺഷ്യോ



ബെംഗളൂരു: ഇറ്റാലിയൻ ആർച്ചുബിഷപ് ലിയോപോൾഡ് ജിറെല്ലിയെ ഫ്രാൻസിസ് പാപ്പ ഇന്ത്യയുടെ പുതിയ അപ്പസ്തോലിക് നുൺഷ്യോയായി (പാപ്പയുടെ പ്രതിനിധി) നിയമിച്ചു. ഇസ്രായേലിന്റെയും സൈപ്രസിന്റെയും അപ്പസ്തോലിക് നുൺഷ്യോയായും, ജെറുസലേം, പലസ്തീൻ എന്നിവിടങ്ങളിലെ അപ്പസ്തോലിക് പ്രതിനിധിയായും സേവനം ചെയ്തുവരികയായിരുന്നു അദ്ദേഹം. 1978 ജൂൺ 17 ന് ബെർഗാമോ രൂപതയിൽ പൗരോഹിത്യപട്ടം സ്വീകരിച്ച അദ്ദേഹം ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും കാനോൻ നിയമത്തിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.

1953 മാർച്ച് 13 ന് വടക്കൻ ഇറ്റലിയിലെ ലൊംബാർഡിയിലെ ബെർഗാമോയിലുള്ള പ്രിഡോറെയിലാണ് ജനനം. 1987 ജൂലൈ മാസത്തിലാണ് വത്തിക്കാന്റെ നയതന്ത്രവിഭാഗത്തിലേക്കു നിയമിക്കപ്പെടുന്നത്. കാമറൂണിലെയും ന്യൂസിലൻഡിലെയും പാപ്പയുടെ നയതന്ത്രദൗത്യങ്ങളിൽ ഭാഗഭാക്കായ മെത്രാപ്പോലീത്ത അമേരിക്കൻ വിദേശകാര്യമന്ത്രാലയത്തിലെ വത്തിക്കാൻ വിഭാഗത്തിലും അമേരിക്കയിലെ അപ്പസ്തോലിക കാര്യാലയത്തിലെ കൗൺസിലറായും സേവനം ചെയ്തിട്ടുണ്ട്. 2006 ഏപ്രിൽ 13 ന് ബെനഡിക്ട് പതിനാറാമൻ പാപ്പ അദ്ദേഹത്തെ ഇന്തോനേഷ്യയിലെ അപ്പസ്തോലിക സ്ഥാനപതിയായും കാപേരെയിലെ ടൈറ്റുലർ മെത്രാപ്പോലീത്തായായും നിയമിച്ചിരുന്നു. ഇതേവർഷം ജൂൺ 17 നാണ് കർദിനാൾ ആഞ്ചെലോ സൊഡാനോ ഇദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുന്നത്.

2011 ജനുവരി 13 ന് സിംഗപ്പൂരിലെ അപ്പസ്തോലിക് നുൺഷ്യോയായി നിയമിതനായ റവ. ജിറെല്ലി മലേഷ്യ, ബ്രൂണൈ എന്നിവിടങ്ങളിലെ അപ്പസ്തോലിക പ്രതിനിധിയായും, വിയറ്റ്നാമിന്റെ നോൺ റെസിഡൻഷ്യൽ പൊന്തിഫിക്കൽ പ്രതിനിധിയായും സേവനം ചെയ്തു. 2017 സെപ്റ്റംബർ 13 നാണ് അദ്ദേഹം ഇസ്രായേലിന്റേ അപ്പസ്തോലിക് നുൺഷ്യോയായും ജെറുസലേം, പലസ്തീൻ എന്നിവിടങ്ങളിലെ അപ്പസ്തോലിക പ്രതിനിധിയായും നിയമിക്കപ്പെടുന്നത്.

---

ചരിത്രത്തിലെ ജ്വാലാമുഖികൾ

①



വത്സല നിലമ്പൂർ

# ഭാരതാംബയുടെ വീരപുത്രി

മണികർണിക - സ്വാതന്ത്ര്യ സമരചരിത്രത്തിലെ ധീരവനിത. 1958 ൽ ഝാൻസിരാജ്യം വളഞ്ഞ ബ്രിട്ടീഷ് സൈന്യത്തിനെതിരേ, വളർത്തുമകൻ ദാമോദറിനെ ശരീരത്തോടു ചേർത്തുകെട്ടി, ഇരുകൈകളിലും വാളേന്തി, കുതിരയുടെ കടിഞ്ഞാൺ കടിച്ചുപിടിച്ചു ജീവൻ വെടിഞ്ഞവൾ.

ശത്രുവിന്റെ വാൾത്തലപ്പിൽ ശിരസ്സിന്റെ ഒരു ഭാഗവും വലതു കണ്ണും അറ്റുവീണപ്പോഴും രാജ്യത്തിനായി അവർ സധൈര്യം പോരാടി. തന്നെ മുറിപ്പെടുത്തിയ ബ്രിട്ടീഷ് സൈനികന്റെ തലയറുത്തതിനുശേഷമാണ് ആ ധീരവനിത പിടഞ്ഞുവീണത്.

ഇന്ത്യൻ സ്ത്രീകളുടെ അടിമത്തമനോഭാവത്തിനു മേൽ പതിച്ച പ്രഹരമായിരുന്നു റാണി ലക്ഷ്മീഭായി. ലോകമൊട്ടാകെ അടക്കിവാണ ബ്രിട്ടീഷ് സാമ്രാജ്യത്തോടു വിധേയപ്പെടാൻ ഭാരതത്തിലെ ഭരണാധികാരികൾ വഴങ്ങിയപ്പോൾ റാണി ലക്ഷ്മീഭായി അതിനൊരുങ്ങിയില്ല. ഝാൻസിയെന്ന ചെറുനാട്ടുരാജ്യത്തിന്റെ ആ റാണി, വിധവയെന്ന പരിമിതികളിൽ പിന്നാക്കം പോകാനോ അതിന്റെ സൗജന്യങ്ങൾ പറ്റാനോ തയ്യാറായതുമില്ല. പകരം, 'എന്റെ ഝാൻസി ഞാൻ വിട്ടുകൊടുക്കില്ല' എന്നാക്രോശിച്ചുകൊണ്ട് അടർക്കളത്തിലേക്കിറങ്ങുകയാണു ചെയ്തത്. യുദ്ധഭൂമിയിലെ ആ മനോധൈര്യത്തിനു മുന്നിൽ ബ്രിട്ടീഷുകാർ പലപ്പോഴും പതറി. റാണിയുടെ രക്തസാക്ഷിത്വം പാഴായിപ്പോയില്ലെന്ന് ചരിത്രം നമ്മോടു പറയുന്നു.



ഝാൻസി റാണി ലക്ഷ്മീഭായി

ബാബാ ഗംഗാ ദാസിന്റെ കുടിലിനു മുന്നിൽ ഝാൻസിയുടെ വീരപുത്രിക്ക് ഉണക്കപ്പുല്ലിന്റെ പട്ടടയൊരുക്കിയത് ഭൃത്യനായ രാമചന്ദ്ര ദേശ്മുഖായിരുന്നു. വിപ്ലവകാരികളുടെ ജഡത്തെപ്പോലും അപമാനിക്കുന്ന ശീലമുള്ള ബ്രിട്ടീഷുപട്ടാളത്തിനു തൊടാനാകുംമുമ്പ് റാണിയുടെ ശരീരം ഭസ്മമാക്കപ്പെട്ടു. 1857 ലെ സ്വാതന്ത്ര്യസമരജ്വാലകളിൽ ഏറ്റവും തിളക്കമേറിയ തീനാമ്പുകൾ ഉയർന്നുവന്നത് ആ യുവതിയുടെ ചിതയിൽനിന്നായിരുന്നു.

1857 ലെ സ്വാതന്ത്ര്യസമരയോദ്ധാക്കളിലെ ഏറ്റവും ധീരയായ പോരാളിയാണ് ലക്ഷ്മീഭായിയെന്ന് ബ്രിട്ടീഷ് പട്ടാളത്തലവൻ സർ ഹ്യൂഗ് റോസ് രേഖപ്പെടുത്തി. ഭാരതമാകട്ടെ, ആ മഹതിയുടെ ഓർമകൾ അനശ്വരമാക്കാൻ പെൺമക്കൾക്ക് റാണിയുടെ നാമം നൽകി ആദരിച്ചു. എന്തിനേറെ, സുഭാഷ് ചന്ദ്രബോസ് ഐഎൻഎയുടെ വനിതാവിഭാഗത്തിനും അതേ പേരു നൽകി.

യുദ്ധവും പോരാട്ടവുമൊക്കെ പൗരുഷത്തിന്റെ പ്രതീകമായി കണക്കാക്കിയിരുന്ന കാലത്ത്, അത്തരം ചിന്തകൾക്കടിസ്ഥാനമില്ലെന്നു പ്രഖ്യാപിച്ച അവർ അങ്ങനെ ഭാരതത്തിന്റെ സാമൂഹികനവോത്ഥാനത്തിൽ ചെറുതല്ലാത്ത പങ്കുവഹിക്കുകതന്നെ ചെയ്തു.

---

# പരുവപ്പെടാത്ത പങ്കാളികൾ

പ്രണയപാഠാവലി ⑦⑤



ഡോ. ആന്റണി ജോസ്

കഴിഞ്ഞ അഞ്ചു ലക്കങ്ങളിലായി, അഞ്ചുതരം മുദ്രിതവ്യക്തിത്വങ്ങളെക്കുറിച്ചു കാണുകയുണ്ടായി. ഇവ എത്രകണ്ട് ഒരു വ്യക്തിയിൽ പ്രവർത്തിക്കുന്നു എന്നതു പ്രസക്തമായ കാര്യമാണ്. എല്ലായ്പോഴും സമ്പൂർണ സ്വരൂപത്തിൽ ഒരു വ്യക്തിത്വവും ആവിർഭവിക്കണമെന്നില്ല. ചിലപ്പോൾ അതിരുകടന്ന വിധം കൂടിപ്പോകാം. അല്ലെങ്കിൽ മന്ദീഭവിച്ചതാകാം. ആരോഗ്യകരമായ കുടുംബജീവിതത്തിന് ഇത്തരം ഉയർച്ചതാഴ്ചകൾ ഗുണമൊന്നും ചെയ്യുന്നില്ല. സമഞ്ജസതയാണ് അഭികാമ്യം. എല്ലാ മുദ്രിതവ്യക്തിത്വങ്ങളുടെയും മേന്മകൾ ആവാഹിക്കപ്പെടണം. അതാണ് പക്വതയുടെ മാനദണ്ഡം. മാറിച്ചിന്തിക്കുവാനുള്ള മനസ്സ് (തുറന്നപ്രകൃതം), ചിട്ടയും കഠിനാ



ധ്വാനവും (കണിശപ്രകൃതിക്കാരൻ), നല്ല സാമൂഹികബന്ധം (ബഹിർമുഖത്വം) മറ്റുള്ളവരുടെ വേദന തന്റേതാണെന്ന് അറിയൽ (കാരുണ്യപ്രകൃതം) ഇവയൊക്കെ കൃത്യമായ അനുപാതത്തിൽ ഒരാളിലുണ്ടെങ്കിൽ! അയാൾ ലോകത്തെ ഭരിക്കേണ്ടവനാണ്. അങ്ങനെയാകാനല്ലേ എല്ലാവരും ആഗ്രഹിക്കുന്നതുപോലും!

മുദ്രിതവ്യക്തിത്വങ്ങൾ ജനിതകപരമായ അടിത്തറയിൽനിന്നാണ് ഉരുവംകൊള്ളുക. അതിനെ പെട്ടെന്നുടച്ചു വാർക്കുക സാധ്യമല്ല. അതേസമയം, ബാഹ്യലോകത്തുനിന്നുള്ള സംവേദനങ്ങൾ അവയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുമുണ്ട്. അതായത്, സാഹചര്യങ്ങൾ വ്യക്തിത്വത്തെ പരുവപ്പെടുത്തും എന്നു ചുരുക്കം.

മുദ്രിതവ്യക്തിത്വത്തിലെ അപനിർമിതികളെ ചെത്തിയൊതുക്കാനും ചൈതന്യത്തെ സ്വാംശീകരിച്ചുറപ്പിക്കാനും നന്മയുടെ ചായക്കൂട്ടുകൾ സ്വത്വത്തിലേക്കു പകരാനും എങ്ങനെയാണു സാധിക്കുക?

ശൈശവത്തിൽ ആരംഭിക്കേണ്ട പരിശീലനമാണിത്. തിരിച്ചറിവുണ്ടാകുന്ന പ്രായംവരെ മാതാപിതാക്കന്മാരിൽനിന്നു സ്വഭാവരൂപീകരണത്തിന്റെ ദിവ്യദൂതുകൾ കിട്ടണം. വിദ്യാലയത്തിൽ അധ്യാപകർക്കാണ് ഈ ചുമതല. ശരിയായ ഉൾക്കാഴ്ച നല്കലാണ് കാതലായ വശം. തുറന്ന സംസാരം, അനുകരണീയമായ മാതൃകകൾ ഇതൊക്കെ ഉപകാരപ്പെടാം.

പ്രായപൂർത്തിയാകുന്നവർക്ക് ഏറ്റവും ഉത്തമം ആത്മവിശകലനമാണ്. തന്റെ നിലപാടുകളെ മറ്റുള്ളവർ എപ്രകാരം വിലയിരുത്തുന്നു എന്നു കണ്ടെത്തലാണിത്. താൻ അസ്വീകാര്യനാകുന്നു എന്നറിയുമ്പോൾ പരുവപ്പെടാൻ തയ്യാറായിക്കൊള്ളുക.

പരന്ന വായനയ്ക്കിടം നല്കണം. അഴുക്കും പൊടിയും പുരണ്ട ആത്മബോധത്തിന്റെ സിംഹാസനങ്ങളെ അതു ശുദ്ധീകരിക്കണം.

ആത്മസുഹൃത്തുക്കൾക്കു ചെവികൊടുക്കുക. നമ്മുടെ പെരുമാറ്റത്തിലെ അരമുള്ള ഭാഗങ്ങൾ രാകി മിനുക്കാൻ അവർക്കായേക്കും.

ദാമ്പത്യജീവിതത്തിൽ ഓരോ പങ്കാളിയും ഏതെങ്കിലുമൊരു മുദ്രിതവ്യക്തിത്വത്തിന്റെ ബ്രാന്റ് അംബാസിഡറാകാം. അവിടെ വേണ്ടത് പരസ്പരമുള്ള കേൾക്കലാണ്. വിമർശനം തന്റെ ഗുണത്തിനാണെന്നു മനസ്സിലാക്കണം. അഥവാ പറഞ്ഞു പഠിക്കണം. എങ്കിലേ പങ്കാളിക്കുവേണ്ടി നമുക്കു പരുവപ്പെടാനാകൂ.

എന്നാൽ, മാറ്റങ്ങൾക്കോ പരുവപ്പെടലുകൾക്കോ സാധ്യതയില്ലെങ്കിലോ? ധർമോപദേശങ്ങളും കൗൺസെലിംഗുകളും പ്രഹസനമാകുമ്പോൾ? പങ്കാളി ഇണയ്ക്കും മറ്റുള്ളവർക്കും ഒരു തലവേദനയാണന്നറിഞ്ഞാൽ? പ്രണയം മാനിക്കപ്പെടാതെ വന്നാൽ?

വ്യക്തിയുടെ മാനസികാരോഗ്യം വിലയിരുത്തപ്പെടേണ്ടിവരും. ഇവിടെയാണു ദാമ്പത്യജീവിതത്തിൽ വലിയ സ്വൈരക്കേടുകളുമായിട്ടെത്തുന്ന മനോരോഗങ്ങൾക്കുള്ള പങ്ക്. അത്ര നിസാരകാര്യമല്ലെന്നറിയുക.



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

# മൗനം വാചാലമാക്കിയ നീതിമാൻ



**നാ**നാതരത്തിലുള്ള നാശനഷ്ടങ്ങളുടെയും നൊമ്പരങ്ങളുടെയും നിരാശയുടെയും നിലയില്ലാക്കയത്തിൽ നീന്തിത്തളർന്ന നിമിഷങ്ങളിലും നല്ല ദൈവത്തെ പഴിപറയാതെ പഴയ നിയമത്തിലെ പതിറ്റവരുടെ പിതാവ് ഇപ്രകാരം ചോദിച്ചു: "ദൈവദൃഷ്ടിയിൽ നീതിജ്ഞരായിരിക്കാൻ നരരിൽ ആർക്കാവും?" (ജോബ് 4:17). നൂറ്റാണ്ടുകൾക്കുശേഷം പാവനാത്മാവിനാൽ പ്രേരിതനായി സുവിശേഷകൻ നസറത്തിലെ ഒരു നാട്ടാശാരിയെ സ്മരിച്ചുകൊണ്ട് പ്രസ്തുത ചോദ്യത്തിന് ഉത്തരമെന്നവണ്ണം സാക്ഷ്യപ്പെടുത്തി: "ജോസഫ് നീതിമാനായിരുന്നു" (മത്താ. 1:19). ഏറെയൊന്നും ആരും അവനെക്കുറിച്ച് എഴുതിയില്ല. എങ്കിലും, 'നീതിമാൻ' എന്ന ഏകവാക്കിൽ ആ സാത്വികന്റെ സംഭവബഹുലമായ ജീവചരിതം സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. വിശ്വവിമോചകന്റെ വളർത്തച്ഛനായിരുന്ന ആ വലിയ മനുഷ്യനെപ്പറ്റിയുള്ള വിശുദ്ധഗ്രന്ഥവർണന ഇത്ര ശുഷ്കമായിപ്പോയതിൽ ശങ്കിക്കേണ്ടതില്ല. വിശിഷ്ട ജന്മങ്ങൾക്കു വിശേഷണങ്ങൾ അധികം ആവശ്യമില്ലല്ലോ? അവരുടെ ആന്തരികമേന്മ അക്ഷരക്കൂട്ടുകളുടെ അർത്ഥങ്ങൾക്കും അതീതമാണ്.

നസറത്തിലെ ജോസഫ് രാജവംശജനായിരുന്നെങ്കിലും അവന്റെ കരയിണകളിൽ ഉളിയും കൊട്ടുവടിയുമാണു കൂട്ടിനുണ്ടായിരുന്നത്. കാലുകളിൽ കനകമെതിയടികൾക്കു പകരം തേഞ്ഞുതുടങ്ങിയ തോൽച്ചെരിപ്പ്. തങ്കക്കിരീടത്തിനു പകരം മരപ്പൊടിമണമുള്ള തലപ്പാവ്. അരയിൽ അങ്കവാളിനു പകരം അളവുകോൽ. പരിമളം പൂശിയ പട്ടുകുപ്പായങ്ങൾക്കു പകരം വിയർപ്പിന്റെ വാസനയുള്ള വേലവസ്ത്രം. പിന്നെയെന്തായിരുന്നു ആ മരയാശാരിയുടെ മഹത്ത്വം? എന്തായിരുന്നു അവന്റെ നീതിയുടെ നിദാനം? ഒരു വരിയിൽ ഒതുക്കിപ്പറഞ്ഞാൽ ഉത്തരം ഇങ്ങനെയാകാമെന്നു തോന്നുന്നു: നീതിസ്വരൂപനും സത്യവാനുമായ ദൈവത്തിന്റെ (ദിന. 32:4) പൂഴിമണ്ണിലെ പാദമുദ്രയായിരുന്നു അവൻ. അപരൻ അർഹിക്കുന്നത് അവന് അളന്നുകൊടുക്കുക എന്നതാണ് ലോകനീതിയെങ്കിൽ, അപരന് അനർഹമായിട്ടുള്ളതുപോലും അളവുകളില്ലാതെ കൊടുക്കുക എന്ന സ്വർഗനീതിയെ ജോസഫ് സ്വജീവിതശൈലിയാക്കി അഭ്യസിച്ചു. കൈയിലുണ്ടായിരുന്നവയെല്ലാം കർത്താവിനും കുടുംബത്തിനും കണ്ടവർക്കെല്ലാവർക്കും അവൻ കണ്ണടച്ചുകൊടുത്തു.

നീതിസൂര്യനായ ദൈവത്തെ ചന്ദ്രബിംബത്തെപ്പോലെ ചുറ്റിസഞ്ചരിച്ച് ആ പ്രഭാസ്രോതസ്സിൽനിന്നു തേജസ്സു സ്വാംശീകരിച്ച് പ്രതിദിനജീവിതത്തിൽ പ്രതിഫലിപ്പിച്ചു. സ്വർഗഹിതത്തെ സ്വന്തഹിതമാക്കി. ദൈവേഷ്ടത്തിന്റെ ദിവ്യാൾത്താരയിൽ സകലതും സമർപ്പിച്ചു. നശ്വരമായ നരജന്മത്തളികയിൽ പിച്ചയായിക്കിട്ടിയ പുരുഷായുസ്സ് പൂർണമായും സ്വന്തമല്ലാതിരുന്ന സ്വപ്നങ്ങൾക്കും, പൊരുളറിയാത്ത പദ്ധതികൾക്കുമായി പണയപ്പെടുത്തി. കർത്താവിന്റെ കിനാവുകളിലും, നിനവുകളിലും സ്ഥാനം സുസ്ഥിരമാക്കി. കൈമുതലെന്നു പറയാൻ കേവലമൊരു പകൽക്കിനാവുപോലുമില്ലായിരുന്നു കാരണം, അവൻ കണ്ടവയിലൊന്നുപോലും അവന്റേതായിരുന്നില്ല, പിന്നെയോ, മനുഷ്യരക്ഷയെപ്രതി ദൈവത്തിന്റെ മിഴിവല്ലികളിൽ മൊട്ടിട്ടവയായിരുന്നു. അവയിലൊക്കെ വെറുമൊരു വേഷമിടാൻ അവൻ വിളിക്കപ്പെട്ടു എന്നു മാത്രം. അതിനാൽ, ദൈവത്തിന്റെ തിരുവുള്ളച്ചിറകുകളിൽ തന്റെ തളിർക്കിനാക്കൾ തൂവലുകളായി തുന്നിച്ചേർത്തുവച്ച് അവിടുത്തേക്കിഷ്ടമുള്ള ദിക്കുകളിലേക്കും ദേശങ്ങളിലേക്കും വഹിച്ചുകൊണ്ടുപോകാൻ വിട്ടുകൊടുത്തു. സ്വപ്നങ്ങളിലെ സന്ദേശങ്ങളെ വിശകലനം ചെയ്യാനല്ല, അവയിൽ വിശ്വാസം നിക്ഷേപിക്കാനാണ് അവൻ പരിശ്രമിച്ചത്. സമയാസമയങ്ങളിൽ ദൈവം ചുരുളഴിച്ചുകൊടുത്ത രക്ഷാകരരഹസ്യങ്ങളുടെ അന്തസാരങ്ങൾ മുഴുവൻ മനസ്സിലാക്കാതെ തന്നെ അവയുടെ ദാതാവിന് സ്വയം അടിയറവുവച്ചു. അത്യുന്നതന്റെ ആഗ്രഹങ്ങൾക്കടിമപ്പെട്ടുകൊണ്ട് പരിശുദ്ധ അമ്മ അരുൾ ചെയ്ത ആദ്യത്തെ 'ആമ്മേൻ' പോലെതന്നെ മാനവലോകത്തിന്റെ മോചനചരിത്രത്തിൽ മഹത്തരമായിരുന്നു ആ മരപ്പണിക്കാരന്റെ മൗനസമ്മതവും.

വിശുദ്ധ വെളിപാടുകളുടെ വെള്ളിപ്പാളങ്ങളിലൂടെ ചിരപ്രയാണം ചെയ്തതിനാൽ അവന്റെ പദ്ധതികളൊന്നും പതിരിടപോലും പാളിപ്പോയില്ല. തന്റെ പ്രയത്നങ്ങളെ പരംപൊരുളായവന്റെ പരിപാലനയ്ക്കു പ്രതിഷ്ഠിച്ചതിനാൽ അവയെല്ലാംതന്നെ ഫലമണിഞ്ഞു. കാവലായിരുന്ന കർത്താവിൽ പൂർണഹൃദയത്തോടെ പ്രത്യാശയർപ്പിച്ചതിനാൽ അവന്റെ കാലുകൾ കുടുക്കിൽപ്പെട്ടില്ല. സർവശക്തനു സദാ സ്വീകാര്യനായിരുന്ന അവന്റെ അധരങ്ങളിലും ആലോചനകളിലും ദൈവനിശ്ചയം കുടികൊണ്ടിരുന്നു. കുശവനായ കർത്താവിന്റെ കരവിരുതിൽ കമനീയമായി കടഞ്ഞെടുക്കപ്പെട്ട കളിമൺകലശമായിരുന്നു ആ കരുണാമയൻ.

വേളിക്കുമുമ്പേ വയറ്റിലുള്ളവളും, തന്മൂലം തിരസ്കൃതയുമായി മാറിയ മറിയമെന്ന നാടൻപെണ്ണിനു നാട്ടുക്കൂട്ടം നല്കുമായിരുന്ന ശാസനങ്ങളിൽനിന്നും ശിക്ഷകളിൽനിന്നും ശരണമേകാൻ സാധുവായ ഒരു സത്രം സൂക്ഷിപ്പുകാരന്റെ വേഷം സസന്തോഷം അവൻ സ്വീകരിച്ചു. കർത്താവ് കഴുത്തിൽ കെട്ടിത്തൂക്കിയിട്ടു കൊടുത്ത കുരിശുകളെ കൂസലുകൂടാതെ ഒരു കഴുതയെപ്പോലെ ചുമന്നു. പ്രതിസന്ധികളുടെ പരിണതഫലങ്ങളെക്കുറിച്ചു ചിന്തിക്കാതെ ചങ്കൂറ്റത്തോടെ അവയെ ആ തടിപ്പണിക്കാരൻ തരണം ചെയ്തു. ശത്രുകോപത്തിൽനിന്നു ശിശുവിനെ രക്ഷിക്കാൻ ഉള്ളിന്റെയുള്ളിൽ ഉത്കണ്ഠകളുടെ ഉമിത്തീയുമായി പരദേശത്തേക്കു പലായനം ചെയ്തപ്പോഴും പരാതികളോ പരിഭവങ്ങളോ ആ പാവത്തിനില്ലായിരുന്നു. അരുമസുതനും അമ്മയ്ക്കും അവസാനംവരെ സ്നേഹവും സന്തോഷവും വാത്സല്യവും വാരിക്കോരിക്കൊടുത്തു. അവരിവരും തന്റേതുമാത്രമല്ലെന്നറിയാമായിരുന്നിട്ടും അന്നവും അഭയവും നല്കി. അവരുടെ സംതൃപ്തിയായിരുന്നു ആ സാധുശീലന്റെ സമ്പാദ്യവും സാഫല്യവും. പ്രാർത്ഥിക്കാനും പ്രായത്തിലും ജ്ഞാനത്തിലും പ്രീതിയിലും വളർന്നുവരാനും പുത്രനെ പഠിപ്പിച്ചു. ഒഴിവുവേളകളിൽ സഹധർമിണിയെ വീട്ടുവേലകളിൽ സഹായിച്ചു. മിഴികൾ മയങ്ങാതെയും നടുവു നിവർത്താതെയും കുടുംബത്തിനുവേണ്ടി കഠിനവേല ചെയ്തതിനാൽ അവന്റെ ശരീരത്തിന് ആരോഗ്യവും, അസ്ഥികൾക്ക് അനായാസതയും ആവോളമുണ്ടായിരുന്നു. വിശപ്പ് അനുഭവിക്കാൻ ഇടയനായ കർത്താവ് അവന് ഇടവരുത്തിയില്ല. ദൈവസൂനുവിന്റെ ദിവ്യദേഹത്തെ പാലിച്ച പാരിലെ പ്രഥമ സക്രാരിയായ കന്യാമറിയത്തിന്റെയരികിൽ കത്തിനിന്ന കെടാവിളക്കായിരുന്നു ആ കളങ്കരഹിതൻ. പതിവ്രതയും പരിശുദ്ധയുമായിരുന്ന മറിയത്തിന്റെ മിഴിദർപ്പണങ്ങളിൽ നീതിയുടെ നരാകാരമായി പ്രതിബിംബിച്ചുനിന്ന അവനെ അനുനിമിഷം കണ്ടുകൊണ്ടിരുന്നതിനാലാകാം ആ കന്യകയ്ക്ക് 'നീതിയുടെ നിലക്കണ്ണാടി' (Mirror of Justice) എന്ന മറുനാമം നല്കപ്പെട്ടത്.

നീതിയെ അവൻ ഒരിക്കലും ബലികഴിച്ചില്ല. മനസ്സാക്ഷിയുടെ മർമരങ്ങളെ മാനിച്ചിരുന്ന ആ മര്യാദക്കാരന്റെ നാഡികളിൽ നേരിന്റെ നീരോട്ടവും, നയനങ്ങളിൽ നിർമലതയുടെ നീലിമയുമുണ്ടായിരുന്നു. സത്യസന്ധവും സുകൃതനിർഭരവുമായ ജീവിതം സ്വന്തമുണ്ടായിരുന്ന അവന്റെ വക്ഷസ്സിനുള്ളിലെ വറ്റാത്ത നീരുറവയിൽനിന്ന് സത്യന്യായധർമാദികൾ നിർഝരികളായി നിറഞ്ഞൊഴുകിയിരുന്നു. സത്യവും ധർമവും നീതിയും ആ സമർപ്പിതന്റെ വ്രതത്രയമായിരുന്നു. നീതിരഹിതമായി അവൻ ഒന്നും നേടിയില്ല. നീതിയെ നിധിപോലെ കാത്തു. കള്ളത്തോതുകളോ, കപടക്കണക്കുകളോ കൈവശമില്ലായിരുന്നു. ദുർഭാഷികളിൽനിന്നും ദുർമാർഗികളിൽനിന്നും ദൂരെ നിന്നതിനാൽ ധർമിഷ്ഠരെയും നീതിജ്ഞരെയും കാക്കുന്ന കർത്താവ് അവന്റെ കോട്ടയായി നിലകൊണ്ടു.

'നിറകുടം തുളുമ്പില്ല' എന്ന ചൊല്ല് ആ ജീവിതത്തിൽ സാർത്ഥകമായി. സത്യവാനായിരുന്നതിനാൽ സർവശക്തന്റെ സൗഹൃദത്തിലായിരുന്ന അവന്റെ പാതകൾ പൂർവാഹ്നത്തിലെ പൊൻവെയിൽപോലെ പ്രകാശം പ്രസരിപ്പിച്ചുകൊണ്ടിരുന്നു (സുഭാ. 4:18). നല്ലവ നിനച്ചു; പഥ്യമായവ പറഞ്ഞു; ചന്തമുള്ളവ ചെയ്തു. അതുകൊണ്ടുതന്നെ, അവന്റെ നെഞ്ചറയിൽ നന്മയുടെ നെന്മണികൾ നിറഞ്ഞുകൂടി. പൊയ്മുഖങ്ങളണിഞ്ഞില്ല. കാപട്യത്തെ കാംക്ഷിച്ചില്ല. ആയതിനാൽ പ്രതിദിനം പുഷ്ടിപ്രാപിച്ചിരുന്ന അവന്റെ ഭവനത്തിൽ ഐശ്വര്യത്തിന്റെ ഭദ്രദീപം എപ്പോഴും ജ്വലിച്ചുനിന്നു. ആ തച്ചനെ തിന്മ തീണ്ടിയതേയില്ല.

അക്ഷരജ്ഞാനം അധികമില്ലായിരുന്നെങ്കിലും അനുഭവജ്ഞാനം അവന് ആവശ്യത്തിലേറെയുണ്ടായിരുന്നു. നിന്ദനങ്ങളുടെ നടുക്കടലിലും ജീവിതനൗകയിൽ നീതിയുടെ നങ്കൂരമിട്ടു കിടന്നു. കഷ്ടപ്പാടുകളുടെ കൽച്ചീളുകളും മനോവേദനകളുടെ മുള്ളുകളും നിറഞ്ഞ നിരത്തുകളിലൂടെ നീങ്ങാനായിരുന്നു ആ നിർദോഷിക്കിഷ്ടം. വിശുദ്ധമായതൊന്നും വിദൂരസ്ഥമാകാനോ കാതലുള്ളതൊന്നും കളഞ്ഞുപോകാനോ അവൻ അനുവദിച്ചില്ല. ചെയ്യാൻ കഴിഞ്ഞിരുന്ന നന്മകൾ അവയ്ക്കർഹരായിരുന്ന ആർക്കും അവൻ നിഷേധിച്ചില്ല. വിശ്വസിച്ചവരെ വഞ്ചിച്ചില്ല. നിർലോപം ദാനം ചെയ്തു. അങ്ങനെ, ദൈവത്തിനുള്ളത് ദൈവത്തിനും, മനുഷ്യർക്കുള്ളത് മനുഷ്യർക്കും (മർക്കോ. 12:17) പകുത്തുകൊടുത്ത ആ കൂലിപ്പണിക്കാരന്റെ കരളിൽ കർത്താവിന്റെ കൈയൊപ്പ് പതിഞ്ഞുകിടന്നിരുന്നു. അനശ്വരജീവന്റെ അവകാശിയായി വാനിടത്തിൽ വളർത്തുമകൻ ഒരുക്കിവച്ച വാസയിടങ്ങളിലൊന്നിൽ ആ വന്ദ്യപിതാവ് വാഴുന്നു.

നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹമാണ് (സുഭാ. 10:7). നസറത്തിലെ ജോസഫ് എന്ന നീതിമാന്റെ പിൻതലമുറക്കാരായ നാമും നീതിയിൽ നിലനിന്നാൽ സ്വർഗഭാഗ്യം നേടും. നീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിക്കുമ്പോൾ നമുക്കും സംതൃപ്തി സമ്മാനിക്കപ്പെടും (മത്താ.5:6). ആകയാൽ, നീതി ശീലിക്കാനുള്ള വേദഗ്രന്ഥത്തിന്റെ വിളി (സുഭാ. 1:3) സ്വീകരിക്കാം. നീതിയിൽ നിവസിക്കുകയെന്നാൽ യേശുവിൽ ജീവിക്കുകയെന്നത്രേ. കാരണം, അവനാണ് നമ്മുടെ നീതി (1 കൊറി. 1:30). ■



സാംസൺ പാലാ

യാത്ര

# പ്രൗഢം, ഗംഭീരം ഈ പാലസ്



ബക്കിങ്ഹാം പാലസ്

ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതിയും ലോകത്തിലെ ഏറ്റവും വലിയ ആഢംബരഭവനവുമായ, ലണ്ടനിലുള്ള വെസ്റ്റ്മിനിസ്റ്റർ സിറ്റിയിൽ സ്ഥിതി ചെയ്യുന്ന, ബക്കിങ്ഹാം പ്രഭുവിന്റെ രാജകൊട്ടാരമാണ് ബക്കിങ്ഹാം പാലസ് എന്നറിയപ്പെടുന്നത്. ആദ്യകാലത്ത് മൂന്നു നിലകളുള്ള ഒരു ചെറിയ കെട്ടിടമായിരുന്നു ഈ പാലസ്. 1703ൽ നിർമിച്ച ഈ കൊട്ടാരം 1763ൽ ജോർജ്ജ് മൂന്നാമൻ രാജാവ് അദ്ദേഹത്തിന്റെ ഭാര്യ ചാർലറ്റ് രാജ്ഞിക്കുവേണ്ടി ജോൺ ഷെഫീൽഡ് എന്നയാളോടു വാങ്ങി വിപുലമായ നവീകരണപ്രവർത്തനങ്ങൾ നടത്തിയ ശേഷം ക്വീൻ ഹൗസ് എന്നാക്കി മാറ്റി. പത്തൊമ്പതാം നൂറ്റാണ്ടിൽ ജോൺനാഷ്, എഡ്വേർഡ് ബ്ലോർ എന്നീ വാസ്തു ശില്പവിദഗ്ധർ ചേർന്ന് കൊട്ടാരം നവീകരിച്ച് നടുമുറ്റം അടക്കമുള്ള ഇന്നു കാണുന്ന പൂമുഖവും മറ്റും നിർമിച്ചു. 1837 ൽ വിക്ടോറിയ രാജ്ഞിയുടെ സ്ഥാനാരോഹണത്തെത്തുടർന്ന് പാലസ് ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗികവസതിയായി പ്രഖ്യാപിച്ചു. അന്നുമുതൽ ഈ കൊട്ടാരം ബക്കിങ്ഹാം പാലസ് എന്നറിയപ്പെടുന്നു. ഇതിന്റെ ഉടമസ്ഥാവകാശം വിവിധ രാജാക്കന്മാരിലൂടെയും പ്രഭുകുടുംബങ്ങളിലൂടെയും കൈമാറി ഒടുവിൽ ഇപ്പോഴത്തെ എലിസബത്ത് രാജ്ഞിയിൽ നിക്ഷിപ്തമായിരിക്കുന്നു. പുറമേനിന്നു നോക്കിയാൽ കാണുന്നത്ര നീളത്തിൽ പിൻഭാഗത്തേക്കു ചതുരാകൃതിയിലാണ് ഈ കൊട്ടാരം നിർമിച്ചിരിക്കുന്നത്. ജനങ്ങളെ അഭിവാദ്യം ചെയ്യുവാൻ പ്രത്യേക ബാൽക്കണിയും ഇതോടൊപ്പം പണി തീർത്തിട്ടുണ്ട്.

39 ഏക്കറിൽ വിന്യസിച്ചുകിടക്കുന്ന ഈ കൊട്ടാരത്തിന് 830000 ചതുരശ്രഅടി (77000 സ്ക്വയർ മീറ്റർ തറ വിസ്തീർണ്ണമുണ്ട്. 1514 വാതിലുകളും 760 ൽപ്പരം ജനലുകളുമുള്ള കൊട്ടാരത്തിലെ 775 മുറികളിൽ 52 എണ്ണം രാജകീയ കിടപ്പുമുറികളാണ്. 188 മുറികൾ സ്റ്റാഫ് ബെഡ് റൂമും. 92 ഓഫീസുമുറികൾ, 78 ബാത്ത് റൂം, പോസ്റ്റോഫീസ്, പോലീസ് സ്റ്റേഷൻ, ജയിൽ, തിയേറ്റർ, ഹെൽത്ത് ക്ലിനിക്ക്, മ്യൂസിക്ഹാൾ, എ.ടി.എം. കൗണ്ടർ, റോയൽ ബോൾ റൂം, ചൈനീസ് റീജൻസി ശൈലിയിൽ അനേക ചെറുമുറികൾ, പൂളുകൾ, 130 അടി നീളവും 60 അടി വീതിയുമുള്ള വിശാലമായ ഹാൾ, മറ്റനവധി റൂമുകൾ എന്നിവയുമുണ്ട്. ബ്രിട്ടനിലെ പ്രമുഖ രാജകീയ പരിപാടികൾ എല്ലാംതന്നെ വലിയ ഹാളിലാണു നടക്കുന്നത്. കൊട്ടാരത്തിലെ ചെറിയ ചടങ്ങിനുപോലും കുറഞ്ഞത് 8000 പേരെങ്കിലും പങ്കെടുക്കാറുണ്ട്. ഏറ്റവും മുകൾനിലയിലെ മുറികൾ രാജകുടുംബാംഗങ്ങൾക്കു മാത്രമുള്ളവയാണ്.

നടന്നുകയറാനുള്ള സ്റ്റെയർ കെയ്സ് കൂടാതെ ഒൻപത് ലിഫ്റ്റുകൾ ഓഫീസ് കാര്യങ്ങൾക്കായി സദാസമയവും പ്രവർത്തിക്കുന്നു. ഇതിനുള്ളിലെ ഓരോ മുറികളും വളരെ വിദഗ്ധരായ ശില്പചിത്രകലാകാരന്മാരുടെ കലാവിരുതുകൾകൊണ്ട് സമ്പന്നമാണ്. വലിയ ഓയിൽ പെയിന്റിംഗുകളും ശില്പങ്ങളും വളരെ ചിട്ടയോടെ രൂപകല്പന ചെയ്തിട്ടുള്ള മറ്റു കൊത്തുപണികളും എത്രകണ്ടാലും മതിവരുകയില്ല. വിശാലമായ കിടപ്പുമുറികളും ശില്പകലകൊണ്ട് ഭംഗിയാക്കിയിരിക്കുന്നു. ശില്പചാതുരി നിറഞ്ഞ രാജകീയ ഫർണിച്ചറുകളുടെ ഒരു നീണ്ട നിരതന്നെ ഇവിടെ കാണാം. അഞ്ഞൂറോളം രാജകീയ ക്ലോക്കുകൾ പാലസിലുണ്ട്. ഇവയെ പരിപാലിക്കുവാൻ ഒരു ക്ലോക്ക് മാസ്റ്റർ സദാസമയവും റെഡി. രാജ്ഞി കൊട്ടാരത്തിലുണ്ടോ എന്നറിയുന്നതിന് പാലസിന്റെ മുകളിൽ റോയൽ സ്റ്റാൻഡാർഡ് പതാകയും ഇല്ലാത്തപ്പോൾ ബ്രിട്ടന്റെ ഔദ്യോഗികപതാകയും ഉയർന്നുനിൽക്കും. ഇതിനായി പതാക ചെയ്ഞ്ച് ചെയ്യുന്നതിന് പ്രത്യേക ഫ്ളാഗ് സെർജന്റ് എപ്പോഴും ഡ്യൂട്ടിയിലുണ്ടാകും. ജൂലൈ അവസാനംമുതൽ സെപ്റ്റംബർ അവസാനംവരെ മാത്രമേ സന്ദർശകരെ അനുവദിക്കുകയുള്ളൂ.

കൊട്ടാരത്തിലെ വൈദ്യുതാലങ്കാരങ്ങൾ അതിമനോഹരമാണ്. ആദ്യകാലങ്ങളിലെ രാജകീയസ്ഫടിക വിളക്കുകളായിരുന്ന ചാൽഡിലിയേഴ്സ് നിരവധിയായി തൂക്കിയിട്ടിരിക്കുന്നതു കാണാം. ഇതിൽ വെളിച്ചത്തിനായി മെഴുകുതിരികളാണു കത്തിച്ചിരുന്നത്. നിരവധി വിളക്കുകൾ പഴയ രീതിയിൽത്തന്നെ ഇപ്പോഴും നിലനിർത്തിയിട്ടുണ്ട്. കൂടാതെ, നാല്പതിനായിരം ബൾബുകളുള്ള വിവിധയിനം റോയൽ ലൈറ്റ് ഫിറ്റിംഗ്സുകളും കൊട്ടാരത്തിന്റെ പ്രത്യേകതകളാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമനി ഈ കൊട്ടാരത്തിനു ബോംബിട്ടെങ്കിലും ഒരു ചാപ്പൽ മാത്രമേ നശിപ്പിക്കാൻ സാധിച്ചുള്ളൂ.

ലണ്ടനിലെ ഏറ്റവും വലിയ സ്വകാര്യഗാർഡനെന്നറിയപ്പെടുന്ന പാലസ് ഗാർഡൻ മുപ്പത് ഫുട്ബോൾ ഗ്രൗണ്ടുകളുടെ വലിപ്പത്തിൽ പരന്നുകിടക്കുന്നു. ഈ ഗാർഡനെ ഹാരിസൺ, ഗ്രീൻസ് ഗാർഡൻ, റോസ് ഗാർഡൻ എന്നിങ്ങനെ മൂന്നു പാർട്ടുകളായി തരംതിരിച്ചിരിക്കുന്നു. ഇംഗ്ലണ്ടിലെ ദേശീയപുഷ്പങ്ങളിൽപ്പെട്ട 25 ഇനം പൂക്കൾ ഇവിടെ സമൃദ്ധിയായി പരിപാലിക്കുന്നു. കൊട്ടാരത്തിനുപിന്നിൽ ഗ്രീൻഗാർഡനോടു ചേർന്നുള്ള തടാകത്തിൽ അരയന്നങ്ങൾ നീന്തിത്തുടിച്ചു വിലസുന്നു. രാജ്ഞിയുടെ ചില പ്രത്യേക പൂന്തോട്ടവിരുന്നുസൽക്കാരങ്ങൾ ഇവിടെയാണു നടക്കാറുള്ളത്. 1963 ൽ വിശാലമായ ഈ പാലസ് ഗാർഡനിൽ ഹെലിപ്പാഡ് നിർമിക്കാതെതന്നെ ഒരു ഹെലികോപ്റ്റർ ലാന്റ് ചെയ്യുകയുണ്ടായി. 2000-ാമാണ്ടിൽ അതേസ്ഥലത്തുതന്നെ പിന്നീട് ഹെലിപ്പാഡ് നിർമിച്ചു. പാലസും ലണ്ടൻ റ്റ്യൂബും തമ്മിൽ യോജിപ്പിക്കുന്ന രഹസ്യവഴികളുണ്ടെന്ന് ഊഹാപോഹങ്ങളുണ്ടെങ്കിലും കൊട്ടാരത്തിൽനിന്ന് ക്ലേരൻ ഹൗസിലേക്കും ഹൗസ് ഓഫ് പാർലമെന്റിലേക്കും തുരങ്കപാതയുണ്ട്. റോയൽ പാലസിലുള്ളവർക്കു മാത്രമേ ഇതിലൂടെ സഞ്ചരിക്കുവാൻ അനുവാദമുള്ളൂ. പ്രത്യേക സെക്യൂരിറ്റി ഗാർഡുകൾ സദാ എ.കെ. 47 തോക്കുമായി ഇവിടെ നിലയുറപ്പിച്ചിരിക്കും. പാലസിന്റെ തെക്കുഭാഗത്തുകൂടി ഒഴുകുന്ന റൈബേൺ എന്ന രഹസ്യനദി ഹാംസ്റ്റെഡ് എന്ന സ്ഥലത്തുനിന്ന് ഉദ്ഭവിച്ച് പാലസിന്റെ അടിയിൽക്കൂടി ഒഴുകി തേംസ് നദിയിൽ പതിക്കുന്നു.

ബ്രിട്ടീഷ് ഭരണസംവിധാനത്തിലെ പ്രധാനപ്പെട്ട ഒരു പൊതുചടങ്ങാണ് ചെയ്ഞ്ച് ഓഫ് ഗാർഡ്സ്. പഴയ സെക്യൂരിറ്റി ഭടന്മാർ പുതിയ സെക്യൂരിറ്റി ഭടന്മാരിലേക്ക് എല്ലാ ഉത്തരവാദിത്വങ്ങളും ഏല്പിച്ചുകൊടുത്ത് പിൻവാങ്ങുന്ന ചടങ്ങാണിത്. സെന്റ് ജെയിംസ് പാലസിനും വെല്ലിങ്ടൺ ബാരക്കിനുമിടയിലാണ് ചെയ്ഞ്ച് ഓഫ് ഗാർഡ് പരേഡ് നടക്കുന്നത്. പഴയ ഗാർഡുകൾ ബക്കിങ്ഹാം കൊട്ടാരത്തിനടുത്തുള്ള സെന്റ് ജെയിംസ് പാലസിൽനിന്നു പുറപ്പെടുമ്പോൾ പുതിയ ഗാർഡുകൾ വെല്ലിങ്ടൺ ബാരക്കിൽനിന്നു പുറപ്പെടുന്നു. നല്ല വൃത്തിയും വെടിപ്പുമുള്ള കൊട്ടാരത്തിന്റെ രാജവീഥികളിൽക്കൂടി ചിട്ടയായ പരേഡ് നടക്കുമ്പോൾ ഏറ്റവും മുമ്പിൽ പരേഡിനുള്ള ആചാരവസ്ത്രമണിഞ്ഞ് കയ്യിൽ ദണ്ഡുമായി ഒരാൾ നിൽക്കും. തൊട്ടുപിന്നിൽ ഡ്രമ്മിന്റെ താളമേളത്തോടെ ബാന്റ് സെറ്റും അതിനു പിറകിൽ ക്ലാർനറ്റുകാരും തോക്കേന്തിയ ഭടന്മാരും, പതാകയേന്തിയവർ, കുതിരപ്പുറത്ത് വാളേന്തിയ സെക്യൂരിറ്റി ഭടന്മാർ, കുതിരവണ്ടിയിൽ വരുന്നവർ എന്നിവരും അകമ്പടി സേവിക്കും.

പരേഡ് തുടങ്ങിക്കഴിഞ്ഞാൽ താളത്തിനൊപ്പിച്ചുള്ള ഗാർഡുകളുടെ കാൽവയ്പ്പ് പ്രത്യേക ശൈലിയിലാണ്. ശബ്ദമുഖരിതവും വർണ്ണശബളവുമായ ഈ പരേഡ് കാണാൻ വിദേശികളടക്കം പതിനായിരങ്ങൾ റോഡിന്റെ ഇരുവശങ്ങളിലും തിങ്ങി നിറഞ്ഞിരിക്കും.

രണ്ടു വശത്തുനിന്നും വരുന്ന സേനകൾ വിക്ടോറിയാ രാജ്ഞിയുടെ പ്രതിമയ്ക്കുചുറ്റി കൊട്ടാരമുറ്റത്തേക്കു കയറി അവിടെ വച്ച് ചെയ്ഞ്ച് ഓഫ് ഗാർഡ് ചടങ്ങുകൾക്കുശേഷം റോയൽ സല്യൂട്ട് നടത്തി സീനിയർ ഗാർഡുകൾ സല്യൂട്ട് മുഴക്കുന്നതോടെ ചടങ്ങ് അവസാനിക്കുന്നു. ആധുനിക ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പരമാധികാരത്തിന്റെ ശക്തി വിളിച്ചറിയിച്ച് ജനങ്ങളിൽ സുരക്ഷിതത്വവും ആത്മവിശ്വാസവും മനോധൈര്യവും പകരുന്നതാണ് ബക്കിങ്ഹാം പാലസിന്റെ മുൻപിൽ നടക്കുന്ന ഈ സൈനിക പരേഡ്.

■

## ഡോ. അഗസ്റ്റിൻ കുന്നത്തേടം ലോകശാസ്ത്രജ്ഞരുടെ പട്ടികയിൽ



യു.എസിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി പ്രഖ്യാപിച്ച ഏറ്റവും മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ കേരള യൂണിവേഴ്സിറ്റി റിട്ടയേർഡ് ബയോകെമിസ്ട്രി പ്രഫസർ ഡോ. കെ.ടി. അഗസ്റ്റിൻ കുന്നത്തേടം ഇടം നേടി.

അദ്ദേഹത്തെക്കൂടാതെ കേരളയൂണിവേഴ്സിറ്റിയിൽനിന്നു നാലുപേരും എം.ജി. യൂണിവേഴ്സിറ്റിയിൽനിന്നു വൈസ്ചാൻസിലർ സാബു തോമസും, തിരുവനന്തപുരം പാപ്പനംകോടുള്ള ശാസ്ത്രസ്ഥാപനമായ NIISTൽ നിന്ന് 15 പേരും കൊല്ലം അമൃതവിദ്യാപീഠത്തിലെ വിവിധ കേന്ദ്രങ്ങളിലുള്ള നാലു ശാസ്ത്രജ്ഞരും പട്ടികയിലുണ്ട്.

ലോകത്തിലെ 50 ലക്ഷം ശാസ്ത്രജ്ഞരിൽനിന്ന് ഒരു ലക്ഷംപേരെയാണ് സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി തിരഞ്ഞെടുത്തത്.

പുകയിലയിലെ കാൻസർജന്യവസ്തുവായ നിക്കോട്ടിനെ നിർവീര്യമാക്കുവാനും പെട്രോളിൽ ചേർക്കുന്ന ഈയത്തിനെ ദൂരീകരിക്കുവാനും ഉള്ളി-വെളുത്തുള്ളിത്തൈലങ്ങൾക്കു കഴിയുമെന്ന, സഹപ്രവർത്തകരുമായി ചേർന്നു നടത്തിയ ഗവേഷണപഠനങ്ങളിലെ കണ്ടുപിടിത്തത്തിനാണ് ഡോ. അഗസ്റ്റിൻ അംഗീകാരം നേടിയത്. പാലാ സ്വദേശിയായ ഇദ്ദേഹം ഇപ്പോൾ തിരുവനന്തപുരത്താണ് താമസം.

# ദുഃഖഭാരം

കഥ



ഉണ്ണി വാരിയത്ത്

മൗനം. ഘനീഭൂത ദുഃഖാസ്പദമൗനം.

അദ്ദേഹത്തെയും തന്നെയും മൗനദുഃഖത്തിലാഴ്ത്തിയത് അന്യരല്ല. സ്വന്തം മകളാണ്. ധന്യ.

കുട്ടിക്കാലത്തേ അവൾ ശാഠ്യക്കാരിയായിരുന്നു. വലുതായപ്പോൾ വാശിയുംകൂടി. അതാണ് തങ്ങളെ ധിക്കരിച്ച് വീടുവിട്ട് നീരജിന്റെകൂടെ അവൾ പോയത്.

ദുഃഖവും ദേഷ്യവും അമർത്തിപ്പിടിച്ച് വെറുപ്പോടെ അദ്ദേഹം പറഞ്ഞു:

"പുകഞ്ഞ കൊള്ളി!"

എല്ലാം തികഞ്ഞ പെണ്ണോ ആണോ ഭൂമിയിൽ ഇല്ലല്ലോ. എന്നിട്ടും നീരജിനെ എല്ലാം തികഞ്ഞവനെന്ന് ധന്യ വിശേഷിപ്പിച്ചു. മനശ്ചാ



ഞ്ചല്യമില്ലാതെ അവൾ പടിയിറങ്ങി.

അമ്മയച്ഛന്മാരെ തത്കാലത്തേക്കു മാത്രം സ്നേഹിച്ചവൾ കാമിച്ചു കാന്തനാക്കിയവനെ എക്കാലത്തേക്കും സ്നേഹിക്കുമെന്ന് എങ്ങനെ വിശ്വസിക്കും?

ദിവസങ്ങൾ ഓരോന്നായി കൊഴിഞ്ഞുപോയെങ്കിലും ദുഃഖം മാത്രം നിലനിന്നു.

എന്നിട്ടും തനിക്കു മകളെ പൂർണമായും മറക്കാനോ വെറുക്കാനോ കഴിഞ്ഞില്ലെന്നതാണ് നേര്. അമ്മമാരെല്ലാം ഇങ്ങനെയായിരിക്കുമോ?

ധന്യ ഒരമ്മയായി എന്ന് ആരോ പറഞ്ഞറിഞ്ഞപ്പോൾ പേരക്കുഞ്ഞിനെ കാണാൻ കൊതി തോന്നി. താൻ ഭാര്യ മാത്രമല്ലെന്നും അമ്മയും ഇപ്പോൾ മുത്തശ്ശിയുമാണെന്നും അദ്ദേഹത്തോടു പറഞ്ഞാലോ എന്നും, ചെന്നു കാണാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചാൽ അത് അദ്ദേഹത്തെ വേദനിപ്പിച്ചാലോ എന്നും വിചാരിച്ച് മൗനദുഃഖത്തെ കനപ്പിച്ചു.

തന്റെ മനസ്സിന്റെ വിങ്ങൽ മനസ്സിലാക്കിയതുകൊണ്ടാവാം അദ്ദേഹം പറഞ്ഞു:

"ലക്ഷ്മിക്ക് അവളെയും കുഞ്ഞിനെയും കാണണമെന്നുണ്ടാവും അല്ലേ? അവർ അർഹിക്കുന്നില്ലെങ്കിലും നമുക്ക് എല്ലാം മറക്കുകയും പൊറുക്കുകയും ചെയ്യാം. ഇന്നുതന്നെ നമുക്ക് അവരെ ചെന്നു കാണാം."

അത്രത്തോളം താഴാൻ അദ്ദേഹത്തിനു കഴിയുമെന്നു കരുതിയതല്ല. ആനന്ദക്കണ്ണീരൊഴുക്ക് തുടച്ചുകൊണ്ട് അദ്ദേഹത്തെ തൊഴുതു. അപ്പോൾ അറിയുമായിരുന്നില്ല കൂടുതൽ സങ്കടപ്പെടേണ്ടിവരുമെന്ന്.

അവിടെ ചെന്നപ്പോൾ, നീരജ് പുച്ഛത്തോടെ പറഞ്ഞു:

"ക്ഷണിക്കാതെ വരിക ഭിക്ഷക്കാരാണ്. അല്ലെങ്കിൽ പിരിവുകാർ. ഇരുകൂട്ടർക്കും ഇവിടെ പ്രവേശനമില്ല. ധന്യേ നീ എന്തു പറയുന്നു?"

"നീരജിനോട് ഞാൻ എന്നെങ്കിലും യോജിക്കാതിരുന്നിട്ടുണ്ടോ?" മറുചോദ്യം മറുപടിയാക്കി അവൾ.

ഞെട്ടിത്തരിച്ചുപോയി.

അപമാനഭാരത്തോടെ ഒരക്ഷരമുരിയാടാതെ തിരിഞ്ഞുനടക്കവേ പെട്ടെന്ന് അദ്ദേഹത്തിന്റെ കാലിടറി. അതു ഹൃദയത്തുടിപ്പിന്റെ താളം തെറ്റിയതിന്റെ സൂചനയായിരിക്കരുതേ എന്നു പ്രാർത്ഥിച്ചു.

മനസ്സിൽ കയറ്റിവയ്ക്കപ്പെട്ട മൗനദുഃഖഭാരം ഇറക്കിവയ്ക്കാൻ ആറടി മണ്ണിലേ കഴിയൂ എന്നുണ്ടോ?

■

# സ്വപ്നം

ഷാജി മാലിപ്പാറ



സ്വപ്നങ്ങൾ....
സ്വപ്നങ്ങളേ നിങ്ങൾ
സ്വർഗകുമാരികളല്ലോ
നിങ്ങളീ ഭൂമിയിൽ
ഇല്ലായിരുന്നെങ്കിൽ
നിശ്ചലം ശൂന്യമീ ലോകം!

പല വട്ടം കേട്ട വരികൾ. ഇനിയും കേൾക്കാൻ കൊതിക്കുന്ന വരികൾ. വേറെയുമുണ്ട് ഇത്തരം ഗാനങ്ങൾ.



ഉറക്കത്തിൽ വരുന്ന അനുഭൂതികളും ചിന്തകളുമാണ് സ്വപ്നങ്ങൾ എന്നൊരു നിർവചനം പറയുന്നു. ഉറക്കത്തിനും ഉണർവിനും ഇടയിലുള്ള ചെറിയ യാത്രകളാണത്രേ സ്വപ്നങ്ങൾ. നിർവചനങ്ങൾ പലതുണ്ട്; കവിവാക്യങ്ങളും. നാളത്തെ തേന്മാവിനോട് കവി സ്വപ്നങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്നേ പറയുന്നതു നോക്കൂ:

പൂഴിപ്പുതപ്പുടൻ മാറ്റി
പുറപ്പെടുക സോദരാ,
വെളിക്കു കാത്തുനിൽക്കുന്നൂ
വെളിച്ചം,മെഴുന്നേൽക്കുക.
(ജി. ശങ്കരക്കുറുപ്പ്)

വിഖ്യാതനായ ബ്രസീലിയൻ നോവലിസ്റ്റ് പൗലോ കൊയ്‌ലോയുടെ 'ആൽകെമിസ്റ്റ്' എന്ന നോവലിലെ 'സാന്റിയാഗോ' എന്ന ആട്ടിടയന്റെ വാക്കുകളിപ്രകാരം: "സഫലമാക്കാൻ തക്കവണ്ണമുള്ള ഒരു സ്വപ്നം മനസ്സിലുണ്ടാകുമ്പോഴേ ജീവിതം അർത്ഥപൂർണമാവുകയുള്ളൂ." സ്വപ്നം! അതാണു കാര്യം. പക്ഷേ, ഉറക്കത്തിൽ കാണുന്നതു മാത്രമാണോ സ്വപ്നം? ഉണർവിലുണ്ടാകുന്ന സ്വപ്നങ്ങളും പ്രധാനപ്പെട്ടവതന്നെയല്ലേ?

ലക്ഷ്യം നിർണയിക്കുന്ന സ്വപ്നങ്ങൾ ഉണർവിൽ സൂക്ഷിക്കുന്നവന് അതിലേക്കു വഴികാട്ടുന്ന സ്വപ്നങ്ങൾ ഉറക്കത്തിൽ ലഭിക്കും. ഇപ്രകാരം സ്വപ്നങ്ങളെ ലക്ഷ്യമായും വഴികാട്ടിയായും തിരിച്ചറിഞ്ഞനുഭവിക്കുന്ന ജീവിതത്തിന് മികച്ച ഉദാഹരണമാണ് വിശുദ്ധ യൗസേപ്പിതാവ്. സുവിശേഷത്തിലൂടെ നാം യൗസേപ്പിതാവിന്റെ സ്വപ്നങ്ങളിലേക്കു യാത്ര പോവുകയാണെങ്കിൽ മാനുഷികവും ദൈവികവുമായ സ്വപ്നങ്ങൾ/ലക്ഷ്യങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന വ്യക്തിയാണ് അദ്ദേഹമെന്നു തിരിച്ചറിയാൻ കഴിയും. പ്രധാനമായും രണ്ടു സ്വപ്നങ്ങളാണ് സുവിശേഷം അവതരിപ്പിക്കുന്നത്. ആദ്യത്തേത് (മത്താ. 1:20–23) മറിയത്തെക്കുറിച്ചും യേശുവിന്റെ ജനനത്തെക്കുറിച്ചുമുള്ള അറിയിപ്പാണ്. രണ്ടാമത്തേത് (മത്താ. 2:13) പലായനത്തിനുള്ള നിർദേശമാണ്.

ഇവിടെ ശ്രദ്ധേയമായ കാര്യം യൗസേപ്പിതാവ് തനിക്കു ലഭിച്ച സ്വപ്നങ്ങളെ ദൈവസ്വരമായി കണക്കാക്കിയെന്നതാണ്. സ്വപ്നങ്ങളിൽ വെളിപ്പെട്ട ദൈവസ്വരത്തെ അനുസരിച്ച്, അതിനു ചേർന്നവിധത്തിൽ പ്രവർത്തിച്ചുവെന്നതും മുഖ്യമാണ്. നാം ചെയ്യേണ്ടതും ഇതുതന്നെയല്ലേ? ദൈവസ്വരം കേൾക്കുക. ദൈവഹിതം അനുസരിക്കുക.

ഇന്നും ദൈവം ഉണർവിലും ഉറക്കത്തിലും നമ്മോടു സംവദിക്കുന്നുണ്ട്, സ്വപ്നമായും സന്ദേശമായുമൊക്കെ. ആ സ്വരം കേൾക്കാനും അനുസരിക്കാനും നാം മനസ്സുകാട്ടുമോ?

"ചില വിശുദ്ധന്മാർ ചില ആവശ്യങ്ങളിൽ പ്രത്യേക കാര്യക്ഷമതയോടെ നമ്മെ സഹായിക്കുന്നു. നമ്മുടെ പരിശുദ്ധ മധ്യസ്ഥനായ വി. യൗസേപ്പ് എല്ലാ കാര്യങ്ങളിലും എല്ലാ ആവശ്യങ്ങളിലും എല്ലാ ഉദ്യമങ്ങളിലും നമ്മെ സഹായിക്കുന്നു" – *വി. തോമസ് അക്വീനാസ്.*

# നാലുമണിപ്പൂവ്

കവിത സി. ഹരികുമാർ



ഗ്രാമവീഥിയിൽ
നിദ്രയെ പുല്കിടും
കുഞ്ഞുപൂവേ
കുസൃതിക്കുസുമമേ,

കാറ്റു മെല്ലെത്തലോടി
യുണർത്തവേ
കണ്ണുചിമ്മിയുണർന്ന്
വരിക നീ.

വെൺമയേറു
മിതളുവിടർത്തി നീ
ഗ്രീഷ്മമെങ്കിലും
വാടിത്തളരാതെ.


മാരിവില്ലിൻ
ചിരിതൂകി താഴത്തു
ചാഞ്ഞ സൂര്യാംശു
വേറ്റു കരിയാതെ.

ചിട്ട തെറ്റാതെ
ചാരുതയോടെ നീ
നിത്യവും വിരിഞ്ഞു-
ല്ലാസമോടവേ.

കാറ്റുപാടും
കവിതകൾ കേട്ടു നീ
ഞാറ്റുപാട്ടിൽ
കുളിരല മൂടിയും

നാണമോടെ
വിരിയും സുഗന്ധിയായ്
നാലു മണിക്കു
വിരിയുന്ന പുഷ്പമേ
നാദമില്ലാ
ഘടികാരമാണു നീ.

ചിരിപൊരി താവളം



# കാലം തെറ്റിപ്പിറന്ന കർമയോഗി



അനുസ്മരണം

**കേരളസഭയുടെ തനതുപൈതൃകം കാത്തുപാലിക്കുവാൻ വിദേശാധിപത്യത്തിനെതിരേ അവിശ്രമം പോരാടിയ കർമധീരനായ പാറേമ്മാക്കൽ തോമ്മാ ഗോവർണദോർ അന്തരിച്ചിട്ട് മാർച്ച് 20 ന് 222 വർഷം**

**ജോൺ മാളിയേക്കൽ**

പതിനാറാം നൂറ്റാണ്ടുവരെ ആദിമക്രൈസ്തവരുടെ അതേ ചൈതന്യം കാത്തുസൂക്ഷിച്ചുപോന്നവരാണ് മാർത്തോമ്മാനസ്രാണികൾ. ചേരമാൻ പെരുമാളും മറ്റുപല രാജാക്കന്മാരും മാർത്തോമ്മാക്രിസ്ത്യാനികൾക്ക് ഏറിയ സ്ഥാനമാനങ്ങളും പദവികളും നൽകി ആദരിച്ചുപോന്നു. നസ്രാണികൾക്കിടയിൽ ചതിവോ വഞ്ചനയോ ഉണ്ടായിരുന്നില്ല. സ്നേഹവും വിശ്വസ്തതയും മുഖമുദ്രയായിട്ടുള്ള ഇവർ 'ഇണങ്ങർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ, പോർച്ചുഗീസ് സഭാധികാരികൾ ഇവിടുത്തെ സഭയുടെമേൽ ആധിപത്യം ഉറപ്പിച്ചതു മുതൽ വലിയ പീഡനങ്ങൾക്കും അവഹേളനങ്ങൾക്കും അടിമത്തത്തിനും അവർ വിധേയരായി. ഇതിനെതിരേ ശബ്ദമുയർത്തിയ ധീരനേതാവാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ.

'ഇന്ത്യ ഇന്ത്യാക്കാരുടേത്, ഇന്ത്യ ഭരിക്കേണ്ടത് ഇന്ത്യാക്കാർ' എന്നുദ്ഘോഷിച്ച ആദ്യത്തെ ഭാരതീയനാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ. ജാതിക്കു തലവൻ ജാതിയിൽനിന്നുണ്ടായാലേ ജാതിക്കു ബലമുണ്ടാവുകയുള്ളൂവെന്നദ്ദേഹം പഠിപ്പിച്ചു. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി റോമായിൽച്ചെന്ന് മാർപാപ്പായെയും ലിസ്ബണിൽച്ചെന്ന് രാജ്ഞിയെയും നേരിൽക്കണ്ടു നിവേദനങ്ങൾ സമർപ്പിക്കുന്നതിനും ഇവിടത്തെ ക്രിസ്ത്യാനികൾ അനുഭവിച്ചുവരുന്ന നിന്ദനങ്ങളും അപമാനങ്ങളും പീഡനങ്ങളും ബോധ്യപ്പെടുത്തി വിദേശപാതിരിമാരുടെ അടിമത്തത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനും വേണ്ടി കരിയാറ്റിൽ മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരുംകൂടി നടത്തിയ വീരസാഹസിക 'ലിസ്ബൺ – റോമായാത്ര'യുടെ വിവരണങ്ങളാണ് ഇന്ത്യൻ ഭാഷകളിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകം. ഈ യാത്രയ്ക്കിടയിൽ കിട്ടിയ അനുഭവങ്ങളും ഉൾക്കാഴ്ചകളുമാണ് ഇതിലെ ഉള്ളടക്കം.

നീതി നിഷേധിക്കപ്പെട്ട മാതൃസഭയുടെ ദീനരോദനം വർത്തമാനപ്പുസ്തകത്തിലുടനീളം കേൾക്കാം. കാലം മറക്കാത്ത കൃതികളെയാണ് ക്ലാസിക് കൃതികൾ എന്നു പറയുന്നത്. എ.ഡി. 1785ൽ പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച വർത്തമാനപ്പുസ്തകം മലയാളത്തിലെ ഒരു ക്ലാസിക് കൃതിയാണ്. 'പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാനപ്പുസ്തകം ഏതു നിലയ്ക്കു നോക്കിയാലും കൈരളിക്കൊരു കനകാഭരണമാണ്' എന്നാണ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ പറഞ്ഞിരിക്കുന്നത്. ഇന്ന് അനേകം പണ്ഡിതന്മാരും ഗവേഷകരും ചരിത്രകാരന്മാരും ഭാഷാപ്രേമികളും ഈ ഗ്രന്ഥം പഠനവിഷയമാക്കിക്കൊണ്ടിരിക്കുന്നു.

ഇന്ത്യാക്കാർക്ക് അടിമച്ചങ്ങല അനിവാര്യമായ ഒരാഭരണമാണെന്ന് പാശ്ചാത്യമേലാളന്മാർക്കൊപ്പം ഭാരതമക്കളും ചിന്തിച്ചുതുടങ്ങിയ കാലത്താണ് ഈ വിമോചനയാത്രയ്ക്ക് ഇവർ തുടക്കം കുറിച്ചത്. അതിസാഹസികമായ ഈ യാത്ര പൂർത്തിയാക്കുവാൻ നീണ്ട എട്ടുവർഷം വേണ്ടിവന്നു. യാതൊരുവിധ യാത്രാസൗകര്യങ്ങളുമില്ലാതെ കാറ്റിന്റെ ഗതിയെമാത്രം ആശ്രയിച്ച് വെറും പായ്ക്കപ്പലുകളിൽ നടത്തിയ ഈ യാത്രയ്ക്കിടയിൽ ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളെക്കുറിച്ചും ഇന്ത്യൻ മഹാസമുദ്രം, അറ്റ്ലാന്റിക് മഹാസമുദ്രം, മധ്യധരണിക്കടൽ എന്നീ മഹാസമുദ്രങ്ങളെക്കുറിച്ചും നേരിൽ കണ്ടതും അനുഭവിച്ചറിഞ്ഞതും വിസ്മയകരവുമായ ഒട്ടേറെ കാര്യങ്ങൾ നേരിട്ടു കാണുന്നത്ര തന്മയത്വത്തോടെ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. തികച്ചും സത്യസന്ധമായി രചിക്കപ്പെട്ട ഈ സഞ്ചാരവൃത്താന്തം ചരിത്രാന്വേഷികളുടെ മുമ്പിൽ ആധികാരികരേഖയും അടിസ്ഥാന പ്രമാണവുമായി ഇന്നും നിലകൊള്ളുന്നു.

ഇന്ത്യയുടെ ആത്മാവിനെ തൊട്ടറിഞ്ഞ് ദേശീയത തുളുമ്പുന്ന വികാരം വായനക്കാരിൽ ജനിപ്പിക്കുവാൻ ഇത്രയേറെ പര്യാപ്തമായ ഒരു സഞ്ചാരകൃതി വേറേയില്ല. 'ഇന്ത്യാമക്കൾ നമ്മൾ', 'നാം ഒരു ജനത' എന്ന വികാരം ആദ്യമായി ഉദ്ഘോഷിച്ചുകാണുന്നത് വർത്തമാനപ്പുസ്തകത്തിലാണ്. തന്റെ ജനതയെ ആത്മബോധമുള്ളവരാക്കിത്തീർക്കുകയും അവർ ചുമന്നുകൊണ്ടു നടക്കുന്ന അടിമത്തനുകത്തിന്റെ വലുപ്പം അവർക്കു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തുകൊണ്ട് ഒരു വിമോചനസമരത്തിനു നേതൃത്വം കൊടുക്കുകയാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ ചെയ്തത്. ആ വിമോചനസമരത്തിന്റെ കഥയും കാഹളവുമാണ് വർത്തമാനപ്പുസ്തകം. ഇതു



വായിക്കുന്നവരുടെ ഹൃദയം സമുദായസ്നേഹത്താൽ തുടിക്കും, ദേശസ്നേഹത്താൽ പുളകിതമാകും. രാജ്യാഭിമാനമുള്ള ഏതൊരു മലയാളിയും വായിച്ചിരിക്കേണ്ട ഒരുത്തമകൃതിയാണു വർത്തമാനപ്പുസ്തകം.

മാതൃസഭയെ അമ്മയെപ്പോലെ സ്നേഹിച്ചവരാണ് മാർ കരിയാറ്റിയും പാറേമ്മാക്കൽ തോമ്മാക്കത്തനാരും. അമ്മയെ പീഡിപ്പിക്കുന്നതു നോക്കിനില്ക്കുവാൻ കഴിയാത്തതുകൊണ്ടാണ് സഭയെ പിച്ചിച്ചീന്തിയ വിദേശികളോട് 'മാ നിഷാദാ' എന്നാക്രോശിക്കുവാൻ തോമ്മാക്കത്തനാർ തയ്യാറായത്. ആ ഗർജ്ജനം ഇന്നും കേരളസഭയുടെ നഭോമണ്ഡലത്തിൽ അലയടികൾ ഉതിർക്കുന്നു. ഗോവയിൽവച്ചുണ്ടായ മാർ കരിയാറ്റിയുടെ മരണശേഷം കേരളക്കരയിൽ തിരിച്ചെത്തിയ പാറേമ്മാക്കൽ തോമ്മാക്കത്തനാർ നസ്രാണിസഭയുടെ ഗോവർണദോരായി പതിമ്മൂന്നുവർഷം സ്തുത്യർഹമാംവിധം സഭയെ നയിച്ചു. നസ്രാണിസഭയുടെ ഭരണകാര്യങ്ങളിൽ മേലിൽ കൈകടത്തലുകൾ ഉണ്ടാകുന്നതല്ല എന്നൊരു വ്യവസ്ഥയിൽ പാതിരിമാരെക്കൊണ്ട് ഒപ്പിടുവിക്കുവാനും തന്റെ ജീവിതകാലമത്രയും ഈ വ്യവസ്ഥ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും അദ്ദേഹത്തിനു സാധിച്ചു. തിരുവിതാംകൂർ – കൊച്ചി രാജാക്കന്മാരുടെ പിന്തുണയും ഇതിനുണ്ടായിരുന്നു.

വിദേശപാതിരിമാരാൽ പാശ്ചാത്യവത്കരിക്കപ്പെട്ട നസ്രാണിസഭയെ പുനരുദ്ധരിക്കുവാനും ചിട്ടപ്പെടുത്തുവാനും സഭയുടെ പൈതൃകം കാത്തു സൂക്ഷിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചു. അതിനായി നസ്രാണിസഭയ്ക്കു തനതായ ഒരു സെമിനാരിക്ക് അദ്ദേഹം രൂപംകൊടുത്തു. ആറാം മാർത്തോമ്മായുടെ തിരിച്ചുവരവിനുവേണ്ടിയും തന്നാലാകുന്ന പരിശ്രമം അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. ടിപ്പുസുൽത്താൻ ചുട്ടെരിച്ച പള്ളികളെല്ലാം അദ്ദേഹം പുനഃസ്ഥാപിച്ചു.

നസ്രാണിസഭയുടെ സങ്കടങ്ങളിലും ക്ലേശങ്ങളിലും ഒരു സഭാത്മകഭ്രാന്തനെപ്പോലെ അദ്ദേഹം വ്യാപരിച്ചു. സഭയിലെ പ്രതിസന്ധികളെ കാടിളക്കി പുറംലോകത്തിനു കാണിച്ചുകൊടുത്ത 'ഗജവീര'നായ തോമ്മാക്കത്തനാർ കാലം തെറ്റിപ്പിറന്ന കർമ്മയോഗിയും ക്രാന്തദർശിയുമായിരുന്നു. വിദേശാധിപത്യത്തിനെതിരേ പടപൊരുതുന്നതിനിടയിൽ അദ്ദേഹം ഒരുപാട് സങ്കടങ്ങളുടെയും സഹനങ്ങളുടെയും ആൾരൂപമായി മാറി. ദുഃഖങ്ങളും പ്രയാസങ്ങളും എതിർപ്പുകളും ഒരിക്കലും അദ്ദേഹത്തെ വിട്ടുമാറിയിട്ടില്ല. ഈ സഹനങ്ങളത്രയും മാതൃസഭയുടെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടിയാണ് അദ്ദേഹം ഏറ്റെടുത്തത്. വിശ്രമമില്ലാത്ത അദ്ദേഹത്തിന്റെ ജീവിതം അദ്ദേഹത്തിന്റെ കായശേഷിയെ തളർത്തി. മൂന്നുവർഷം അദ്ദേഹം രോഗശയ്യയിൽ കഴിച്ചുകൂട്ടി. 1736 സെപ്റ്റംബർ 10ന് ഭൂജാതനായ പാറേമ്മാക്കൽ തോമ്മാക്കത്തനാർ 1799 മാർച്ചുമാസം 20–ാം തീയതി തന്റെ 63–ാമത്തെ വയസ്സിൽ ദിവംഗതനായി. മാർച്ചു മാസം 20–ാം തീയതി ആ പുണ്യാത്മാവിന്റെ ഓർമ്മ നാമിന്നും ആചരിച്ചുപോരുന്നു.

■

# സാമൂഹികവിമർശനം സാഹിത്യത്തിന്റെ ധർമമാണ്

**മാർ ജോസഫ് കല്ലറങ്ങാട്ട്**

സമൂഹത്തിന്റെ മൂല്യനിരാസങ്ങൾക്കെതിരേയുള്ള പ്രതിഷേധവും പ്രതിരോധവുമാണ് സാഹിത്യത്തിന്റെ ധർമമെന്നും അതു ഭാഷയെയും സംസ്കാരത്തെയും ശുദ്ധീകരിക്കുമെന്നും പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്. റവ.ഡോ. തോമസ് മൂലയിൽ രചിച്ച് ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയ 'ഷട്ടപ്പ്' എന്ന പുസ്തകത്തിന്റെ പ്രകാശനം പാലാ ബിഷപ്സ് ഹൗസിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പുസ്തകത്തിന്റെ കോപ്പി ഏറ്റുവാങ്ങി.

മലയാളഭാഷയുടെയും സംസ്കൃതിയുടെയും വേരുകളിലേക്ക് ഇനിയും സഞ്ചരിക്കാനുണ്ടെന്നും അങ്ങനെ ഭാഷയുടെ ഓജസ്സും തേജസ്സും ഓരോ മലയാളിയും വീണ്ടെടുക്കേണ്ടതുണ്ടെന്നും ബിഷപ് ഓർമിപ്പിച്ചു. കഥാകൃത്ത് ഡി. ശ്രീദേവി ആശംസാപ്രസംഗം നടത്തി. ഡോ. ജോസ് കാക്കല്ലിൽ, ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, റവ. ഡോ. കുര്യൻ മറ്റം, ഫാ. കുര്യാക്കോസ് നരിതൂക്കിൽ, നരിവേലിൽ മത്തായിക്കത്തനാർ, ഫാ. കുര്യൻ തടത്തിൽ, ബ്ര. ഐവിൻ വെട്ടുകല്ലുംപുറത്ത്, പ്രഫ. സിജു ജോസഫ്, ഡോ. ജോസ് ജെയിംസ്, അഡ്വ. സണ്ണി ഓടയ്ക്കൽ, ജെയ്സൺ, നിരുപമ എത്സബത്ത് തുടങ്ങിയവർ പങ്കെടുത്തു.



*ഡോ. തോമസ് മൂലയിൽ രചിച്ച് ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയ 'ഷട്ടപ്പ്' എന്ന ഹാസ്യകഥാസമാഹാരം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനു നല്കി പ്രകാശനം ചെയ്യുന്നു.*



പുതിയ നോവൽ ആരംഭിക്കുന്നു

# പതിനാലാമെടം

ഗിരീഷ് കെ. ശാന്തിപുരം

## പൂത്തുതളിർത്ത മുന്തിരിവള്ളികൾ

**അ**ങ്ങനെ കുളിച്ചുകയറി വന്ന കാറ്റാണ്...

ജന്നുസറേത്ത് തടാകം നീന്തിക്കയറി വന്ന കാറ്റിൽ നാർദീൻ സുഗന്ധമുണ്ടായിരുന്നു. സുഗന്ധവാഹിയായ കാറ്റ്, ഒരു നിശാസംഗീതംപോലെ മഗ്ദലേനയ്ക്കു മുകളിലൂടെ മൂളക്കം കൊണ്ടു.

നിലാവ് ഇറുന്നുവീഴുകയാണ്...

പാൽനിറമാർന്ന ലിനൻ കച്ചമാതിരി മഗ്ദലേനയ്ക്കു മുകളിൽ നിലാവിന്റെ നിശാകമ്പളം വിരിഞ്ഞുകിടന്നു. നക്ഷത്രഖചിതമായ ആകാശം ഒരു കനിവുപോലെ മഞ്ഞു പൊഴിച്ചുകൊണ്ടേയിരുന്നു.

വെണ്ണാടയണിഞ്ഞ വിലാസവതിയായ ശാരോൺ പെൺകൊടിയെപ്പോലെയായിരുന്നു മഗ്ദലേന. അവളുടെ തിരുനെറ്റിയിൽ പ്രകൃതി തൊടുവിച്ച വെൺചന്ദനക്കുറിപോലെ താബോർമലയുടെ ആകാശത്തിൽ പൂർണചന്ദ്രൻ...

നിലാവിൽ സൈത്തുമരങ്ങൾ നിഴൽ വിരിച്ച മഗ്ദലേനാത്തെരുവിൽ വഴിമറന്ന യാത്രക്കാരനെപ്പോലെ അനനിയാദ് നിന്നു...

അർദ്ധമയക്കത്തിൽ സ്വപ്നം കാണുന്ന, ഗലീലിയിലെ താരുണ്യവതികളെപ്പോലെ തെരുവോരങ്ങളിൽ ഇനിയും വിളക്കുകളണയാത്ത അസംഖ്യം മണിമാളികകൾ. ഇതിൽ ഏതാണ് താനന്വേഷിക്കുന്ന സ്വപ്നസൗധം...?

താനന്വേഷിക്കുന്ന മണിമേടയിൽ മാത്രം രാത്രിവിളക്കുകൾ കണ്ണടയ്ക്കാറില്ലെന്നാണല്ലോ പറഞ്ഞറിവ്. പക്ഷേ, ഇവിടെ, ഈ മഗ്ദലേനാത്തെരുവോരങ്ങളിൽ വിളക്കുകളണയാത്ത വീടുകളെത്ര?

രാവെത്രെ ചെന്നിരിക്കും...?

അനനിയാദ് ചിന്തകൊണ്ടു. ഒരു നിശ്ചയവും കിട്ടിയില്ല. അന്തിക്കു മുമ്പേ മദ്യശാലയിൽനിന്നു കഴിച്ച പഴക്കമുള്ള വീഞ്ഞിന്റെ ലഹരി അനനിയാദിനെ ശരിക്കും ഗ്രസിച്ചുകഴിഞ്ഞിരിക്കുന്നു.

എങ്കിലും അനനിയാദ് തന്റെ അരപ്പട്ടയിൽ തിരുകിയിരുന്ന നാണയക്കിഴികൾ പരിശോധിച്ചുനോക്കി. അവ ഭദ്രമാണെന്നു കണ്ട് ആശ്വാസം കൊള്ളുകയുമുണ്ടായി. താൻ അന്വേഷിക്കുന്നിടം എത്തിയില്ലെങ്കിൽ ഹെർമോണിലേക്കു മടങ്ങിപ്പോകണമല്ലോ....

അങ്ങനെ ചിന്തിച്ചെങ്കിലും ഒരു മടക്കയാത്ര അനനിയാദിനെ സംബന്ധിച്ചിടത്തോളം സാധ്യമായിരുന്നില്ല. കാരണം, സ്വന്തം ഭവനത്തിൽ അവൻ ഒരടിമയ്ക്കു തുല്യനായിരുന്നു. പകലാറുവോളം പിതാവിന്റെ ഭൃത്യൻമാർക്കൊപ്പം മുന്തിരിത്തോപ്പുകളിലും ഗോതമ്പുവയലുകളിലും അവൻ വേല ചെയ്തു. ഭക്ഷണവും ഉറക്കവുമൊക്കെ അവർക്കൊപ്പമായിരുന്നു.

ഹെർമോൺ കുന്നിറക്കങ്ങളിൽ മുന്തിരിത്തോട്ടങ്ങളും ശാരോൺ സമതലങ്ങളിൽ ഗോതമ്പുപാടങ്ങളും അസംഖ്യം ഒട്ടകങ്ങളും കഴുതകളും ചെമ്മരിയാട്ടിൻപറ്റങ്ങളും അനേകം ഭൃത്യന്മാരും ദാസിമാരും സ്വന്തമായുള്ള നിന്റെ പിതാവ് നിന്നോട് ഇപ്രകാരം പ്രവർത്തിക്കുന്നതെന്ത്? ഭൃത്യന്മാർ അനനിയാദിനോടു ചോദിക്കുകയുണ്ടായി.

"നിന്റെ, പിതാവ് ഞങ്ങക്കു യജമാനനായിരിക്കുന്നതുപോലെ



നീയും ഞങ്ങക്കു യജമാനൻ തന്നെയല്ലയോ?"

പക്ഷേ, അനനിയാദ് ഭൃത്യന്മാരുടെ ചോദ്യങ്ങൾക്കു മറുപടി നല്കിയില്ല. അവൻ അവരോടൊപ്പം വിശ്രമമില്ലാതെ ജോലി ചെയ്യുക മാത്രം ചെയ്തു. തങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കാതെ ഒരു കഴുതയെപ്പോലെ വേല ചെയ്യുന്ന അനനിയാദിന്റെ സ്വഭാവത്തെക്കുറിച്ച് ഭൃത്യന്മാർ അദ്ഭുതം കൂറുകയും ചിലപ്പോഴൊക്കെ പരിഹസിക്കുകയും ചെയ്തിരുന്നു. അനനിയാദാകട്ടെ, അതൊന്നും കേട്ടതായി ഭാവിച്ചുപോലുമില്ല.

"നിന്റെ പിതാവ് നിന്നോടു നീതി പ്രവർത്തിക്കുന്നില്ല.'' അവർ പറഞ്ഞു.

അനനിയാദ് അതിനും മറുപടി പറഞ്ഞില്ല. തനിക്കു നഷ്ടമാകുന്ന സൗഭാഗ്യങ്ങളെപ്രതി വിഷാദിച്ചുമില്ല. തന്റെ പിതാവിന്റെ ഭവനത്തിലെ ഭക്ഷണമേശയിൽ നിരക്കുന്ന മേൽത്തരം ധാന്യങ്ങൾകൊണ്ടുള്ള വിശിഷ്ടഭോജ്യങ്ങളും അനേകം ദാസിമാരുടെ ഉടവുതട്ടാത്ത മാദകത്വമോ പട്ടുമെത്തയിലെ സുഖനിദ്രയോ കുതിരസവാരിയോ ഒന്നും അവനെ മോഹിപ്പിച്ചില്ല.

ഗോതമ്പുവയലുകൾക്കു സമീപം ഒലിവുമരങ്ങൾ നിഴൽ വിരിക്കുന്ന കുന്നിൻ ചെരിവിലെ കാവൽപ്പുരയ്ക്കുള്ളിലെ ഏകാന്തത അനനിയാദിനെ ആനന്ദിപ്പിച്ചു. നൂൽമഴപോലെ മഞ്ഞുപെയ്യുന്ന, വെൺനിലാവിറുന്നു വീഴുന്ന രാത്രികളുടെ നിശ്ശബ്ദതയിൽ അനനിയാദ് കാവൽപ്പുരയിലിരുന്നു കുഴലൂതി സന്തോഷം കൊണ്ടു. ഏതോ കാട്ടുമൃഗത്തിന്റെ പൊള്ളക്കൊമ്പിൽ സുഷിരങ്ങളുണ്ടാക്കി സ്വയം രൂപപ്പെടുത്തിയ കുഴൽ വായിക്കാൻ അനനിയാദിന് ഒരു പ്രത്യേക വിരുതുതന്നെയുണ്ടായിരുന്നു.

കുളിരുറയുന്ന രാത്രികളിൽ അനനിയാദിന്റെ കുഴൽപ്പാട്ടു കേട്ട് ഭൃത്യന്മാർ തങ്ങളുടെ ഭാര്യമാരെയും കാമുകിമാരെയും ചിന്തിച്ചു നെടുവീർപ്പിടും. പിന്നെയവർ മയക്കത്തിലേക്കും സ്വപ്നങ്ങളിലേക്കും ആഴ്ന്നുപോകുമ്പോഴും അനനിയാദ് കുഴൽ വായിച്ചുകൊണ്ടിരിക്കും. ഹെർമോൺ പർവതങ്ങൾക്കപ്പുറം ഉദയത്തുടിപ്പുകൾ കീറുവോളം കുഴൽപ്പാട്ടങ്ങനെ തുടർന്നുകൊണ്ടേയിരിക്കും.

രാത്രിമഴ വീഴവേ മഴയുടെ സംഗീതം കേൾക്കാൻ കാതുകൾ തുറന്നു കണ്ണുകളടച്ച് അനനിയാദ് ഉറങ്ങാതെ കിടക്കും. കമ്പിളിപ്പുതപ്പിനുള്ളിലെ ഇളംചൂടിൽ അനനിയാദിന്റെ ഹൃദയം രാത്രിവൃഷ്ടിയുടെ ഈണത്തിൽ കുളിരുകോരും.

ഒരു മീവൽക്കുരുവിയുടെ മനസ്സായിരുന്നു അനനിയാദിന്. അവന്റെ സ്വപ്നങ്ങൾക്ക് ലവംഗസൗരഭ്യം ചേർന്നിരുന്നു.

പുലർകാലങ്ങളിൽ തന്റെ വീടിന്റെ മട്ടുപ്പാവിലിരുന്ന് കിന്നരംമീട്ടാൻ അനനിയാദ് ഇഷ്ടപ്പെട്ടിരുന്നു. പാലസ്തീനായിലെ കുന്നിൻചെരുവുകളും സമതലങ്ങളും തടാകങ്ങളും കണ്ടു നടക്കാനും സിനഗോഗുകളിൽ പോയി പഠിക്കാനും പ്രവാചകഗ്രന്ഥങ്ങൾ വായിക്കാനും വേദപണ്ഡിതന്മാരുമായി തർക്കങ്ങളിലേർപ്പെടാനും അനനിയാദിന് എന്തെന്നില്ലാത്ത കമ്പമായിരുന്നു. എന്നാൽ, അനനിയാദിന്റെ പിതാവാകട്ടെ അവനെ ഏറെക്കാലം അതിനൊന്നും അനുവിച്ചില്ല.

"നീ ഭൃത്യന്മാരോടൊപ്പം കൃഷിയിടങ്ങളിൽ ചെന്നു വേല ചെയ്യുക..." അലിവും സ്നേഹും വറ്റിവരണ്ട പരുപരുത്ത ശബ്ദത്തോടെ പിതാവ് പറഞ്ഞു. അനനിയാദാകട്ടെ പിതാവിന്റെ വാക്കുകളെ ധിക്കരിച്ചില്ല. അദ്ദേഹത്തിന്റെ ഇച്ഛപോലെ അവൻ വേലക്കാരോടൊപ്പം കൃഷിത്തോട്ടങ്ങളിലേക്കു യാത്ര തിരിച്ചു.

തന്റെ ഭവനത്തിൽ പിതാവിനോടൊപ്പമുള്ള സുഖജീവിതത്തെക്കാൾ വേലക്കാരോടൊപ്പമുള്ള വയലേലകളിലെ ജീവിതമായിരുന്നു അനനിയാദിന് ആസ്വാദ്യം. അതവൻ തന്റെ ഭൃത്യരോടു സൂചിപ്പിക്കുകയും ചെയ്തു. എങ്കിലും കൊച്ചുയജമാനന്റെ ആഗമനം ഭൃത്യന്മാരെ സംബന്ധിച്ചിടത്തോളം അനിഷ്ടകരമായ ഒന്നായിരുന്നു.

കൃഷിയിടങ്ങളിലും കളപ്പുരയിലും തങ്ങൾ കാണിക്കുന്ന കളവുകൾ കൊച്ചുയജമാനൻ കണ്ടുപിടിക്കുമെന്നും തങ്ങൾ പുറത്താക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യപ്പെട്ടേക്കാമെന്നും അവർ ഭയപ്പെട്ടു. അങ്ങനെ സംഭവിക്കാനിടവന്നാൽ അവനെ രഹസ്യമായി ഇല്ലായ്മ ചെയ്യാനും അവർ പദ്ധതിയിട്ടിരുന്നു. പക്ഷേ, അനനിയാദിൻനിന്ന് ഭയക്കത്തക്കതായി ഒന്നുമുണ്ടായില്ല. പകലാറുവോളം വയലുകളിൽ വേല ചെയ്യുന്നതിലും വിശ്രമനേരങ്ങളിൽ കുഴൽ വായിച്ച് രസിക്കുന്നതിലും ഏകനായിരിക്കുന്നതിലുമപ്പുറം അവൻ മറ്റൊന്നിലും ശ്രദ്ധിച്ചില്ല.

അനനിയാദ് ഒരു സ്വപ്നാടകനെപ്പോലെയായിരുന്നു... ആർക്കും മനസ്സിലാകാത്തവണ്ണം നിഗൂഢവും ഗോപ്യവുമായ എന്തോ ഒന്ന് അവനിലുണ്ടായിരുന്നു. അരൂപവും അജ്ഞേയവുമായ അവന്റെ സ്വഭാവത്തെ ഭൃത്യന്മാരാകട്ടെ ഭയപ്പെടുകയും അതോടൊപ്പം മുതലാക്കാൻ ശ്രമിക്കുകയും ചെയ്തു.

അവർ തങ്ങളുടെ കൊച്ചുയജമാനന് ലഹരിയുള്ള വീഞ്ഞും രുചിയുള്ള മാംസവും കഴിപ്പാനൊരുക്കിക്കൊടുത്തു. മുന്തിരിത്തോപ്പുകൾക്കരികിലെ കാവൽപ്പുരയിൽ സൗന്ദര്യവതികളായ ഹെബ്രായസ്ത്രീകളെ ഒരുക്കിക്കൊടുത്തു.

പക്ഷേ, അനനിയാദാകട്ടെ സ്ത്രീകളെ സ്പർശിച്ചില്ല. രാവിരുട്ടിൽ കാവൽപ്പുരയിലെ വിളക്കുവെട്ടം മിനുക്കിയ മാദകരൂപങ്ങളെ അവൻ നിഷ്കരുണം നിരസിച്ചുകളഞ്ഞു.

പാലസ്തീനായിലെ ഒട്ടുവളരെ അഭിസാരികമാരും അവനായി കാവൽപ്പുരയിലെത്തി. അനനിയാദിനാകട്ടെ ഇളക്കം തട്ടിയില്ല. അവനെ ഉണർത്താൻ പോന്നവരാരും ഭൃത്യന്മാരാൽ ഒരുക്കപ്പെട്ടില്ല. സ്ത്രീകളെക്കുറിച്ചുള്ള അവന്റെ സങ്കല്പങ്ങൾ ജറുസലേമിലെ ഗോപുരങ്ങൾപോലെ ഉത്തുംഗങ്ങളും ഗലീലിയാക്കടൽ പോലെ ആഴമേറിയതും തീർസാനഗരംപോലെ മനോഹരവുമായിരുന്നു.

തങ്ങളുടെ യജമാനനെ അത്ര പെട്ടെന്നൊന്നും വരുതിയിലാക്കാൻ കഴിയില്ലെന്നറിഞ്ഞ ഭൃത്യന്മാർ ഒരു ദിവസം ചോദിച്ചു.

"അല്ലയോ യജമാനൻ, യൗവനയുക്തനും അതിസുന്ദരനുമായ താങ്കൾക്ക് ഏതു ദേശത്തുനിന്നാണ് ഒരു സ്ത്രീയെ ഒരുക്കിത്തരിക?"

''ഞാൻ നിങ്ങളോട് ഒരു സ്ത്രീയെ ആവശ്യപ്പെട്ടില്ലല്ലോ." അനനിയാദ് പറഞ്ഞു.

''എന്റെ പിതാവിന്റെ ഭവനത്തിലെ സുന്ദരിമാരായ ദാസിമാരിലും അവരുടെ ചാർച്ചക്കാരിലും എനിക്ക് അഭിനിവേശം തോന്നിയിട്ടില്ല. പിന്നെന്തിനാണ് നിങ്ങൾ വൃഥാ കഷ്ടപ്പെടുന്നത്."

"മരുഭൂമിയിൽ പെയ്യുന്ന മഴപോലെ യജമാനൻ യൗവനം തൂവിക്കളയുന്നതെന്തിന്? അങ്ങയുടെ സന്തോഷം ഞങ്ങളുടേതു കൂടിയാണെന്നറിയുക."

"എന്റെ സന്തോഷം എന്നോടുകൂടിത്തന്നെയുണ്ട്. നിങ്ങളുടെ സന്തോഷം എന്റേതുമല്ല." അനനിയാദ് പറഞ്ഞു.

യജമാനൻ തങ്ങളുടെ കൈകളിൽനിന്നു വഴുതിപ്പോവുകയാണെന്ന് ഭൃത്യന്മാർ ശങ്കകൊണ്ടു. എങ്കിലും അതു മറച്ചുവച്ചുകൊണ്ട് അവർ ചോദിച്ചു:

"സ്ത്രീകളിൽ എങ്ങനെയുള്ളവളെയാണ് അങ്ങേക്കിഷ്ടം?"

ഭൃത്യന്മാരെ കേട്ടതേ അനനിയാദ് ശലമോനെ ഓർമിച്ചു. ശലമോന്റെ പ്രേമകാവ്യമോർത്തു.

*ശേഷം 13-ാംപേജിൽ*

# കുട്ടികളിലെ പഠനവൈകല്യം

ആരോഗ്യവീഥി




സി. ജൂലി എലിസബത്ത് എസ്.എച്ച്.

**ഒ**രു ന്യൂറോ ഡവലപ്മെന്റൽ ഡിസോർഡറാണ് കുട്ടികളിലെ പഠനവൈകല്യം. സാമാന്യമോ അതിലധികമോ ബുദ്ധിയുള്ള കുട്ടികളിൽ, എഴുതുന്നതിനോ വായിക്കുന്നതിനോ കണക്കുകൂട്ടലുകൾ നടത്തുന്നതിനോ ബുദ്ധിമുട്ട് അനുഭവപ്പെടുംവിധം തലച്ചോറിന്റെ പ്രവർത്തനത്തിലോ ഘടനയിലോ നാഡീവ്യവസ്ഥയിലോ വ്യത്യാസങ്ങൾ കാണപ്പെടുന്നതാണ് ഇതിന്റെ കാരണം.

**പഠനവൈകല്യം എപ്പോൾ തിരിച്ചറിയാം?**

പ്രീസ്കൂൾ കാലഘട്ടത്തിലോ സ്കൂൾ ജീവിതത്തിന്റെ ആദ്യപടിയിലോ അക്ഷരങ്ങളോടും അക്കങ്ങളോടും കുട്ടികൾ കാണിക്കുന്ന പ്രത്യേക സമീപനം, കൃത്യമായി എഴുതാൻ സാധിക്കാതെ അക്ഷരങ്ങൾ തിരിച്ചെഴുതുക, അക്ഷരങ്ങൾ വിട്ടുപോകുക, പലതവണ പഠിച്ച അക്ഷരങ്ങളോ




വാക്കുകളോ വായിക്കാൻ സാധിക്കാതെ വരിക എന്നിവ മാതാപിതാക്കളുടെയോ അധ്യാപകരുടെയോ ശ്രദ്ധയിൽപ്പെട്ടേക്കാം. എന്നാൽ, പഠനത്തിൽ അനുഭവപ്പെടുന്ന ഈ ബുദ്ധിമുട്ട് പഠനവൈകല്യം ആണെന്നു നിർണയിക്കാൻ കുട്ടികളിലെ ബുദ്ധിശക്തി വ്യക്തമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. 6 വയസ്സ് മുതൽ 9 വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് ഇതു നിർണയിക്കേണ്ടത്.

**പഠനത്തിലെ പിന്നാക്കാവസ്ഥകളെല്ലാം പഠനവൈകല്യം ആണോ?**

അല്ല. കുട്ടികൾ പഠനത്തിൽ പിന്നാക്കം പോകാനും വിജയം കൈവരിക്കാൻ സാധിക്കാത്തതിനും പല കാരണങ്ങളുണ്ട്.

ഇതിൽത്തന്നെ ന്യൂറോ ഡവലപ്മെന്റൽ ഡിസോർഡർപോലുള്ള എഡിഎച്ച്ഡി (ADHD), ഓട്ടിസം, മറ്റു പെരുമാറ്റവൈകല്യങ്ങൾ, ഭാഷാവൈകല്യം, കുട്ടികളിൽ കാണുന്ന OCD, ഉത്കണ്ഠ, വിഷാദരോഗം, ഭാഷയെ പ്രകടിപ്പിക്കുവാനോ മനസ്സിലാക്കുവാനോ ബുദ്ധിമുട്ടുണ്ടാകുന്നവിധത്തിൽ തലച്ചോറിന്റെ ഘടനയിലോ പ്രവർത്തനത്തിലോ ഉള്ള വ്യതിയാനങ്ങൾ എന്നിവയെല്ലാം പഠനത്തിലെ പിന്നാക്കാവസ്ഥയ്ക്കു കാരണമായേക്കാം. കാഴ്ചക്കുറവ്, കേൾവിക്കുറവ്, മോട്ടോർ ഡിസെബിലിറ്റി എന്നിങ്ങനെയുള്ള ശാരീരികന്യൂനതകളും മറ്റു സാമൂഹിക കാരണങ്ങളും പഠനത്തെ പിന്നോട്ടു കൊണ്ടുപോയേക്കാം.

**പഠനവൈകല്യം എങ്ങനെ തിരിച്ചറിയാം?**

ഒരു ശിശുരോഗവിദഗ്ധനുമായി കൺസൾട്ട് ചെയ്ത് കുട്ടിയുടെ ശാരീരികാരോഗ്യം വിലയിരുത്തണം. പിന്നീട് മാനസികാരോഗ്യനിലവാരവും ബുദ്ധിനിലവാരവും വിശദമായി പരിശോധിക്കുവാൻ ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായം തേടണം. അവർതന്നെ കുട്ടിയുടെ പഠനവൈകല്യത്തിന്റെ പ്രത്യേകതകളും കൃത്യമായ അവസ്ഥയും നിർണയിക്കുന്നതാണ്.

**നമ്മുടെ നാട്ടിൽ സംഭവിക്കുന്നതെന്ത്?**

ചെറുപ്രായത്തിൽത്തന്നെ പഠനവൈകല്യം തിരിച്ചറിയാൻ മാതാപിതാക്കൾക്കോ അധ്യാപകർക്കോ സാധിക്കാത്തതിനാൽ വിദഗ്ധമായ പരിശോധനയും വിലയിരുത്തലുകളും നടക്കുന്നില്ല. പത്താം ക്ലാസ്സിലോ പ്ലസ്ടു അവസാന പരീക്ഷയ്ക്കോ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകി ആരുടെയെങ്കിലും സഹായത്തോടെ പരീക്ഷ എഴുതിക്കുന്നു. ഓരോ വർഷവും കേരളത്തിൽ 20000 – 25000 കുട്ടികളാണ് ഇത്തരത്തിൽ പരീക്ഷ എഴുതുന്നത്. ഈ പ്രായത്തിൽ ഇത്തരം അവസ്ഥ മനസ്സിലാക്കിയാലും കുറഞ്ഞ സമയത്തിനുള്ളിൽ നടത്തുന്ന പരിശോധനകൾ പലപ്പോഴും കുട്ടിയുടെ മറ്റു പ്രത്യേക അവസ്ഥകളും, എന്തുതരം ലേണിങ് ഡിസെബിലിറ്റി ആണെന്നും മനസ്സിലാക്കാൻ കഴിഞ്ഞെന്നു വരുകയില്ല.

**പഠനവൈകല്യം എങ്ങനെ പരിഹരിക്കാം?**

പഠനവൈകല്യവും അതിന്റെ അവസ്ഥയും മനസ്സിലാക്കിയാൽ ഉടൻതന്നെ, അതായത്, ആറു വയസ്സാകുമ്പോൾത്തന്നെ പരിഹാരമാർഗങ്ങൾ സ്വീകരിക്കാൻ തുടങ്ങുന്നതാണ് ഉചിതം. ഓരോ കുട്ടിയുടെയും ഇന്റർവെൻഷൻ പ്രോഗ്രാം പ്രത്യേകമാണ്. പൊതുവായ ചില മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽപോലും ഇത് ചിട്ടയായി ക്രമീകരിക്കാൻ, പരിശോധന നടത്തുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായം തേടുന്നതാണ് നല്ലത്. വൈകാരികമായോ പെരുമാറ്റപരമായോ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കണം. വ്യക്തിപരമായി രൂപകല്പന ചെയ്ത (Individual education programme) പരിശീലനം നടത്താൻ ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സഹായംതേടാം. പരിഹാര അധ്യാപനം (Remedial teaching), ബ്രിഡ്ജ് ലേണിങ് പ്രോഗ്രാം, സോഷ്യൽ സ്കിൽ ഡെവലപ്മെന്റ് ഇവയോടൊപ്പം മാതാപിതാക്കൾക്കുള്ള കൗൺസലിങ്ങും നൽകേണ്ടതാണ്. മാതാപിതാക്കളിൽ ഒരാളെങ്കിലും വിദഗ്ധരുടെ ടീമിനൊപ്പം കുട്ടിയുടെ പഠനകാര്യങ്ങളിലും വളർച്ചാഘട്ടത്തിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

അന്തർദേശീയതലത്തിൽ റെസ്പോൺസ് റ്റു ഇന്റർവെൻഷൻ എന്ന പ്രത്യേക പരിശീലനപദ്ധതിയാണ് ഈ കുട്ടികൾക്കുവേണ്ടി രൂപകല്പന ചെയ്തിരിക്കുന്നത്. പഠനത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഓരോ കുട്ടിക്കുംവേണ്ടി തയ്യാറാക്കിയ ത്രീ ടയർ അല്ലെങ്കിൽ മൾട്ടി ടയർ പദ്ധതിവഴി സ്കൂളും മാതാപിതാക്കളും ഇന്റർവെൻഷൻടീമും ഇതിൽ പങ്കുചേരുന്നു. ഓരോ വർഷവും കൃത്യമായ കാലാവധിയിൽ പുരോഗതികൾ വിലയിരുത്തി കുട്ടികളുടെ പ്രത്യേക സിദ്ധികളും അഭിരുചികളും മനസ്സിലാക്കി, വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്നവിധത്തിലാണ് ഇത് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഭാഗഭാക്കാകുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ പരീക്ഷാസമയത്ത് സഹായം തേടാം. എങ്കിലും അവരുടെ ആത്മാഭിമാനം, ആശയവിനിമയശേഷി, സാഹചര്യങ്ങളെ നേരിടുന്ന വിധം, ജീവിതനൈപുണ്യം തുടങ്ങിയവയെല്ലാം മികവു പുലർത്തുന്നതായിരിക്കും.

---

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റാണ്.*

# വടം വലിക്കുന്ന മുന്നണികൾ

*(ഒന്നാം പേജ് തുടർച്ച)*

കളമശേരിയിലെ വിമത കൺവെൻഷൻ മുസ്‌ലിം ലീഗിനും യുഡിഎഫിനും തലവേദനയായി. ക്രൈസ്തവർക്കു മോശമല്ലാത്ത സ്വാധീനമുള്ള വയനാട് ലോക്സഭാമണ്ഡലത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിൽനിന്നും ക്രൈസ്തവസ്ഥാനാർത്ഥികളെ യുഡിഎഫ് ഒഴിവാക്കിയെന്നതു നിസാരമല്ല. കല്പറ്റയിലും തഴയപ്പെട്ടതിനെത്തുടർന്നു നാല്പതോളം നേതാക്കൾ കോൺഗ്രസിൽനിന്നു രാജിവച്ചു.

**വനിതകളെ തഴയുന്ന രാഷ്ട്രീയം**

മഹിളാകോൺഗ്രസ് സംസ്ഥാന അധ്യക്ഷയും എഐസിസി അംഗവുമായ ലതിക സുഭാഷ് തനിക്കു സീറ്റു നിഷേധിച്ചതോടെ കെപിസിസി ഓഫീസിനു മുന്നിൽ പരസ്യമായി തല മുണ്ഡനം ചെയ്തു പാർട്ടിപദവികളെല്ലാം രാജിവച്ചതും വലിയ സംഭവമായി. ഏറ്റുമാനൂരിൽ സ്വതന്ത്രസ്ഥാനാർത്ഥിയായി മൽസരിക്കുമെന്ന ലതികയുടെ പ്രഖ്യാപനം യുഡിഎഫിനു തിരിച്ചടിയാണ്.

ലതിക സുഭാഷിന്റെ അത്യപൂർവപ്രതിഷേധം ഒരു സൂചനയാകും. കേരളത്തിലെ മൂന്നു പ്രബല മുന്നണികളും വനിതകളെ തഴഞ്ഞുവെന്നതു ജനാധിപത്യത്തിനും തുല്യനീതിക്കും ചേരാത്തതായി. സിപിഎമ്മും ബിജെപിയും 12 വനിതകൾക്കു വീതം സീറ്റു നൽകിയപ്പോൾ വെറും ഒമ്പതു വനിതകൾക്കേ കോൺഗ്രസ് മൽസരിക്കാൻപോലും അവസരം നൽകിയുള്ളൂ. സിപിഐയിലും വനിതകളുടെ എണ്ണം കൂടിയില്ല. ഇരുപത്തഞ്ചു വർഷത്തിനുശേഷം ഒരേയൊരു വനിതയെ സ്ഥാനാർത്ഥിയാക്കിയാണു മുസ്‌ലിം ലീഗ് വീമ്പിളക്കിയത്. കേരള കോൺഗ്രസ്-എം ഒരു വനിതയെ സ്ഥാനാർത്ഥിയാക്കിയപ്പോൾ മറ്റു പല പാർട്ടികളും വനിതകളെ പാടേ തഴഞ്ഞു.

ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകളിൽ വനിതകളെ ഒതുക്കുന്നതിൽ പ്രമുഖ പാർട്ടികൾ തമ്മിൽ കാര്യമായ വ്യത്യാസമില്ല. വനിതാപ്രാതിനിധ്യവും തുല്യതയുമൊക്കെ വാക്കിൽ ഒതുക്കുകയാണ്. പുരുഷമേധാവിത്വം വളരെ പ്രകടം. സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതുമുതൽ പുരുഷാധിപത്യം വ്യക്തം. ഏറെ പുരോഗമനം അവകാശപ്പെടുന്ന കേരളത്തിൽപ്പോലും സ്ത്രീകൾക്ക് എംപി, എംഎൽഎ സ്ഥാനങ്ങൾ കിട്ടാൻ പുരുഷനേതാക്കളുടെ കാലുപിടിക്കണമെന്ന സ്ഥിതിയാണ്.

**ഭീഷണിയാകുന്ന മതതീവ്രവാദം**

കേരളം, പശ്ചിമ ബംഗാൾ, അസം, തമിഴ്നാട് സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലും നടക്കുന്ന തിരഞ്ഞെടുപ്പിലെ ജനവിധി പലതരത്തിലും അതീവ നിർണായകമാണ്. ക്രൈസ്തവരുടെ പുണ്യദിനങ്ങളായ പെസഹാവ്യാഴാഴ്ചയും ദുഃഖവെള്ളിയും ഈസ്റ്ററും അടക്കം വിശുദ്ധവാരാചരണംപോലും പരിഗണിക്കാതെയാണു കേരളത്തിലെ വോട്ടെടുപ്പ് ഏപ്രിൽ ആറിനു നടത്തുന്നതെന്നതു ഖേദകരമായി. ഈ മാസം 27 മുതൽ ബംഗാളിലും അസമിലും തുടങ്ങുന്ന പോളിങ് അടുത്ത മാസം 29 വരെ നീളുമെന്നതിനാൽ കേരളജനതയ്ക്കു ഫലമറിയാൻ വോട്ടുചെയ്തശേഷം ഒരു മാസത്തോളം കാത്തിരിക്കേണ്ടിവരും.

ജവഹർലാൽ നെഹ്റു വിഭാവനം ചെയ്തതും പിന്നീട് ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ ചേർത്തതുമായ മതേതരത്വത്തെ അപഹാസ്യമാക്കുന്നതാണു ആധുനികരാഷ്ട്രീയത്തിലെ വലിയ വിപത്തുകളിലൊന്ന്. ഭൂരിപക്ഷ, ന്യൂനപക്ഷ, പിന്നാക്ക, ദളിത് വോട്ടുബാങ്കുകൾ സൃഷ്ടിച്ചു മുതലെടുപ്പിന് പ്രബലപാർട്ടികൾ മറയില്ലാതെ ശ്രമിക്കുന്നു. ഇക്കാര്യത്തിൽ കാര്യമായ രാഷ്ട്രീയവ്യത്യാസമില്ല. വോട്ടുബാങ്ക്രാഷ്ട്രീയത്തിലെ ഇരട്ടത്താപ്പുകളിലും വെള്ളം ചേർക്കപ്പെടുന്ന മതേതരത്വത്തിലുംനിന്നു രാജ്യത്തെ രക്ഷിക്കണം.

മതത്തിന്റെ പേരിൽ ജനതയെ വിഭജിച്ച് ഭൂരിപക്ഷവർഗീയതയുടെ തോണിയിലാണു ബിജെപി രാജ്യഭരണത്തിലെത്തിയത്. ജനകീയപ്രശ്നങ്ങളും വികസനംപോലും പിന്നിലാക്കിയാണു ശബരിമല അടക്കമുള്ള മതപ്രശ്നങ്ങൾ കോൺഗ്രസും വലിയ ആയുധമാക്കിയത്. ഇതിനിടെയാണു ന്യൂനപക്ഷങ്ങളിലെ മുസ്‌ലിം മേധാവിത്വം ഉറപ്പിക്കുന്ന നടപടികൾ. ന്യൂനപക്ഷസ്കോളർഷിപ്പുകളും കേന്ദ്രപദ്ധതികളും മുതൽ രാഷ്ട്രീയ, ഭരണസ്വാധീനംവരെ എല്ലാ മേഖലകളിലും ക്രൈസ്തവരെ തഴയുകയോ അവഗണിക്കുകയോ ചെയ്യുന്ന രാഷ്ട്രീയം സംസ്ഥാനത്തിനും രാജ്യത്തിനും നല്ലതാകില്ല.

ന്യൂനപക്ഷങ്ങളെന്നോ ദളിതരെന്നോ വനിതകളെന്നോ പാവപ്പെട്ടവനെന്നോ ഉള്ള വ്യത്യാസമില്ലാതെ തുല്യനീതി ഉറപ്പാക്കാനാകണം തിരഞ്ഞെടുപ്പുകളിൽ ജനം വിധിയെഴുതേണ്ടത്. ഒപ്പം ജനക്ഷേമം, വികസനം, സാമ്പത്തികവളർച്ച, തൊഴിൽ, കാർഷികപുരോഗതി, സുരക്ഷ, സമാധാനം തുടങ്ങിയവയും.

---

# മെറിറ്റ് ഡേ ആഘോഷം

മൂലമറ്റം : ഡിസിഎൽ മൂലമറ്റം മേഖലാ മെറിറ്റ് ഡേ ആഘോഷം കുറുമണ്ണ് സെന്റ് ജോൺസ് ഹൈസ്കൂളിൽ നടത്തി. മേഖലാ ഓർഗനൈസർ റോയ് ജെ. കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു.

സംസ്ഥാന തലത്തിൽ മേഖല സംഘടിപ്പിച്ച ഉപന്യാസമത്സരത്തിൽ സമ്മാനാർഹരായ അഞ്ചൽ ബാബു (ഇൻഫന്റ് ജീസസ്, കൂത്താട്ടുകുളം) മരീസ ബാബു (സെന്റ് ജോൺസ്, കുറുമണ്ണ്) അലീന അന്ന സണ്ണി (സെന്റ് മേരീസ്, ആര്യങ്കാവ്), ലീനു കെ. ജോസ് (ചാവറ പബ്ലിക് സ്കൂൾ, പാലാ), ജീനാമോൾ ടോമി (സെന്റ് അൽഫോൻസാ, വാകക്കാട്) എന്നിവർക്ക് മെമന്റോകളും ബഹുമതിപത്രങ്ങളും ഹെഡ്മാസ്റ്റർ ബിജോയി ജോസഫ് സമ്മാനിച്ചു. 'എ' ഗ്രേഡുകൾ നേടിയ അസിൻ എൽസ ജോസഫ്, നേഹ പൗലോസ്, ഡെൽന സജി, ഗ്രേഷ്മ മേരി മാത്യു, ആൻമരിയ സാജു, ടാനിയ മരിയ ഡെൻസിൽ, ജോ ആൻ സി. ജിജോ എന്നിവർക്ക് പ്രശസ്തിപത്രങ്ങളും വിതരണം ചെയ്തു.

ശാഖാ ഡയറക്ടർ ജിനി ജോർജ്, സിസ്റ്റർ റ്റിൻസ, മേഖലാ കൗൺസിലർ റിയ ഷിബു, ജീനാമോൾ ടോമി എന്നിവർ പ്രസംഗിച്ചു.




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*

# ഹൃദയംകൊണ്ടെഴുതിയ ജീവിതം



**ജോയിഷ് ജോസ്**

"*ലോകത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങൾ ആസ്വദിക്കാൻ കണ്ണോ കൈയോ വേണ്ട; ഹൃദയം മതി.*"– ഹെലൻ കെല്ലർ.

സ്വന്തം ജീവിതം അറിവിനു വേണ്ടിയുള്ള നിലയ്ക്കാത്ത പോരാട്ടമാക്കി മാറ്റിയ ഹെലൻ കെല്ലറുടെ ആത്മകഥ. അന്ധയും ബധിരയുമായിരുന്ന ഒരു പെൺകുട്ടി ഇച്ഛാശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും പിൻബലത്തിൽ ലോകത്തെ കീഴടക്കിയ കഥയാണിത്.

അമേരിക്കയുടെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന അലബാമയിൽ 1880 ജൂൺ 27 ന് കേണൽ ആർതർ ഹെൻലെ കെല്ലറിന്റെയും കേറ്റ് ആഡംസ് കെല്ലറിന്റെയും മകളായാണ് ഹെലൻ കെല്ലർ ജനിച്ചത്. ആരോഗ്യവതിയായ, കാഴ്ചയും കേൾവിയും എല്ലാമുള്ള സാധാരണ കുട്ടിയായിരുന്നു ഹെലൻ. എന്നാൽ, രണ്ടു വയസ്സാകുന്നതിനു മുമ്പുണ്ടായ ഒരു രോഗമാണ് ഹെലന്റെ കാഴ്ചയും കേൾവിയും ഇല്ലാതാക്കിയത്. സ്വതവേ വികൃതിയായിരുന്ന ഹെലൻ ഇതോടെ കൂടുതൽ വാശിക്കാരിയും ദേഷ്യക്കാരിയുമായി മാറി. എന്തിനും അമ്മയെ ആശ്രയിക്കേണ്ടതായി വന്നതോടെ ഹെലൻ അമ്മയുടെ പിറകിൽ നിന്നു മാറാതെയായി. ചുറ്റുമുള്ള വസ്തുക്കൾ തൊട്ടുമനസ്സിലാക്കാനായിരുന്നു ഹെലന്റെ ശ്രമം.

അഞ്ചു വയസ്സായപ്പോഴേക്കും തുണികൾക്കിടയിൽനിന്ന് സ്വന്തം തുണി തൊട്ടുമനസ്സിലാക്കാനും മടക്കിവയ്ക്കാനും ഹെലൻ പഠിച്ചു. വീട്ടിലെ പാചകക്കാരിയുടെ മകളായ മാർത്ത വാഷിങ്ടൺ ആയിരുന്നു ഹെലന്റെ ബാല്യകാലസുഹൃത്ത്. മാർത്തയോടൊപ്പം കളിക്കുകയും കൂട്ടുകൂടുകയും ചെയ്യുമായിരുന്നെങ്കിലും ഹെലൻ പലപ്പോഴും മാർത്തയെ ഉപദ്രവിച്ചിരുന്നു. തന്റെ ആത്മകഥയിൽ ഹെലൻതന്നെ പറയുന്നുണ്ട്, താൻ ഒരിക്കലും ഒരു നല്ല കുട്ടിയായിരുന്നില്ലെന്ന്. താൻ വിചാരിച്ച കാര്യം നടക്കണമെന്ന നിർബന്ധബുദ്ധി ഉണ്ടായിരുന്നു ഹെലന്. തൊട്ടും പരിചയിച്ചും വാതിൽ പൂട്ടാനും തുറക്കാനും പഠിച്ച ഹെലൻ ഒരു ദിവസം ഒരു പണി ഒപ്പിച്ചു, അമ്മയെ ഒരു റൂമിനകത്തിട്ടു പൂട്ടി. വാതിലിൽ മുട്ടിയും തട്ടിയും തുറക്കാനാവശ്യപ്പെട്ട് അമ്മ ബഹളം വച്ചപ്പോൾ ഹെലൻ പുറത്തിരുന്ന് കൈ കൊട്ടി പൊട്ടിച്ചിരിച്ചു. ഏതാണ്ട് മൂന്നു മണിക്കൂറോളം അമ്മ ആ റൂമിൽ കിടന്നു എന്നാണ് പറയുന്നത്...

ഹെലന്റെ സ്വഭാവം മാറണമെങ്കിൽ ഹെലന് പഠിക്കാനുള്ള സാഹചര്യവും ശരിയായ പരിശീലനവും ആവശ്യമാണെന്നു മനസ്സിലാക്കിയ ഹെലന്റെ അമ്മയും അച്ഛനും ഡോക്ടർ ചിസോമിനെ പോയി കണ്ടു. അവളുടെ കണ്ണ് ഒരിക്കലും ശരിയാകില്ലെന്നു പറഞ്ഞ ഡോക്ടർ അന്ധരും ബധിരരുമായ കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം താത്പര്യമുള്ള ഡോ. അലക്സാണ്ടർ ഗ്രഹാം ബെല്ലിനെ പോയി കാണാൻ നിർദേശിക്കുകയും ചെയ്തു. ഡോക്ടർ അലക്സാണ്ടർ ഗ്രഹാം




ബെല്ലിന്റെ സഹായത്തോടെ അന്ധർക്കുവേണ്ടി പ്രവർത്തിക്കുന്ന പെർകിൻസ് ഇൻസ്റ്റിറ്റ്യൂഷനിൽനിന്ന് ഹെലനെ പരിശീലിപ്പിക്കുന്നതിനായി ഒരു അധ്യാപികയെ കണ്ടെത്താൻ ഹെലന്റെ മാതാപിതാക്കൾക്കു കഴിഞ്ഞു. കാഴ്ചവൈകല്യം ബാധിച്ച ഇതേ സ്ഥാപനത്തിൽ മുമ്പ് പരിശീലനം നേടിയ ഡോ. ആനി സളിവൻ ആയിരുന്നു ആ അധ്യാപിക. ആനി സളിവനുമായിട്ടുള്ള കൂട്ടിമുട്ടലാണ് ഹെലന്റെ ജീവിതത്തിൽ വഴിത്തിരിവായത്. ഓരോ വസ്തുക്കളുടെയും പേര്, അതിന്റെ സ്പെല്ലിങ് ഹെലന്റെ കൈവെള്ളയിൽ വിരൽ വച്ചെഴുതി ആനി സളിവൻ അവളെ പരിശീലിപ്പിച്ചു.

ആദ്യമൊക്കെ ഏറെ ബുദ്ധിമുട്ടിയെങ്കിലും പിന്നീട് ഹെലൻ ആനിയിൽനിന്ന് ഒരുപാടു കാര്യങ്ങൾ പഠിച്ചു. വെള്ളം എന്താണെന്നു പഠിപ്പിക്കാൻ അത് കൈയിൽ ഒഴിച്ചുകൊടുത്ത് മനസ്സിലാക്കിച്ചതായി ഹെലൻ പറയുന്നുണ്ട്. വളരെ പെട്ടെന്നുതന്നെ ആനിയും ഹെലനും അടുത്ത സുഹൃത്തുക്കളായി. പഠിക്കാനുള്ള താത്പര്യം ഹെലന് കൂടിവന്നു.

ഓരോന്നും പഠിക്കാനും ഗ്രഹിക്കാനും മറ്റു കുട്ടികളെക്കാൾ സമയവും പരിശ്രമവും ഹെലന് ആവശ്യമായിരുന്നു. നിശ്ചയദാർഢ്യവും കഠിനപരിശ്രമവും കൊണ്ട് ഹെലൻ ഇതിനെയെല്ലാം അതിജീവിച്ചു. ബ്രെയ്‌ലി ലിപി പരിശീലിച്ചതും ഹെലന്റെ കഠിനപ്രയത്നംകൊണ്ടാണ്.

ക്രമേണ ആനി സളിവൻ ഹെലനെ സംസാരിക്കാൻ പഠിപ്പിച്ചു. കേൾവിയും കാഴ്ചയും ഇല്ലാത്ത ഹെലനെ പരിശീലിപ്പിക്കുക ഏറെ ശ്രമകരമായിരുന്നു. എന്നാൽ, ഗുരുവിന്റെയും ശിഷ്യയുടെയും കഠിനപ്രയത്നം ഫലം കണ്ടു. ഹെലൻ സംസാരിക്കാൻ തുടങ്ങി.

തികച്ചും പ്രതികൂലമായ എല്ലാ സാഹചര്യങ്ങളെയും കഠിനപ്രയത്നംകൊണ്ട് അതിജീവിച്ച്, 24-ാം വയസ്സിൽ റാഡ്ക്ലിഫ് യൂണിവേഴ്സിറ്റിയിൽനിന്ന് ഹെലൻ ബിരുദം നേടി... അങ്ങനെ കാഴ്ചയും കേൾവിയുമില്ലാതെ ബിരുദം നേടിയ ആദ്യവ്യക്തി എന്ന പദവി ഹെലനെ തേടിയെത്തി. ധാരാളം പുസ്തകങ്ങൾ രചിച്ചു. 11-ാം വയസ്സിലാണ് ഹെലന്റെ ആദ്യപുസ്തകം രചിക്കപ്പെട്ടത്, ദ ഫ്രോസ്റ്റ് കിങ്. ദ സ്റ്റോറി ഓഫ് മൈ ലൈഫ് എന്ന ഹെലന്റെ ആത്മകഥ ഏറെ പ്രസിദ്ധമാണ്. ദ വേൾഡ് ഐ ലിവ് ഇൻ, ഔട്ട് ഓഫ് ദ ഡാർക്ക്, മൈ റിലീജിയൻ തുടങ്ങിയവയെല്ലാം ഹെലന്റെ പ്രസിദ്ധമായ കൃതികളാണ്.

ഹെലന്റെ ജീവിതത്തെ ആസ്പദമാക്കി ധാരാളം പരമ്പരകളും സിനിമകളും ഡോക്യുമെന്ററിയുമെല്ലാം ഉണ്ടായി. ഡെലിവറൻസ് എന്ന ഡോക്യുമെന്ററിയിൽ അവർ തന്നെ അഭിനയിച്ചു. തീർന്നില്ല, ഹെലന്റെ നേട്ടങ്ങൾ. അന്ധർക്കു വേണ്ടി ഹെലൻ കെല്ലർ ഇന്റർനാഷണൽ എന്ന സംഘടന ആരംഭിക്കുകയും വൈകല്യമുള്ളവരുടെ പ്രശ്നങ്ങളിൽ നിരന്തരമായി ഇടപെടുകയും ചെയ്തു ഹെലൻ. അമേരിക്കയിലെ മാത്രമല്ല ലോകമെമ്പാടുമുള്ള ജനങ്ങളുടെ, വൈകല്യമുള്ളവരോടുള്ള കാഴ്ചപ്പാടിനെ മാറ്റിമറിക്കാൻ ഹെലന്റെ പ്രസംഗങ്ങൾക്കു കഴിഞ്ഞു. എല്ലാ സാമൂഹികപ്രശ്നങ്ങളിലും അവർ ക്രിയാത്മകമായി ഇടപെട്ടു. ധാരാളം രാജ്യങ്ങൾ സന്ദർശിച്ച് ജനങ്ങളെ ബോധവത്കരിക്കുകയും വൈകല്യമുള്ളവരെ കൈപിടിച്ച് ജീവിതത്തിലേക്കു കൊണ്ടുവരികയും ചെയ്തു എന്നത് ഹെലന്റെ വലിയ നേട്ടമാണ്. ഒടുവിൽ അമേരിക്കയിലെ പ്രമുഖ സിവിലിയൻ ബഹുമതികളിലൊന്നായ പ്രസ്റ്റീജിയസ് പ്രസിഡൻഷ്യൽ മെഡൽ ഹെലൻ കെല്ലറിനെ തേടിയെത്തി. 1968 ജൂണിൽ അവർ ഈലോകത്തോട് യാത്ര പറഞ്ഞെങ്കിലും അവർ പത്തിയ പ്രകാശം ഇന്നും അനേകരുടെ ഇരുട്ടിനെ അകറ്റുന്നു. ■

---

*11-ാം പേജ് തുടർച്ച*

# പതിനാലാമെടം

"കേദാറിലെ കൂടാരങ്ങൾപോലെയും സോളമന്റെ തിരശീലകൾപോലെയും അഴകുറ്റവൾ. അവൻ പറഞ്ഞു.

ഭൃത്യന്മാർ അനനിയാദിനെ കേട്ട് പരസ്പരം നോക്കുകയും നിശ്ശബ്ദരാകുകയും ചെയ്തു. അവൻ പറഞ്ഞതാകട്ടെ അവർക്ക് അത്രയൊന്നും വെളിപ്പെട്ടതുമില്ല. എങ്കിലും അവർ ഇപ്രകാരം പറഞ്ഞു:

"അങ്ങനെ ഒരുവളെ വേണമെങ്കിൽ മഗ്ദലേനയിൽത്തന്നെ പോകേണ്ടിവരും."

"മഗ്ദലേനയിലോ..." അനനിയാദ് ജിജ്ഞാസപ്പെട്ടു.

"അതേ. മഗ്ദലേനയിലെ മേരിയുടെ പക്കൽ." ഭൃത്യന്മാർ പറഞ്ഞു. "അവളെക്കുറിച്ചു പറവാൻ വാക്കുകളില്ല. കാരണം, ഞങ്ങളാകട്ടെ അവളെ കണ്ടിട്ടില്ല. അവളുടെ സൗന്ദര്യത്തെക്കുറിച്ചു കേൾക്കാനും ഇനി വാക്കുകളില്ല. എന്തെന്നാൽ അത്രമാത്രം അവളെക്കുറിച്ചു കേട്ടിരിക്കുന്നു."

അനനിയാദ് അവരുടെ പക്കൽനിന്ന് എഴുന്നേറ്റുപോയി. തടാകതീരത്തുള്ള അത്തിമരത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു. രാത്രിയുടെ മധ്യയാമമായിരുന്നു. നിലാവ് പൊട്ടിയിരുന്നു. കരുണയുടെ ഒരു തൂവൽമഴപോലെ മഞ്ഞുതൂകിപ്പെയ്തുകൊണ്ടിരുന്നു. ഒരു സുഖദസ്വപ്നത്തിന്റെ ചാരുതയോടെ മഞ്ഞുനിലാവിൽ മയങ്ങിക്കിടക്കുകയാണ് തടാകം. തടാകം നീന്തി വരുന്ന ഈറൻ വാതത്തിൽ കുന്തിരിക്കഗന്ധം കലർന്നിരുന്നു. ധീരനായ കാമുകന്റെ മാർവിടത്തിൽ സർവം മറന്നുറങ്ങുന്ന ജറുസലേംസുന്ദരിയെപ്പോലെയായിരുന്നു രാത്രി.

അനനിയാദ് തന്റെ അരപ്പട്ടയിൽ തിരുകിയിരുന്ന കുഴലെടുത്ത് വായിക്കാൻ തുടങ്ങി. പ്രേമാതുരനായ കാമുകന്റെ വിഷാദമധുരമായ വിരഹഗാനംപോലെയായിരുന്നു കുഴൽപ്പാട്ട്.

ഹെർമോൺ താഴ്‌വരകൾ കടന്നുവന്ന് രാക്കാറ്റ് അനനിയാദിന്റെ മധുരഗീതം ചിറകേറ്റിപ്പറന്നു.

രാവേറെ ചെന്നിട്ടും അവൻ കുഴൽവായന തുടർന്നുകൊണ്ടിരുന്നു. അനനിയാദിന്റെ പക്കൽ ചെന്ന് ഭൃത്യന്മാർ പറഞ്ഞു:

"ഇവിടെ വല്ലാത്ത തണുപ്പുണ്ട്. കാവൽപ്പുരയിലേക്കു വരിക. അവിടെ തണുപ്പകറ്റാൻ ആഴി കൂട്ടിയിരിക്കുന്നു. തോല്ക്കുടങ്ങളിൽ വീര്യമുള്ള വീഞ്ഞും തയ്യാറുണ്ട്.

"നിങ്ങൾ പൊയ്ക്കൊള്ളുക..."

അനനിയാദ് പറഞ്ഞു.

അവൻ വീണ്ടും കുഴൽ വായിക്കാൻ തുടങ്ങി. ഭൃത്യന്മാരാകട്ടെ, അവനെ വിട്ടുപോകാതെ അവനു സമീപം ഏറെനേരം നിന്നു. ഭൃത്യന്മാരിലൊരാൾ പറഞ്ഞു:

"യജമാനനേ, മഗ്ദലേനയിലെ മേരിയെ ഓർത്താണ് പാട്ടെങ്കിൽ അത് വ്യഥാവിലാണെന്ന് അറിയിക്കട്ടെ..."

"എന്ത്..." അനനിയാദ് ചുണ്ട് കുഴലിൽനിന്നെടുത്തു.

"അവളുടെ മേടയുടെ അകത്തുകടക്കാൻ പ്രധാന കവാടത്തിലെ കാവൽക്കാരനു കൊടുക്കാനുള്ളത് നമ്മുടെ മുന്തിരിത്തോട്ടത്തിൽനിന്ന് കിട്ടുകയില്ല."

"നിങ്ങൾ എന്നെ വിട്ടുപോകുക." അനനിയാദ് പറഞ്ഞു.

ഭൃത്യന്മാരാകട്ടെ, അനനിയാദിനെ ഒറ്റയ്ക്കു വിട്ട് കാവൽപ്പുരയിലേക്കു മടങ്ങുകയും യജമാനനെ തങ്ങളുടെ പാട്ടിലാക്കാനുള്ള തന്ത്രങ്ങളാലോചിക്കുകയും ഉറങ്ങാൻ കിടക്കുകയും ചെയ്തു.

പിറ്റേന്നു പുലർച്ചെ ഉറക്കമുണർന്ന ഭൃത്യന്മാർ അനനിയാദിനെ കാണാഞ്ഞ് ആകുലരായി. അവർ മുന്തിരിത്തോപ്പുകളിലും ഗോതമ്പുവയലുകളിലും മേച്ചിൽപ്പുറങ്ങളിലും അവനെ തിരഞ്ഞു. പക്ഷേ, കണ്ടുകിട്ടിയില്ല. ഒരു പകൽ ദൈർഘ്യമുള്ള അന്വേഷണത്തിന്റെ പാരവശ്യവുമായി സന്ധ്യയ്ക്ക് അവർ കാവൽപ്പുരയിൽ ഒത്തുകൂടി.

മകനെ നഷ്ടപ്പെട്ട വലിയ യജമാനന്റെ കോപത്തിൽനിന്നു തങ്ങൾക്കു മോചനമില്ലെന്ന് ഭൃത്യർ ഭയപ്പെട്ടു. യജമാനൻ തങ്ങളെ വേലയിൽനിന്നു പുറത്താക്കുകയോ പ്രഹരിക്കുകയോ കൊന്നുകളയുകയോ ചെയ്യുമെന്നും അവർക്കുറപ്പായി.

അവർ കൃഷിയിടങ്ങൾ വിട്ട് എവിടേക്കെങ്കിലും ഒളിച്ചുപോകാൻ തീരുമാനിച്ചു. അപ്പോൾ ഭൃത്യന്മാരിലൊരാൾ ഇപ്രകാരം പറഞ്ഞു:

"യജമാനൻ അറിയുന്നതുവരെ നമുക്കിതു രഹസ്യമായി വയ്ക്കാം. അതുവരെ ഇവിടെ പാർക്കുകയും കളപ്പുരകളിലെ ധാന്യങ്ങളും മുന്തിരിയും വിറ്റ് പണമാക്കുകയും ചെയ്യാം."

"യജമാനൻ വിവരം അറിയുക്കുകയും എന്റെ പുത്രനെവിടെ എന്നു ചോദിക്കുകകയും ചെയ്താൽ നമ്മൾ എന്തു പറയും?"

"യജമാനൻ തന്റെ പുത്രന്റെ കാവൽ നമ്മളെ ഏല്പിച്ചിരുന്നില്ലല്ലോ. നമ്മോടൊപ്പം വേല ചെയ്യാൻ മാത്രമാണല്ലോ അവൻ അയയ്ക്കപ്പെട്ടത്. ഇവിടെ നമ്മൾ അവനല്ല, അവൻ നമുക്കായിരുന്നല്ലോ യജമാനനായിരുന്നത് എന്ന് നമുക്കു പറയുകയും ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യാം..."

അവർ അങ്ങനെയൊക്കെ തീരുമാനിക്കുകയും സ്വയം ആശ്വസിക്കുകയും ചെയ്തു. എങ്കിലും വരാൻ പോകുന്ന ശിക്ഷയുടെ കാഠിന്യമോർത്ത് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ കൂട്ടത്തിൽനിന്നൊരാളെ യജമാനന്റെ ഭവനത്തിലേക്കയച്ചു. യജമാനന്റെ ഭവനത്തിൽ കാണാതായവൻ എത്തിയിട്ടുണ്ടോ എന്നു രഹസ്യമായി അറിയുകയായിരുന്നു ലക്ഷ്യം.

(തുടരും)




## മാർച്ച് 28
### നോമ്പുകാലം
### ഏഴാം ഞായർ



ഉത്പ 49:8–12,22–26
സഖ 9:9–12
റോമ 11:13–24
മത്താ 21:1–17

ഡോ. ജോഷി മയ്യാറ്റിൽ

# കുരിശിലേക്കുള്ള കുതിപ്പുയാത്ര



'ഇതാ, നമ്മൾ ജറുസലേമിലേക്കു പോകുന്നു' എന്ന വാക്യമാണ് (ലൂക്കാ 18,31) ഈ വർഷത്തെ നോമ്പാചരണസന്ദേശത്തിന്റെ ശീർഷകമായി ഫ്രാൻസിസ് പാപ്പാ തിരഞ്ഞെടുത്തത്. സത്യത്തിൽ, ലൂക്കായുടെ സുവിശേഷത്തിൽ ഒമ്പതാമധ്യായംമുതൽ യേശു യാത്രയിലാണ്. 9,51 ലാണ് അത് ആരംഭിക്കുന്നത്. 'തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ, അവൻ ജറുസലേമിലേക്കു പോകാൻ ഉറച്ചു' എന്ന പ്രസ്താവനയോടെ പിന്നെയങ്ങോട്ട് യേശു ഒരു മുന്നേറ്റത്തിലാണ്. അതിനാൽ, ലൂക്കാ 9,51 മുതൽ 18,14 വരെയുള്ള ഭാഗം വിളിക്കപ്പെടുന്നത് യാത്രാവിവരണം (journey narrative) എന്നാണ്. ആ യാത്രയ്ക്കു വലിയ മാനങ്ങളാണുള്ളത്. തന്റെ രക്ഷാകരകർമം പൂർത്തിയാക്കാനുള്ള ഈശോയുടെ കുതിപ്പുയാത്രയാണത് – കുരിശിലേക്കുള്ള കുതിപ്പുയാത്ര! തന്റെ രക്ഷ ലോകാതിർത്തികൾവരെ എത്തിക്കാൻ ശിഷ്യരെ തീക്ഷ്ണമായി പ്രചോദിപ്പിക്കാനായുള്ള ഒരുക്കയാത്രകൂടിയാണത് – ലോകത്തിലേക്കുള്ള കുതിപ്പൊരുക്കയാത്ര!

**ഒരു വിവരണ അനന്യത**

മത്താ 21,1–17–ലൂടെ നാം ശ്രവിക്കുന്നത് ജറുസലേമിലേക്കുള്ള യേശുവിന്റെ സാഘോഷപ്രവേശമാണ്. ഈ വിവരണത്തിൽ സുവിശേഷകൻ പ്രവാചകവചനങ്ങളുടെ പൂർത്തീകരണത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. രണ്ടു പ്രവാചകന്മാരുടെ ഉദ്ധരണികളാണ് നാം ഇവിടെ കാണുന്നത് – ഏശ 62,11 ("സീയോൻപുത്രിയോടു പറയുക"); സഖ 9,9 ("അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്തു കയറിവരുന്നു"). മത്തായി മാത്രമേ കഴുതയെയും കഴുതക്കുട്ടിയെയും പരാമർശിക്കുന്നുള്ളൂ.

'അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു' എന്ന വാക്യത്തെ ചൂണ്ടിക്കാട്ടി, രണ്ടു മൃഗങ്ങളുടെമേൽ എങ്ങനെ ഒരേ സമയം യാത്ര ചെയ്യാനാകും എന്നു ചിലർ ചോദിച്ചുകേൾക്കാറുണ്ട്. സഖറിയായിലുള്ളത്, അക്ഷരാർത്ഥത്തിൽ, 'ആൺകഴുതപ്പുറത്ത്, പെൺകഴുതയുടെ കുട്ടിയായ കഴുതപ്പുറത്ത്' എന്നാണ്. ഒരു മൃഗത്തെ രണ്ടു രീതിയിൽ സൂചിപ്പിക്കുന്ന ആവർത്തനകവിതാതന്ത്രമാണത്. എങ്കിലും ഇംഗ്ലീഷിൽ 'and' എന്നർത്ഥം വരാവുന്ന ഹീബ്രുവിലുള്ള 'വാവ്' പ്രയോഗവും സപ്തതിയിലെ 'കായ്' പ്രയോഗവും രണ്ടു മൃഗങ്ങളായി അവയെ പരിഗണിക്കാൻ മത്തായിസുവിശേഷകനെ പ്രേരിപ്പിച്ചു എന്നുവേണം കരുതാൻ. ഈ പ്രവചനം അക്ഷരാർത്ഥത്തിൽ നിറവേറി എന്നു സ്ഥാപിക്കുകയായിരിക്കണം അദ്ദേഹത്തിന്റെ ലക്ഷ്യം. 'അവൻ അവയുടെമേൽ ഇരുന്നു' എന്നതിനെ 'വസ്ത്രങ്ങളുടെമേൽ' എന്നോ 'രണ്ടു മൃഗങ്ങളുടെമേൽ' – ഒന്നിനുശേഷം മറ്റൊന്നിന്റെമേൽ – എന്നോ മനസ്സിലാക്കാവുന്നതാണ്.

**ഓശാനയും സങ്കീർത്തനവും**

ജനക്കൂട്ടത്തിന്റെ ഓശാനവിളിയും 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ' എന്ന ഉദ്ഘോഷവും സങ്കീ 118,25.26 ൽനിന്നു കടമെടുത്തിട്ടുള്ളതാണ്. ഹല്ലേൽഗീതങ്ങൾ (സങ്കീ 113–118) യഹൂദർ പെസഹാചരണത്തിന് ഉപയോഗിച്ചിരുന്ന കീർത്തനങ്ങളാണ്. ഈജിപ്തിൽനിന്നുള്ള ഇസ്രായേലിന്റെ മോചനാനുസ്മരണമായിരുന്നല്ലോ പെസഹാചരണം. അത്തരം സങ്കീർത്തനശകലം ജറുസലേമിലേക്കുള്ള യേശുവിന്റെ സാഘോഷപ്രവേശവേളയിൽ ജനം ആർത്തുപാടിയത് ഏറെ അർത്ഥഗർഭമാണ്.

'ഞങ്ങളെ രക്ഷിക്കണമേ' എന്നർത്ഥമുള്ള 'ഹോഷിയാനാ' എന്ന ഹെബ്രായപദം യേശുവിന്റെ പേരിനോടു ചേർന്നുപോകുന്നതാണ്. 'കർത്താവു രക്ഷിക്കുന്നു' എന്നർത്ഥമുള്ള 'യഹോഷുവാ' അഥവാ 'യോഷുവാ' എന്ന നാമമാണല്ലോ ഈശോ/യേശു എന്നു നമ്മൾ ഉച്ചരിക്കുന്നത്. ഓശാന എന്നത് ആദ്യകാലത്ത് ഒരു പ്രാർത്ഥനയായിരുന്നെങ്കിൽ, പിന്നീട് അത് ഇസ്രായേൽ കാത്തിരുന്ന അഭിഷിക്തനെ അഥവാ മിശിഹായെ/ക്രിസ്തുവിനെ എതിരേല്ക്കുന്ന മുദ്രാവാക്യം വിളിയായി മാറി. ജറുസലേമിലേക്കു കടന്നുവന്ന യേശുവിനെ മിശിഹായായി ജനം തിരിച്ചറിഞ്ഞ് ഏറ്റുപറഞ്ഞതാണ് ഓശാന. റോമാഭരണത്തിൽനിന്നു തങ്ങളെ രക്ഷിക്കാനുള്ളവൻ എന്നതായിരുന്നു യേശുവിനെക്കുറിച്ചുള്ള ജനത്തിന്റെ സങ്കല്പമെങ്കിലും, ആ ഓശാനാവിളിയിലൂടെ തങ്ങളുടെ രക്ഷയുടെ കുതിപ്പിനായി, അറിയാതെയാണെങ്കിലും, യേശുവിനെ അവർ പ്രോത്സാഹിപ്പിക്കുകയായിരുന്നു!

**ഇന്നിന്റെ ഓശാന**

ഒലിവുചില്ലകൾക്കു പകരം നമുക്കു സുലഭമായ കുരുത്തോലകൾ കൈകളിലേന്തി ഓശാന പാടി നാം പ്രദക്ഷിണം ചെയ്യുമ്പോൾ നോമ്പുനോറ്റു സുന്ദരമാക്കിയ ജീവിതത്തിന്റെ വഴിത്താരയിലേക്കാണ് യേശുവിനെ ഓശാന പാടി നാം എതിരേല്ക്കുന്നത് എന്നു മറക്കരുത്. പക്ഷേ, ഇത് ഒരു ദിവസത്തിന്റെ ഏർപ്പാടല്ല. ഒന്നാമതായി, വിശുദ്ധവാരത്തിന്റെ ആരംഭം എന്ന നിലയിൽ ഈ ഓശാനപാടൽ ഈശോമിശിഹായുടെ പീഡാസഹനമരണോത്ഥാനങ്ങളുടെ തീക്ഷ്ണാനുസ്മരണത്തിലേക്കും നമ്മുടെ രക്ഷയുടെ രഹസ്യങ്ങളിലേക്കുമുള്ള സ്നേഹാർദ്രമായ ക്ഷണമാണ് നമുക്കു വച്ചുനീട്ടുന്നത്. രണ്ടാമതായി, ഓരോ ദിവ്യബലിയിലും നമ്മൾ ഓശാനഗീതം ആവർത്തിക്കുമ്പോൾ അൾത്താരയാകുന്ന ജറുസലേമിലേക്ക് സാഘോഷം എഴുന്നള്ളിവരുന്ന കർത്താവിനെ നാം സഭാമധ്യത്തിലേക്ക് എതിരേല്ക്കുകയാണ് എന്ന ഓർമ വേണം. മൂന്നാമതായി, ഓശാന ഞായറിൽ വെഞ്ചരിച്ച കുരുത്തോല സ്വഭവനത്തിലെ പ്രാർത്ഥനാമുറിയിൽ ദിവസവും നമ്മൾ കാണുമ്പോൾ നമ്മുടെ കുടുംബത്തിലേക്ക് സാഘോഷം പ്രവേശിച്ചിട്ടുള്ള കർത്താവിനെക്കുറിച്ചുള്ള സ്മരണയാലും സ്നേഹത്താലും ഉള്ളം നിറയണം. കർത്താവിനുമുമ്പിൽ വിരിച്ചിട്ട വസ്ത്രങ്ങളും തിരുമുമ്പിൽ സാനന്ദം ആടിയുലയുന്ന മരച്ചില്ലകളുമായി നമ്മുടെ വ്യക്തിപരവും കുടുംബപരവുമായ ജീവിതം മാറണം. ചുരുക്കിപ്പറഞ്ഞാൽ, ഓശാനഗീതം ജറുസലേംവീഥിയിൽനിന്ന് നമ്മുടെ തെരുവീഥികളിലേക്കും കുടുംബങ്ങളിലേക്കും ഹൃദയങ്ങളിലേക്കും പടർന്നുകയറാനുള്ളതാണ്! അതു സംഭവിച്ചാൽ പിന്നെ, നാം കുതിക്കുകയായി...

■

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ

# വളക്കട

ഒരു പദത്തിൽ ഒന്നിലധികം സ്ഥലത്ത് സന്ധി വരാം. ഒരിടത്തു സന്ധിയുള്ളതായി കണക്കാക്കിയാൽ ഒരർത്ഥവും മറ്റൊരിടത്തായാൽ മറ്റൊരർത്ഥവും ലഭിക്കും. വെള്ളമുണ്ട് എന്ന പദം വെള്ളം + ഉണ്ട് എന്നോ വെള്ള + മുണ്ട് എന്നോ പിരിച്ചെഴുതാം. ജലം ഉണ്ട് എന്നും വെളുത്ത മുണ്ട് എന്നും യഥാക്രമം അവയ്ക്കർത്ഥം. വെള്ളമുണ്ട് (വെള്ളം + ഉണ്ട്) എന്നിടത്ത് അനുസ്വാരത്തിന് 'മ'കാരാദേശവും (മകാരംതാനനുസ്വാരം/ സ്വരം ചേർന്നാൽ തെളിഞ്ഞിടും) വെള്ളമുണ്ട് (വെള്ള + മുണ്ട്) എന്നിടത്ത് സംഹിതയും സംഭവിക്കുന്നു.* ഇവിടെ വികാരമെന്യേ പദങ്ങൾ ചേർന്ന് ഒറ്റപ്പദമാകുന്നുവെന്നു വ്യക്തം.


വളം + കട = വളക്കട എന്നും വള + കട = വളക്കട എന്നും 'വളക്കട'യെ പിരിച്ചും ചേർത്തും എഴുതാം. വളം + കട = വളക്കട എന്നിടത്ത് അനുസ്വാരലോപവും 'ക'കാരദ്വിത്വവും (ലോപ-ദ്വിത്വസന്ധി?) വള+കട=വളക്കട എന്നിടത്ത് 'ക' കാരത്തിന് ഇരട്ടിപ്പും (ദ്വിത്വസന്ധി) സംഭവിക്കുന്നു. 'വളക്കട'യ്ക്ക് ദ്വയാർത്ഥം ഉണ്ടായത് പദം പകുത്തതിലെ വ്യതിയാനംകൊണ്ടു മാത്രമാണ്.


വളം + കട = വളക്കടയ്ക്ക് വളം വില്ക്കുന്ന കടയെന്നും വള + കട = വളക്കടയ്ക്ക് വള വിൽക്കുന്ന കടയെന്നും അർത്ഥം. "ഒരു കടയുടെ മുമ്പിൽ 'വളക്കട' എന്ന ബോർഡു കാണുന്നു. ഇവിടെ 'വള'യോ 'വള'മോ വില്ക്കുന്നത്? രണ്ടുമാവാം. കയറി നോക്കുക."**


കടലാടി (കടൽ + ആടി) എന്ന ശബ്ദത്തിനു വഴിയിൽ കടന്നുപോകാൻ പാടില്ലാത്തവണ്ണം അടഞ്ഞു വളർന്നുനിൽക്കുന്നത് എന്നും ഒരു ഔഷധച്ചെടി (കടലാടി – ചെറുകടലാടി) എന്നും അർത്ഥവ്യത്യാസമുണ്ടാകുന്നത് പദങ്ങളുടെ ഉള്ളിലെ സന്ധിവ്യതിയാനംകൊണ്ടാണ്. പൊന്മാൻ (King fisher)ഒരു പക്ഷിയാകുന്നിടത്തും പൊന്മാൻ (പൊൻ + മാൻ) സ്വർണനിറമുള്ള മാൻ ആകുന്നിടത്തും മേൽവിവരിച്ച സന്ധിനിയമങ്ങൾ കാണാം. മാരീചൻ പൊന്മാനായി സീതയെ മോഹിപ്പിച്ച കഥ സന്ദർഭത്തിനു ചേരും.

** നമ്പൂതിരി, ഇ.വി.എൻ., ഡോ., കേരളഭാഷാവ്യാകരണം, ഡി.സി. ബുക്സ്, കോട്ടയം, 2005, പുറം: 36.*

*** രാമചന്ദ്രൻനായർ, പന്മന, പ്രൊഫ., നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം: 487.*

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

സി.എൽ. തോമസ്
പൂഞ്ഞാർ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

സി.എൽ. തോമസ്
പൂഞ്ഞാർ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ

സി.എൽ. തോമസ്
പൂഞ്ഞാർ

# ചുരുളിയിൽനിന്ന് അഴിയുന്നത്..?

**കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രേക്ഷകപുരസ്കാരം നേടിയ 'ചുരുളി'യെക്കുറിച്ച്**




സിനിമ

ബിജോ രാജു ഗ്രേഷ്യസ്

**ക**ഴിഞ്ഞദിവസം പാലക്കാട് സമാപിച്ച കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ (IFFK), പ്രേക്ഷകപ്രീതി നേടിയ ചിത്രമാണ് വിഖ്യാത ചലച്ചിത്രകാരൻ ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത 'ചുരുളി'. തിയേറ്ററിലോ ഒടിടി പ്ലാറ്റ്ഫോമിലോ ഇനിയും എത്തിയിട്ടില്ലാത്ത ചുരുളിയുടെ മൂന്നു മിനിറ്റു മാത്രം ദൈർഘ്യമുള്ള ഒരു ട്രെയിലറെ ചുറ്റിപ്പറ്റിയുള്ള ചർച്ചകളാണ് സമൂഹമാധ്യമങ്ങളിൽ ഇപ്പോൾ വൈറലായിക്കൊണ്ടിരിക്കുന്നത്.

മൈലാടുംകുന്ന് ജോയി എന്ന ഒരു കുറ്റവാളിയെ തിരഞ്ഞു വനത്തിലെത്തുന്ന രണ്ടു പൊലീസുകാരിലൂടെയാണ് കഥാഗതി മുമ്പോട്ടു പോകുന്നത്.



ഭീകരമായ വനങ്ങളും നിഗൂഢതകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും അവിശ്വാസങ്ങളും ഇഴപിരിഞ്ഞു ചുരുണ്ടുകിടക്കുന്ന ഒന്നാണ് ചുരുളിയെന്നു കരുതേണ്ടിയിരിക്കുന്നു. സൂപ്പർതാരങ്ങളുടെ അകമ്പടികളില്ലാതെതന്നെ എല്ലാ സിനിമകൾക്കും മികച്ച ജനപിന്തുണ നേടുന്നതിൽ വിജയിച്ച ലിജോ ജോസ് പെല്ലിശ്ശേരിയെന്ന സംവിധായകന്റെ ക്രാഫ്റ്റിങ് മികവുതന്നെയാണ് ചുരുളിയുടെയും ഹൈലൈറ്റ്. കഥയ്ക്കും കഥാപാത്രങ്ങൾക്കും മുകളിൽ നിൽക്കുന്ന ഒരുതരം ഡെപിക്ഷണൽ സ്റ്റൈലാണ് ലിജോ തന്റെ മുൻ ചിത്രങ്ങളിലേതുപോലെ ചുരുളിയിലും ഉപയോഗിച്ചിരിക്കുന്നത്, തന്റേതു മാത്രമായ കാഴ്ചപ്പാടുകളുടെ ആവിഷ്കാരം, അതാണ് ലിജോ ജോസിന്റെ സിനിമ.

### സംഘടനയെ വെല്ലുവിളിച്ച് ഒരുക്കിയ ചുരുളി

കഴിഞ്ഞ പത്തുവർഷമായി മലയാളസിനിമയിൽ നിറഞ്ഞുനിൽക്കുന്ന സംവിധായകനാണ് ലിജോ ജോസ് പെല്ലിശ്ശേരി. 'നായകനി'ൽ തുടങ്ങി ആമേൻ, അങ്കമാലി ഡയറീസ്, ഈ-മ-യൗ, ജല്ലിക്കെട്ട് തുടങ്ങിയ വ്യത്യസ്ത ചിത്രങ്ങൾ ഒരുക്കിയാണ് ലിജോ ചുരുളിയിൽ എത്തിനിൽക്കുന്നത്. മേൽപ്പരാമർശിച്ച സിനിമകൾ മലയാളസിനിമാചരിത്രത്തിൽ പ്രതിപാദനപരമായ മാറ്റത്തിനു നാന്ദികുറിച്ചവയാണ്. കേരളത്തിനുപുറത്ത് ആരാധകരും അനുഭാവികളും ഏറെയുള്ള സംവിധായകരിൽ ഒരാളാണ് ലിജോ ജോസ് പെല്ലിശ്ശേരി. ആരെയെങ്കിലും പ്രീണിപ്പിക്കാനോ ഏതെങ്കിലും നിർദിഷ്ട ഫോർമാറ്റിന് അടിപ്പെട്ടോ സിനിമയെടുക്കാൻ തന്നെക്കിട്ടില്ലെന്ന് പലവട്ടം ഉറക്കെപ്പറഞ്ഞിട്ടുള്ളയാളാണ് ലിജോ ജോസ്.

### ചുരുളിയായത് 'കളിഗെമിനാറിലെ കുറ്റവാളികൾ'

ഈ സിനിമയുടെ കഥ വിനോയ് തോമസിന്റേതും ദൃശ്യഭാഷയും സംഭാഷണങ്ങളും എസ്. ഹരീഷിന്റേതുമാണ്. ഒരു അധ്യാപകൻകൂടിയായ വിനോയ് തോമസിന്റെ മുള്ളരഞ്ഞാണം എന്ന കഥാസമാഹാരത്തിലെ, 'കളിഗെമിനാറിലെ കുറ്റവാളികൾ' എന്ന കഥയിൽനിന്നാണ് ചുരുളി ഉരുത്തിരിയുന്നത്. മതവും പൗരോഹിത്യവും ആളുകളുടെമേൽ ഉണ്ടാക്കുന്ന സ്വാധീനങ്ങളാണ് ഈ കഥയുടെ ഉള്ളടക്കം.

ലിജോയുടെ ഓസ്കാർ എൻട്രി സിനിമയായിരുന്ന ജല്ലിക്കെട്ടിന്റെ തിരക്കഥാകൃത്തായ എസ്. ഹരീഷാണ് ചുരുളിക്കും തിരക്കഥയൊരുക്കിയത്. വിരണ്ടോടുന്ന ഒരു പോത്തിനൊപ്പം മിടിക്കുന്ന മനസ്സോടെ പ്രേക്ഷകനെയും പായിച്ച ജല്ലിക്കെട്ടെന്ന ആ മാസ് മരസൃഷ്ടിയ്ക്കുശേഷം, അതേ കർത്താക്കളുടെതന്നെ കൂട്ടുകെട്ടിലാണ് ചുരുളി ഒരുങ്ങിയത്. ഒരു പുസ്തകത്തിലെ ഇമേജുകളെ ബിഗ് സ്ക്രീനിലേക്കു വശ്യചാരുതയോടെ പ്ലെയ്സ് ചെയ്യുന്നതിന്റെ അപാരത ലിജോ ജോസിന്റെ പ്രത്യേകതയാണ്.

### ദൃശ്യ-ശ്രവ്യചാരുതകൾ അഴിയുന്ന ചുരുളി

ശബ്ദവും ദൃശ്യവുംകൊണ്ട് പ്രേക്ഷകരോട് എങ്ങനെയൊരു കഥ പറയാം എന്നതിനപ്പുറത്ത്, എങ്ങനെ പ്രേക്ഷകരെ കഥ അനുഭവിപ്പിക്കാം എന്നതാണ് ചുരുളിയുടെ പ്രത്യേകത. 2012 ൽ സംസ്ഥാനസർക്കാർ പുരസ്കാരം നേടിയ ഛായാഗ്രാഹകൻ മധു നീലകണ്ഠനാണ് ചുരുളിയിലെ ദൃശ്യങ്ങൾ പകർത്തിയത്. ഘോര വനത്തിന്റെ നിഗൂഢതകളും കോടമഞ്ഞിന്റെ ആവരണങ്ങളുമെല്ലാം ചുരുളിയുടെ രംഗങ്ങളിൽ മധു പ്രേക്ഷകർക്കായി ഒപ്പിയെടുത്തിട്ടുണ്ട്.

സൗണ്ട് എഫക്ടിനും വലിയ പ്രാധാന്യമുള്ള സിനിമയാണ് ചുരുളി. ശബ്ദത്തിനു മാത്രമല്ല നിശ്ശബ്ദതയ്ക്കുപോലും അതീവ പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ സിനിമയിലെ ശബ്ദലേഖനം നിർവഹിച്ചിരിക്കുന്നത്. എക്കോസ് ഓഫ് സൈലൻസ് എന്ന പോർച്ചുഗീസ് സിനിമയ്ക്കും ലിജോയുടെതന്നെ ചില സിനിമകളടക്കം ഏതാനും ഇന്ത്യൻ സിനിമകൾക്കും ശബ്ദലേഖനം നിർവഹിച്ച രംഗനാഥ് രവി എന്ന സൗണ്ട് എഞ്ചിനീയറാണ് ഈ സിനിമയ്ക്കുവേണ്ടി സ്വരഭേദങ്ങളെ ആവാഹിച്ചെടുത്തിരിക്കുന്നത്. വായുവിന്റെ ഏറ്റവും ചെറിയ കമ്പനങ്ങളെപ്പോലും ഒപ്പിയെടുത്തിരിക്കുന്ന ചുരുളിയിലെ ശബ്ദലേഖനമികവ് കേരളത്തിനു പുറത്തും ചർച്ചയാകുമെന്നും പറയപ്പെടുന്നു.

മികച്ച അഭിനയത്തിലൂടെ ചെമ്പൻ വിനോദും, വിനയ് ഫോർട്ടും, ജാഫർ ഇടുക്കിയും, ജോജു ജോർജും, ഗീതി സംഗീതയുമൊക്കെ ചുരുളിയിൽ അഭിനയസപര്യയുടെ രസവിസ്മയങ്ങൾ തീർത്തിട്ടുണ്ട്. ഇവരാരും മുഖ്യധാരാസിനിമയുടെ ഭാഗമല്ല എന്നതും ശ്രദ്ധേയമാണ്.

### ചുരുളി സാമൂഹിക-ആത്മീയ നവീകരണമോ...?

ലിജോ ജോസ് പെല്ലിശ്ശേരിയുടെ ചിത്രങ്ങളും കഥാപാത്രങ്ങളും ക്രൈസ്തവികതയെ ധ്വനിപ്പിക്കുന്നതാണെന്നാണു പൊതുവെ പറയുന്നത്. ആമേനും ഈ-മ-യൗവുമൊക്കെ അതിനു തെളിവുകളാണ്. എന്നാൽ, ഈ സിനിമയിൽ ഒരു കള്ളുഷാപ്പ് പലതരം മാനുഷികസംഗമങ്ങൾക്ക് ഇടമായി മാറുന്നതിനൊടുവിൽ പള്ളിയായി മാറുന്ന ഒരു രംഗമുണ്ടെന്നു പറയപ്പെടുന്നു. ചലച്ചിത്രമേളയിൽ സിനിമ കണ്ട പ്രേക്ഷകരിൽ പുരോഹിതനെന്നു സ്വയം പരിചയപ്പെടുത്തിയ ഒരാൾ അതിന്റെ അസ്വാഭാവികതയെക്കുറിച്ച് ലിജോ ജോസിനോടു ചോദിക്കുമ്പോൾ അതിനു മറുപടിയായി അദ്ദേഹം പറയുന്നത്, എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടിവരുന്നവരുടെ നടുവിൽ ഞാനുണ്ട് എന്ന ബൈബിൾവാക്യമാണ്. മാത്രമല്ല, ഇതിനു സമൂഹത്തിൽ രണ്ട് അഭിപ്രായമുണ്ടാകുവാൻ സാധ്യതയുണ്ടെന്നും ലിജോ കൂട്ടിച്ചേർക്കുന്നുണ്ട്. പ്രസ്തുത പുരോഹിതൻതന്നെയാണ് ചുരുളി ഒരു സോഷ്യൽ-സ്പിരിചൽ റിഫോർമേഷൻ പോലെയാണെന്ന് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടിയായി പറഞ്ഞത്.

മിത്തോളജിയുടെ ഒരുതരം നിഗൂഢപരിവേഷമുള്ളതും അമാനുഷികവുമായ പല എലമെന്റ്സും ചുരുളിയുടെ കഥാഗതിക്ക് അനുസൃതമായി നമുക്ക് ദർശിക്കാനാകുന്നുണ്ട്. ചുരുളിയെന്ന ഈ സിനിമയിലൂടെ പച്ചയായ മനുഷ്യന്റെ നൈസർഗികദൗർബല്യങ്ങളും സ്വഭാവരീതികളും ലഹരികളും അവരുടെ വ്യവഹാരഭാഷകളുമൊക്കെയാണ് അവതരിപ്പിച്ചിരിക്കുന്നത്. അത്യാധുനികതയുടെ വേഗത്തിനൊപ്പം നീങ്ങുന്ന നഗരജീവികൾക്ക് അതു കാണുമ്പോൾ ഭാവപ്പകർച്ച ഉണ്ടായേക്കാം, പക്ഷേ, കൊടുംകാടുകളും അവിടെ ജീവിക്കുന്ന മനുഷ്യരും അവരുടെതായ ന്യായങ്ങളും ഈ ഭൂമിയിൽ യാഥാർത്ഥ്യമാണെന്നത് വിസ്മരിക്കാനാകില്ല.

കഥയുടെയും അത് അവതരിപ്പിച്ചിരിക്കുന്നതിന്റെയും പുതുമകൊണ്ട് ചുരുളി ഇതിനോടകം പ്രേക്ഷകപ്രശംസ ഏറ്റുവാങ്ങിയിരിക്കുകയാണ്. സംവിധായകൻ പറഞ്ഞതുപോലെ ഇതിലെ ചില രംഗങ്ങൾ വിവാദമാകാൻ സാധ്യതയുണ്ടോ...? ശരിതെറ്റുകൾ ആരാഞ്ഞറിയാൻ സിനിമ പുറത്തിറങ്ങുന്നതുവരെ കാത്തിരിക്കേണ്ടതുണ്ട്.


■




## ഈ നോമ്പിൽ

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. ജെയ്സൺ ഇഞ്ചത്താനത്ത് CST |
| പ്രസാധനം | : പാവനാത്മ പബ്ലിഷേഴ്സ്, കോഴിക്കോട് |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 150 രൂപ |

നമ്മെ നവീകരിക്കാനും പ്രചോദിപ്പിക്കാനും തിരുത്താനുമൊക്കെ ഈ കൃതി കാരണമാകുന്നു. അപ്പോൾ നാം ചിലപ്പോഴെങ്കിലും ആഗ്രഹിച്ചുപോകുകയും ചെയ്യും ജീവിതം മുഴുവൻ നോമ്പുകാലമായിരുന്നെങ്കിൽ എന്ന്.




## വിശുദ്ധ യൗസേപ്പ്

| | |
|---|---|
| ഗ്രന്ഥകർത്താ | : വിനായക് നിർമ്മൽ |
| പ്രസാധനം | : പാവനാത്മ പബ്ലിഷേഴ്സ്, കോഴിക്കോട് |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 100 രൂപ |

വി. യൗസേപ്പിതാവിന്റെ ചരിത്രവും വിശുദ്ധനെക്കുറിച്ചുള്ള നിരീക്ഷണങ്ങളും വിശുദ്ധനോടുള്ള പ്രാർത്ഥനകളും ചേർന്ന അത്യപൂർവ്വമായ കൃതി.



Deepanalam Weekly

RNI No : 16998/68
Vol. 54 No. 4 Date of Publication 18 March 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും



LITHOS PAVING TILES

ISO 9001:2015



**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008





ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

KTS PRODUCTS

ISO 9001-2008 Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!




# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842, 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org